# അദ്ധ്യായം 5

# ഒരു പാലം: സമാധാനമെന്ന അനുഗ്രഹം

അഞ്ചാം അദ്ധ്യായം പൗലൊസിന്റെ ചിന്തയുടെ മുന്നേറ്റത്തിൽ എങ്ങനെ ചേർക്കാം? വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ചുള്ള ഉപദേശം അതിന്റെ ഉച്ചസ്ഥായിയിൽ എത്തുന്നത് അഞ്ചാം അദ്ധ്യായത്തിൽ ആണെന്നത്രെ. അതെ സമയം ചിലർ 5-ാം അദ്ധ്യായത്തെ ശുദ്ധീകരണത്തെക്കുറിച്ചുള്ള മറ്റെ അദ്ധ്യായങ്ങളോടും ചേർത്തു പറയുന്നു. എന്റെ അഭിപ്രായത്തിൽ റോമർ അഞ്ച് രണ്ടു വിഷയങ്ങളുടെയും ഇടയ്ക്കുള്ള ഒരു പാലത്തിന്റെ ജോലി ചെയ്യുന്നതായി കണക്കാക്കാം.

3:21-4:25 വരെയുള്ള ഭാഗങ്ങളിൽ പൗലൊസ് തിരുവചനവും യുക്തിയും ചേർത്ത് നീതീകരണം വിശ്വാസത്താലാണെന്ന് പഠിപ്പിച്ചു. ആ തത്വം ഉറപ്പിച്ചതിനു ശേഷം നീതീകരണം മൂലമുള്ള അനുഗ്രഹങ്ങൾ എന്തെല്ലാമാണെന്നു പറയുവാൻ ഒരുങ്ങിയിരിക്കുന്നു. വില്യം ബാർക്ലേ പറയുന്നത് റോമർ 5ന്റെ ആദ്യഭാഗം പൗലോസിന്റെ ദൈവത്തോടുള്ള അടുത്ത സഖിത്വത്തിന്റെയും ഉറച്ച ആശ്രയത്തിന്റെയും ആയ ഒരു സന്തോഷത്തിന്റെ പാട്ടു, ഒരു ഗീതം ആണെന്നത്രെ. ആർ. സി. ബെൻ പറയുന്നത്. ''ക്രിസ്ത്യാനിത്വത്തിന്റെ അതിരില്ലാത്ത പ്രഭുല്ലതയെ കാണിയ്ക്കുന്ന വേറൊരു വേദഭാഗം ഇല്ലതന്നെ.''[2]

### യേശുക്രിസ്തുവിൽ കൂടി ദൈവത്തോടു സമാധാനം (5:1-11)

ഇത്രയധികം കഷ്ടങ്ങളെ അതിജീവിക്കുവാൻ പൗലൊസിന് സാധിച്ചത് എങ്ങനെയാണെന്ന് മനസ്സിലാക്കുവാൻ അതു സഹിക്കുക മാത്രമല്ല അവയുടെ മേൽ ജയിച്ചു കയറുവാൻ പൗലൊസിന് സാധിച്ചത് എങ്ങനെയെന്ന് മനസ്സിലാക്കുവാൻ ഈ വേദഭാഗം സഹായകരമാണ് (2 കൊരി. 11:23-29), റോമർ 8:37കൂടെ കാണുക. എത്ര വലിയ കഷ്ടപ്പാടിനെ അഭിമുഖീകരിച്ചാലും തനിക്ക് സമാധാനവും പ്രത്യാശയും ഉണ്ടായിരുന്നു (5:1, 2, 4, 5). ദൈവം തന്നെ സ്നേഹിക്കുന്നു എന്ന് പൗലൊസിന് അറിയാമായിരുന്നു (5:5-9). അവന്റെ ശത്രുക്കൾ അവനെ കൊന്നാലും അവൻ നിത്യമായി രക്ഷപെട്ടിരിക്കയാണെന്ന് അവൻ അറിഞ്ഞിരുന്നു. അവൻ മഹത്വത്തിൽ ദൈവത്തോടുകൂടെയായിരിക്കുമെന്ന് അറിയാമായിരുന്നു (5:2, 9, 10).

#### വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു (5:1-5)

**1വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്. 2നാം നില്ക്കുന്ന ഈ കൃപയിലേക്ക് നമുക്ക് അവന്മൂലം വിശ്വാസത്താൽ പ്രവേശനം ലഭിച്ചി**

**തിക്കുന്നു. നാം ദൈവതേജസിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു. [3]അതു തന്നെ അല്ല, കഷ്ടത സഹിഷ്ണതയേയും സഹിഷ്ണത സിദ്ധതയേയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് [4]നാം കഷ്ടതയിലും പ്രശംസിക്കുന്നു. പ്രത്യാശക്കോ ഭംഗം വരുന്നില്ല. [5]ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.**

**വാക്യം 1** പൗലൊസ് തുടങ്ങുന്നു. ''**വിശ്വാസത്താൽ നീതീകരിക്കപ്പെട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോടു സമാധാനമുണ്ട്.**'' ''അതുകൊണ്ട്'' എന്നു തുടങ്ങുന്നതിന്റെ അർത്ഥം ഈ അദ്ധ്യായത്തിൽ പറയുവാനുള്ളതെല്ലാം ഇതുവരെ കഴിഞ്ഞ അദ്ധ്യായങ്ങളിൽ നീതീകരണത്തെക്കുറിച്ച് പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തിയാണ് എന്നതത്രെ. നിയമം-പ്രവർത്തി എന്ന വ്യവസ്ഥ വ്യർത്ഥതയും സംശയവും ജനിപ്പിക്കുന്നതിനാലും നമുക്ക് പരിപൂർണ്ണമായി ന്യായപ്രമാണം പാലിക്കുവാൻ സാധിക്കാത്തതിനാലും ദൈവത്തിന്റെ കൃപ - വിശ്വാസം എന്ന വ്യവസ്ഥ നമുക്ക് സമാധാനം നല്കുന്നു.

പല പഴയ കൈയ്യെഴുത്തു പ്രതികളിലും നമുക്കു സമാധാനം ഉണ്ട് എന്ന് പറഞ്ഞിരിക്കുന്ന സ്ഥാനത്ത്. നമുക്കു സമാധാനം ഉണ്ടാകട്ടെ എന്നാണ് ἔχωμεν (*echōmen*), ἔχομεν (*echomen*). ഇതു രണ്ടും തമ്മിലുള്ള വ്യത്യാസം ഒരു അക്ഷരം മാത്രമാണ് [(ω, *ō*) (ο, *o*)]. അതേ പരിഭാഷക്കാരും ചിന്തിക്കുന്നത്. അതിന്റെ സാഹചര്യം ഒരു പ്രബോധനമല്ല പിന്നെയോ ഒരു പ്രസ്താവനയാണെന്നുതന്നെയാണ്.

ദൈവത്തോടുള്ള സമാധാനം എന്നു വാക്യാംശം (ുവൃമലെ) ഒരു ൌയഷലരശേല ഉലലഹശിഴ അല്ല ഛയഷലരശേല ്യൌവേ ആണ് തരുന്നത്. നാം നീതീകരിയ്ക്കപ്പെട്ടതുകൊണ്ട് നാം ദൈവത്തോട് നിരപ്പായിരിക്കുന്നു (5:10, 11). നാം മേലിൽ ദൈവത്തിന്റെ ശത്രുക്കളല്ല; ദൈവത്തിന്റെ സ്നേഹിതരാണ്. ശത്രുതയെല്ലാം കഴിഞ്ഞു പോയി. സമാധാന സന്ധി ഒപ്പുവെച്ചു കഴിഞ്ഞു.[3]

ദൈവത്തോടു സമാധാനമായതിനാൽ നമുക്കു ദൈവസമാധാനം ആസ്വദിപ്പാൻ സാധിക്കും. അത് സകല ബുദ്ധിയേയും കവിയുന്ന സമാധാനമാണ് (ഫിലി. 4:7). മാനുഷികമായ സകലബുദ്ധിയ്ക്കും അതീതമായ സമാധാനമാണ്. അത് ലോകത്തിൽ എല്ലാ കാര്യങ്ങളും ശരിയായതിന്റെ ഫലമായിട്ടുള്ളതല്ല. അത് വൈകാരിക തൃപ്തിയെക്കാൾ കൂടിയതാണ്. ആ സമാധാനത്തിന്റെ ഉത്ഭവം ദൈവത്തോടുള്ള ഐക്യ മനോഭാവത്തിൽ നിന്നുണ്ടാകുന്നു. ബാഹ്യമായ സാഹചര്യങ്ങൾ എന്തു തന്നെ ആയിരുന്നാലും നമുക്ക് തൃപ്തി നല്കുന്ന ഒരു സമാധാനമാണ് (5:3, 4). നാം ക്രിസ്ത്യാനികൾ ആയിരിക്കയും ദൈവസമാധാനം നമ്മിൽ ഇല്ലാതെയിരിക്കയും ചെയ്താൽ ഒരു പക്ഷേ അതിനുകാരണം നാം ദൈവീകസമാധാനത്തെ പൂർണ്ണമായി വിലമതിക്കാത്തതുകൊണ്ടായിരിക്കാം.

ദൈവത്തോടുള്ള ഈ സമാധാനം നമുക്ക് **നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ കൂടെയാണുള്ളത്**. ദൈവത്തോടു സമാധാനമുള്ളത് നമ്മെ തന്റെ പിതാവിനോടു നിരപ്പിക്കുവാൻ യേശു മരിച്ചതുകൊണ്ടാണ് (5:6–8, 10, 11). ഈ ഭാഗത്ത് പൗലൊസ് വീണ്ടും വീണ്ടും ആവർത്തിച്ചു പറയുന്നത് ഈ അനുഗ്രഹങ്ങൾ ക്രിസ്തുവിൽ കൂടെയാണെന്നാണ് 5:1, 2, 9–11).

**വാക്യം 2**. ഈ വാക്യം അപ്പൊസ്തലന്റെ ''അതിൽ കൂടെ'' എന്ന

പ്രസ്താവനകളിലൊന്നായി ആരംഭിക്കുന്നു. **നാം നില്ക്കുന്ന ഈ കൃപയിലേക്ക് അവന്മൂലം നമുക്ക് പ്രവേശനം ലഭിച്ചിരിക്കുന്നു?** വാക്യം 1-ൽ, അവൻ എന്നത് യേശുക്രിസ്തുവിനെ കുറിക്കുന്നു. കൂടുതലായ അനുഗ്രഹങ്ങളും അവമൂലം ലഭിച്ചിരിക്കുന്നതായി സൂചിപ്പിച്ചിരിക്കുന്നു.

"കൃപയിലേക്ക് പ്രവേശനം" എന്നത് ഗ്രീക്കു ഭാഷയിൽ പ്രൊസാഗോ προσαγωγή (*prosagōgē*) എന്ന വാക്കിനർത്ഥം ഒരാളുടെ സന്നിധിയിലേക്കു കൊണ്ടുവരിക എന്നർത്ഥം വരുന്ന വാക്കുകളിലാണ്. സാമാന്യ സാഹിത്യത്തിൽ വലിയ രാജാവുമായുള്ള കൂടിക്കാഴ്ചയ്ക്കായി കൊണ്ടുവരപ്പെട്ടു എന്ന് ചിലപ്പോൾ ഉപയോഗിച്ചിട്ടുണ്ട്.[4] യേശു നമ്മെ ദൈവസിംഹാസന മുറിയിലേക്ക് കൂട്ടിക്കൊണ്ട്വന്ന് മുഖത്ത് പുഞ്ചിരിയോടുകൂടി പറയുകയാണ് "ഞാൻ എന്റെ സ്നേഹിതനെ അങ്ങേക്കു പരിചയപ്പെടുത്തട്ടെ!"

നമ്മുടെ പ്രവേശനം എന്നതിനപ്പുറമായി പല പരിഭാഷകളിലും προσάγω (*prosagō*) നെ പ്രവേശം എന്ന് പരിഭാഷപ്പെടുത്തിയിട്ടുണ്ട് (KJV; NKJV; NIV; NRSV; ESV). അത് അടുക്കുന്നതിനുള്ള വഴി എന്ന അർത്ഥം കൊടുത്തിട്ടുള്ളതിനാലാണ്. അതു ശരിയാണെങ്കിൽ യേശുവിനെ ദൈവത്തിങ്കലേക്കുള്ള വഴിയായി ചിത്രീകരിക്കാം (ഞാൻ വാതിലാകുന്നു (യോഹ. 10:7, 9).

പൗലൊസ് പറയുന്നത് നമുക്കു പ്രവേശനം കൃപയിലേക്ക് ലഭിച്ചിരിക്കുന്നത് വിശ്വാസത്താലാണ്. ആ ഭാഗം എടുത്തുപറഞ്ഞിട്ടില്ല. കൃപ എന്ന വാക്ക് അസാധാരണമായ വിധത്തിൽ ഉപയോഗിച്ചിരിക്കുന്നു. സാധാരണയായി നാം 'കൃപ' (χάρις, *charis*) എന്നു പറയുമ്പോൾ നാം രക്ഷിയ്ക്കപ്പെട്ട ക്രിസ്ത്യാനികളാകുമ്പോൾ നമ്മുടെ കുറ്റത്തിൽ നിന്നും രക്ഷപെടുത്തുന്ന കൃപയെക്കുറിച്ചാണ് ചിന്തിക്കുന്നത്.[6] ഇവിടെ കൃപ എന്നത് കൃപ എന്ന ഒരു അവസ്ഥയെക്കുറിച്ചാണ്. അതിലേക്ക് നമ്മെ പ്രവേശിപ്പിച്ചു. അത് നാം നീതീകരിയ്ക്കപ്പെട്ടപ്പോഴാണ്. NEB ദൈവകൃപയുടെ മേഖല എന്നും അആയിൽ ദൈവാനുകൂലത്തിന്റെ അവസ്ഥ എന്നും വിളിക്കുന്നു.

നമുക്ക് രക്ഷിക്കപ്പെടുവാൻ മാത്രമല്ല കൃപ ആവശ്യമുള്ളത്. രക്ഷയിൽ നിലനില്ക്കുവാനും കൃപ ആവശ്യമാണ്. ക്രിസ്ത്യാനി എന്ന നിലയിൽ നാം അനുഭവിക്കുന്ന ഒരു അനുഗ്രഹവും സമ്പാദിപ്പാനോ, നേടിയെടുക്കുവാനോ അർഹതയുണ്ടെന്നു പറവാനോ സാദ്ധ്യമല്ല. ദിനംതോറും വേണ്ടതെല്ലാം കൃപയാലാണ് ലഭിക്കുന്നത്. നാം വീണ്ടും പാപം ചെയ്തുപോകുന്നു. പാപക്ഷമ കൃപയാലാണ് ലഭിക്കുന്നത്. ഓരോ ദിവസവും ജീവിക്കുവാനുള്ള ബലവും കൃപയാൽ ലഭിക്കുന്നു. ജോൺ ന്യൂട്ടൺ പാട്ടിൽ ഇങ്ങനെയെഴുതുന്നു "കൃപ എന്നെ ഇവിടത്തോളം കൊണ്ടുവന്നു. കൃപ എന്നെ വീട്ടിൽ എത്തുവോളം നടത്തും"[7]

നാം നിൽക്കുന്നു എന്ന് പൗലൊസ് പറഞ്ഞു. അത്ഭുതകരമായ കൃപയുടെ അവസ്ഥയിലേക്ക് നീതീകരണം നമ്മെ കൊണ്ടുവരുന്നു. "നാം നില്ക്കുന്നു (ἵστημι, *histēmi*)" എന്നുള്ള വാക്യാംശത്തിൽ പൗലൊസ് ഉദ്ദേശിച്ചതിൽ കൂടുതൽ ഉൾകൊള്ളിക്കുവാൻ ശ്രമിക്കുന്നു. ചിലർ വ്യാഖ്യാനിക്കുന്നത് "നാം നില്ക്കുന്നു" എന്നതിന്റെ അർത്ഥം കൃപയിലുള്ള നമ്മുടെ സ്ഥാനം അതിൽ നിന്നും വീണുപോകുവാൻ സാധിക്കാതവണ്ണം അത് സ്ഥിരമായ ഒരു നിലനില്പാണെന്നാണ്. കൃപയിൽ നിന്നും വീണുപോയ ചിലരെക്കുറിച്ച് പൗലൊസ് തന്റെ ലേഖനങ്ങളിൽ എഴുതിയിട്ടുപോലും അവർ ആ വ്യാഖ്യാനം തന്നെ ശരിയെന്ന് (ഗലാ.5:4; 1 കൊരി. 10:12) ശാഠ്യം പിടിക്കുന്നു.

നീതീകരണമാണ് നമ്മെ ഈ ആശ്ചര്യകരമായ കൃപയുടെ അവസ്ഥയിലേക്ക് കൊണ്ടുവന്നത്. നാം അതിൽ നില്ക്കുന്നു എന്നാണ്. പൗലൊസ് പറയുന്നത്. "നില്ക്കുന്ന ഈ കൃപ" നിൽക്കുന്നു എന്ന പദം സ്ഥിരമായ നിൽപ്പിനെ കാണിക്കുന്നു (എഫെ. 6:13, 14). കൃപ പ്രാപിക്കുന്നതിനു മുമ്പേ നാം സ്വാതന്ത്ര്യമുള്ള ധാർമ്മിക ആളുകളായിരുന്നു. കൃപ പ്രാപിച്ചശേഷവും നാം അങ്ങനെതന്നെ സ്വതന്ത്രധാർമ്മിക ആളുകൾതന്നെയാണ്. മുൻപ് കൃപയെ സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യുവാൻ കഴിവുണ്ടായിരുന്നെങ്കിൽ ഇപ്പോഴും കഴിയും. അങ്ങനെ പൗലൊസ് തിമോഥെയോസിനെ ഉപദേശിക്കുന്നു. ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക. 2 തിമോ. 2:1. പത്രൊസ് തന്റെ വായനക്കാരോട് കൃപയിൽ വളരുവാൻ ഉപദേശിക്കുന്നു (2 പത്രൊസ് 3:18).

'നിൽക്കുന്ന കൃപ' എന്നതിൽ അതിലുള്ളതിൽ കൂടുതൽ ഒന്നും ചേർക്കണ്ട. കുറയ്ക്കുകയും വേണ്ട ആ വാക്കുകൾ ഉറപ്പിയ്ക്കലും നിശ്ചയവും കൊണ്ടുനിറഞ്ഞവയാണ്. ABയിൽ നാം സുരക്ഷിതമായും ഉറച്ചും നില്ക്കുന്നു. എന്നാണ്. റോമർ 8:31-ൽ പൗലൊസ് ശക്തിയുക്തം പറയുന്നു. 'ദൈവം നമുക്ക് അനുകൂലം' എന്ന്. നമ്മുടെ പക്ഷത്തേക്ക് അവൻ നേരത്തെ ആയിരിക്കുന്നു. നമ്മെ നശിപ്പിക്കുവാൻ അവൻ ഒരു നാളും മനസ്സുവെക്കുകയില്ല. നമ്മെ വിടുവിപ്പാനെ ശ്രമിക്കയുള്ളൂ. നമുക്ക് ദൈവത്തോടു പുറം തിരിയാൻ കഴിയും ചിലർ അങ്ങനെ ചെയ്യുന്നുണ്ട് എന്ന് സങ്കടകരമായി പറയേണ്ടിവരുന്നു. നാം ക്രിസ്തുവിൽ വിശ്വസിക്കുകയും ആ വിശ്വാസം അനുസരണത്തിൽ കൂടി വെളിപ്പെടുത്തുകയും ചെയ്താൽ നാം ദൈവകൃപയുടെ മേഖലയിൽ തന്നെ നിലനിൽക്കും. ദൈവത്തിനു പ്രസാദമുള്ള നിലയിൽ നിൽക്കും. അത് നമുക്ക് സമാധാനം വരുത്തുന്നില്ലെങ്കിൽ പിന്നെ യാതൊന്നിനും കഴിയുകയില്ല.

ദൈവകൃപയുടെ ഫലമായും അതു വരുത്തുന്ന സമാധാനത്തിന്റെ ഫലമായും **നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു.** 5:1-11 വരെയുള്ള ഭാഗത്ത് നാം പ്രശംസിക്കുന്നു എന്നു മൂന്നുസ്ഥലത്ത് പറയുന്നുണ്ട് (5:2, 3, 11). ഇന്ന് അത് സാധാരണയായി ഉപയോഗിക്കുന്ന വാക്കല്ല NIV യിൽ. ഈ സ്ഥാനത്ത് സന്തോഷിക്കുന്നു എന്നാണ് ഉപയോഗിച്ചിട്ടുള്ളത്. "മതിമറന്നാഹ്ലാദി ക്കുക", "ആനന്ദിക്കുക"എന്ന് ഭാഷാന്തരം ചെയ്തിട്ടുള്ള വാക്കിന്റെ ഗ്രീക്ക് പദം, ഈ ലേഖനത്തിൽ മുൻപ് തർജ്ജമ ചെയ്തിട്ടുള്ളത് "ആത്മപ്രശംസ നടത്തുക" (καυχάομαι, *kauchaomai*) എന്നാണ് (2:17, 23; 3:27; 4:2). ചില പരിഭാഷകളിൽ ആ വാക്ക് തന്നെ ഇവിടെയും ഉപയോഗിക്കുന്നുണ്ട് (NRSV; CJB; JB)." പ്രശംസിക്കുന്നത് നാം ചെയ്ത പ്രവർത്തികളെക്കുറിച്ച് ആകാൻ പാടില്ല. ദൈവം ചെയ്ത പ്രവർത്തിയെകുറിച്ച് നമുക്കു പ്രശംസിക്കാം (1 കൊരി. 1:31). 5:11-ൽ പൗലൊസ് പറയുന്നു നാം ദൈവത്തിൽ പ്രശംസിക്കുന്നു. 15, 17 വാക്യങ്ങളിൽ ക്രിസ്തുയേശുവിൽകൂടി ദൈവകാര്യങ്ങളിൽ പ്രശംസിക്കുവാനുള്ള കാരണം കണ്ടെത്തി. നമ്മിൽ ചിലർക്ക് സന്തോഷിക്കുന്നു എന്ന പദമാണ് കൂടുതൽ ആശ്വാസപ്രദമായത്.

പ്രത്യാശയിൽ പ്രശംസിക്കുന്നു എന്ന് പൗലൊസ് പറഞ്ഞു (ἐλπίς, *elpis*). വേദപുസ്തകത്തിലെ പ്രത്യാശ എന്ന വാക്ക് വെറും ഒരു ആഗ്രഹവും ചിന്തയുമല്ല. അത് ആഗ്രഹവും പ്രതീക്ഷയുമാണ്. വില്യം ബാർക്ലേയുടെ വിവരണം ഇങ്ങനെയാണ്. ക്രിസ്ത്യാനിയുടെ പ്രത്യാശ എന്നാൽ വിറച്ചുകൊണ്ട് തടസ്സപ്പെട്ടുള്ള ഒരു ആശയല്ല. ദൈവത്തിന്റെ വാഗ്ദത്തം സത്യമായിരിയ്ക്കാം എന്നുകൂടി പറയുന്നതുമല്ല. പിന്നെയോ ഇതല്ലാതെ മറ്റൊന്നുമല്ല എന്ന് ഉറപ്പായ

നിശ്ചയത്തോടകൂടിയുള്ള പ്രത്യാശയാണ്. എബ്രായ ലേഖനകർത്താവ് പറയുന്നത് നമ്മുടെ പ്രത്യാശ ആത്മാവിന്റെ നങ്കൂരമാണ്.[8] അത് നിശ്ചയവും സ്ഥിരവും തിരശ്ശീലയ്ക്കകത്തേക്കു കടക്കുന്നതും ആകുന്നു (എബ്രാ. 6:19).

തുടർന്നു പൗലൊസ് എഴുതുന്നത് നമ്മുടെ പ്രത്യാശ ദൈവത്തിന്റെ തേജസ്സിൽ (δόξα, doxa) ആകുന്നു. അത് ഒരു പക്ഷേ ഒരിക്കൽ ഭാവിയിൽ നാം കാണാൻ ആഗ്രഹിക്കുന്ന ദൈവമഹത്വത്തെക്കുറിച്ചായിരിക്കും (മർക്കോ. 13:26; തീത്തോ. 2:13). അത് ഒരിക്കൽ ദൈവത്തിന്റെ മഹത്വത്തിന്റെ പങ്കാളിയായി തീരുന്നതിനെക്കുറിച്ചായിരിക്കും (8:18; 9:23). വേറൊരു രീതിയിൽ പറഞ്ഞാൽ ദൈവമഹത്വം എന്നതിന് ദൈവത്തിന്റെ മഹത്വത്തിന്റെ പ്രതിച്ഛായയായി തീരാനുള്ള പ്രത്യാശ എന്നും ചിന്തിയ്ക്കാം. റോമർ 8:17ൽ നാം അവനോടുകൂടെ തേജസ്ക്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടം അനുഭവിച്ചാലത്രെ (8:18; 9:23). മനുഷ്യ വർഗ്ഗത്തെ സൃഷ്ടിച്ചത് ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശത്തിലും ആണല്ലോ (1 കൊരി. 11:7; ഉല്പത്തി1 :26, 27; 9:6, യാക്കോ. 3:9). എന്നാൽ മനുഷ്യവർഗ്ഗം ഒരു തകർന്ന രൂപമായി പാപം നിറഞ്ഞവർ അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപ സാദൃശ്യമാക്കി മാറ്റിക്കളഞ്ഞു (റോമ. 1:23). എന്നാൽ ക്രിസ്തുവിൽകൂടി നമുക്ക് ദൈവത്തിനു നമ്മെക്കുറിച്ചു മനസ്സിലുള്ളതെല്ലാം ആയിത്തീരാം. മേല്പറഞ്ഞ എല്ലാറ്റിന്മേലും ദൈവമഹത്വം ചുറ്റപ്പെടുവാൻ സാധിക്കും.

**വാക്യം 3.** പൗലൊസിന്റെ വായനക്കാർ തന്റെ ദൈവത്തോടു സമാധാനം ഉണ്ടെന്നു പറഞ്ഞതിനെ(5:1)ക്കുറിച്ച് അവർ ചിന്തിച്ചുകാണും. എല്ലാം നന്നായി പോകുന്നിടത്തോളം സമാധാനം സന്തോഷം പ്രത്യാശ ഇവയൊക്കെ ഉണ്ടായിരിക്കും. എന്നാൽ കഷ്ടകാലം വന്നാൽ എങ്ങനെയാകും. പൗലൊസ് എല്ലാം താൻ തന്നെ അനുഭവിച്ചിരുന്നു എന്ന് പുതിയ വിശ്വാസികളോടും പൗലൊസ് പറഞ്ഞിരുന്നു. ‘‘നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു (അ.പ്രവൃത്തി. 14:22) എന്ന് യേശു തന്നെ ശിഷ്യന്മാരോട് ‘‘ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്’’ എന്നു പറഞ്ഞിരുന്നു (യോഹ. 16:23). റോമയിലെ ക്രിസ്ത്യാനികൾ കഷ്ടങ്ങൾ അനുഭവിച്ചിട്ടില്ല എങ്കിൽ ഭാവിയിൽ അനുഭവിക്കേണ്ടിവരും (2 തിമോ. 3:12).

മൂന്നാം വാക്യം ഇങ്ങനെ തുടങ്ങുന്നു. **അതുതന്നെയല്ല;** (നല്ലകാലത്തു മാത്രമല്ല നാം സന്തോഷിക്കുന്നത്) **നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.** കഷ്ടങ്ങൾ തിലിപ്സ് θλῖψις (*thlipsis*) എന്ന വാക്കിൽ നിന്നാണ് ഞെക്കിപ്പിഴിയുന്ന സമ്മർദ്ദം (അതായത് ഒലിവിന്റെ എണ്ണയും മുന്തിരിപ്പഴത്തിന്റെ ചാറും എടുക്കുന്ന തരത്തിലുള്ള കഷ്ടങ്ങൾ എന്നർത്ഥം) പുതിയ നിയമത്തിൽ കഷ്ടങ്ങൾ എന്നത് വിഷമങ്ങൾ ഉണ്ടാക്കുന്ന ഉപദ്രവങ്ങൾ എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു.[10] കഷ്ടങ്ങളെക്കുറിച്ച് അആയിൽ സമ്മർദ്ദങ്ങളും പീഡനങ്ങളും പ്രയാസങ്ങളും എന്ന് പറഞ്ഞിരിക്കുന്നു. ക്രിസ്ത്യാനിക്ക് പല കാര്യങ്ങളാൽ സമ്മർദ്ദമുണ്ടാകാം. ഏകാന്തത, ദുഷ്കീർത്തി, ദുഃഖങ്ങൾ, ദാരിദ്ര്യം, പീഢകൾ ഇവയാൽ സമ്മർദ്ദമുണ്ടാകാം.[11] ലോകചരിത്രത്തിൽ പല ഘട്ടങ്ങളിലും ‘കഷ്ടങ്ങൾ’ മരണഭയവും ആയിത്തീർന്നിട്ടുണ്ട്.

കഷ്ടങ്ങളിൽ എങ്ങനെ സന്തോഷിയ്ക്കുവാൻ സാധിക്കുമെന്ന് സംഭവങ്ങളുടെ ഒരു പരമ്പരതന്നെ ഒരു ബാഹ്യരേഖയായി പൗലൊസ് വിശദീകരിച്ചു കൊടുത്തു. **കഷ്ടത സഹിഷ്ണുതയെ ഉളവാക്കുന്നു എന്ന് വിശ്വാസത്താൽ**

**അറിയുന്നു**. സഹിഷ്ണുത എന്നത് ὑπομονή (*hupomonē*) നിലനില്ക്കുക ὑπό (*hupo*), എന്നർത്ഥം വരുന്ന μένω (*menō*), എന്ന ഗ്രീക്കു വാക്കിൽ നിന്നാണ്. വിഷമകരമായ സാഹചര്യത്തിൻ കീഴെ നിലനില്ക്കുക എന്ന ആശയം കാണിക്കുന്നു. എന്തു സംഭവിച്ചാലും സ്ഥിരമായി മാറാതെ ഉറപ്പോടുകൂടെ നിൽക്കാനുള്ള കഴിവിനെയാണുദ്ദേശിക്കുന്നത്. മുമ്പോട്ട് പോകേണ്ടതിന് ബാർക്ലേ അതിനെ ളീൃശേഭൗേല എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. സഹന ശക്തി, മനക്കരുത്ത്, ധീരമായ എന്നൊക്കെ സഹിഷ്ണണുതയെ മനസ്സിലാക്കണം. വരുന്നത് വരട്ടെ എന്നു വിചാരിച്ച് വെറുതെയങ്ങു സഹിക്കുകയല്ല. നല്ല ചുറുചുറുക്കോടും കൂടി വരുന്ന കഷ്ടങ്ങളെ എതിരിട്ടു ജയിച്ചു മുന്നേറുകയാണ് വേണ്ടത്.[12]

**വാക്യം 4**. സഹിഷ്ണുത സിദ്ധതതയെ ഉളവാക്കുന്നു. **സിദ്ധത** എന്നത് ശുദ്ധമായും പുതിയനിയമത്തിൽ പൗലൊസിന്റെ വാക്കാണ്. പരിശോധിക്കുക എന്നതിനോടു ബന്ധമുണ്ട്. പരിശോധിയ്ക്കപ്പെട്ട δοκιμή (*dokimē*) എന്ന അർത്ഥം ഉണ്ടാകുന്നു.[13] ഒരിക്കലും ഒരു ബുദ്ധിമുട്ടും ഗൗരവമായ പ്രശ്നങ്ങളൊന്നും അനുഭവിയ്ക്കാത്ത ക്രിസ്ത്യാനി പരിശോധിയ്ക്കപ്പെടാത്തവനാണ്. ദൈവസഹായത്താൽ പരീക്ഷകളെയും പരിശോധനകളെയും δοκιμάζω [*dokimazō*] വിജയകരമായി അഭിമുഖീകരിച്ച ക്രിസ്ത്യാനി പരിശോധിയ്ക്കപ്പെട്ട് തെളിഞ്ഞവനാണ്. വ്യത്യാസം എങ്ങനെ എന്നാൽ പട്ടാളത്തിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ടവനും ദീർഘനാൾ യുദ്ധങ്ങളിൽ ഏർപ്പെട്ടു പരിചയസമ്പന്നനായ ഒരു പടയാളിയും തമ്മിലുള്ള വ്യത്യാസം (എബ്രാ. 5:13, 14) പരിശോധനയിൽ കൂടെ ജയാളിയായി കടന്നുവന്ന ആൾ ആശ്രയിക്കുവാൻ കൊള്ളാവുന്നവനും വിശ്വസ്തനും ആകുന്നു. സഹോദരന്മാർക്കു അവനെ ആശ്രയിപ്പാൻ ഒരു മടിയും കാണിക്കേണ്ടതില്ല. എന്തെന്നാൽ കഴിഞ്ഞ നാളുകളിൽ അവൻ വിശ്വസ്തനായിരുന്നു.

പൗലൊസ് തന്റെ പരമ്പര അവസാനിപ്പിക്കുന്നത് പരിശോധിയ്ക്കപ്പെട്ട സ്വഭാവം, പ്രത്യാശയെ ഉണ്ടാക്കുന്നു എന്നു പറഞ്ഞും കൊണ്ടാണ്. കർത്താവിലുള്ള വിശ്വാസത്തോടുകൂടി കഷ്ടങ്ങളെ തരണം ചെയ്യുമ്പോൾ നമുക്ക് സഹിഷ്ണുത ഉണ്ടാകുന്നു. അങ്ങനെ പരിശോധിയ്ക്കപ്പെട്ടു തെളിയുമ്പോൾ നാം ആത്മീയ പക്വത പ്രാപിയ്ക്കുന്നു. ഇതെല്ലാം കണ്ട് നാം ആത്മീയപക്വത പ്രാപിക്കുന്നു. ഇതെല്ലാം കൊണ്ട് നാം ദൈവത്തിന്റെ വാഗ്ദത്തങ്ങളെല്ലാം നിശ്ചയമാണെന്ന് ബോദ്ധ്യപ്പെടുന്നു (2 കൊരി. 1:20). നമ്മെ ഒരിയ്ക്കലും കൈവിടുകയോ ഉപേക്ഷിക്കയോ ഇല്ലെന്ന് ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട്. (എബ്രാ. 13:5) അങ്ങനെ അവൻ ചെയ്തിട്ടുമുണ്ട്. നമ്മുടെ പ്രാപ്തിക്കു മീതെ നമുക്കു പരീക്ഷ തരികയില്ലെന്നും പറഞ്ഞിട്ടുണ്ട് (1 കൊരി. 10:13). അവൻ തരികയില്ല. അവൻ നമ്മിൽ പ്രവർത്തിച്ചു സകലത്തെയും നന്മക്കായി കൂടി വ്യാപരിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട് (റോമ. 8:28). അവൻ അങ്ങനെതന്നെ ചെയ്യും. അങ്ങനെ നമുക്ക് അവനിലും അവന്റെ വാഗ്ദത്തങ്ങളിലുമുള്ള *പ്രത്യാശ* ദിനന്തോറും വളർന്നു വരും.

പൗലൊസിന്റെ പരമ്പര പ്രത്യാശയിലാണല്ലോ തുടങ്ങിയത് (5:2). അത് പ്രത്യാശയോടെ അവസാനിക്കുകയും ചെയ്യുന്നു (5:4). ഈ രീതിയെ തമ്മിൽ ബന്ധിപ്പിച്ചിട്ടുള്ള ഒരു വലയമായി കാണാം.[14] കഷ്ടങ്ങൾ വരുമ്പോൾ പ്രത്യാശ സഹായിക്കുന്നു. കഷ്ടങ്ങൾ സഹിഷ്ണത തരുന്നു സഹിഷ്ണുത പരിശോധിയ്ക്കപ്പെട്ട സ്വഭാവം (സിദ്ധത) കൊണ്ടു വരുന്നു. സിദ്ധത പ്രത്യാശയെയും

കൊണ്ടുവരുന്നു.

**വാക്യം 5.** പ്രത്യാശക്കോ ഭംഗം വരുന്നില്ല καταισχύνω (*kataischunō*), എന്ന ഗ്രീക്കുപദത്തിന് ലജ്ജിപ്പിയ്ക്കുക എന്നർത്ഥമുണ്ട് ഇത് മശരെവൗീ αἰσχύνω (*aischunō*), എന്നതിനോട് സമമേ എന്നത് ചേർന്നുണ്ടായതാണ്. ഈ വാക്ക് ലജ്ജിയ്ക്കുക (1:16) എന്ന വാക്കിനോടു ബന്ധമുള്ളതാണ്.

നമ്മുടെ പ്രത്യാശ ഒരിക്കലും നമ്മെ വിഷമിപ്പിക്കുന്നില്ല. അതു നമ്മെ താഴ്ത്തിക്കളയുന്നില്ല, നമുക്ക് ഒരു കാര്യം ലഭിയ്ക്കുമെന്ന് നാം മറ്റുള്ളവരോട് പറഞ് അതു പ്രത്യാശിയ്ക്കുകയും പ്രതീക്ഷിയ്ക്കുകയും ചെയ്യുമ്പോൾ അത് ലഭിക്കാതെപോയാൽ അത് എത്ര ക്ലേശവും വിഷമവും ഉണ്ടാക്കും. എന്നാൽ റോമർ 5ലെ "പ്രത്യാശ" യ്ക്ക് ഭംഗം ഉണ്ടാകുന്നില്ല. ദൈവം വാഗ്ദത്തം ചെയ്തത് സംഭവിക്കുകതന്നെ ചെയ്യും. നമ്മുടെ പ്രത്യാശ നാം താണുപേ ാകാൻ ഇടയാകുന്നില്ല. എന്തെന്നാൽ കർത്താവു നാം താണുപോകാൻ സമ്മ തിക്കാത്തവനാണ്.

**ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് പകരപ്പെട്ടിരിക്കുന്ന തിനാൽ** നമ്മുടെ പ്രത്യാശയ്ക്ക് "ഭംഗം വരുന്നില്ല". ദൈവത്തിന്റെ സ്നേഹം എന്നതു നമുക്ക് ദൈവത്തോടുള്ള സ്നേഹം എന്ന് ചിന്തിയ്ക്കാം എങ്കിലും സാഹചര്യം നോക്കുമ്പോൾ പൗലൊസ് എടുത്തുപറയുന്നത് ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെയാണ്. കർത്താവിനു പ്രിയർ എന്ന കത്തു തുട ങ്ങുന്ന സ്ഥലത്ത് പറയുന്നു. അത് ക്രിസ്തീയവായനക്കാരെ ഉദ്ദേശിച്ചാണ് (1:7). ഏതായാലും ഈ കത്തിൽ ദൈവം സ്നേഹത്തെ പരാമർശിച്ചിരിക്കു ന്നത് ആദ്യമായിട്ടാണ്. റോമാലേഖനത്തിൽ ദൈവം നമുക്കു കൃപയാൽ നല്കിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും പറയുന്നുണ്ട്.

സ്നേഹം എന്നത് ἀγάπη (*agapē*) വ്യവസ്ഥ കൂടാത്ത സ്നേഹം. ആ സ്നേഹത്തിനു പാത്രമായതിനുവേണ്ടി എറ്റം നല്ലത് അന്വേഷിയ്ക്കുന്ന സ്നേഹം. അവന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് പകർന്നിരിയ് ക്കുന്നു. പകർന്നിരിക്കുന്നു എന്ന വാക്ക്; ἐκχέω (*ekcheō*) എന്ന ഗ്രീക്കു പദമാണ്. അതെ വാക്ക് പ്രവർത്തി. 2:33ൽ അപ്പൊസ്തലന്മാർക്ക് വീര്യപ്ര വർ ത്തികൾ ചെയ്വാനുള്ള കഴിവ് കൊടുത്തയിടത്തും ഉപയോഗിച്ചിട്ടുണ്ട് (അ.പ്രവർത്തി. 2:33). ഇവിടെ ഓരോ ക്രിസ്ത്യാനിയുടെമേൽക്കും നല്കപ്പെ ട്ടിരിക്കുന്ന ദൈവത്തിന്റെ സ്നേഹത്തെകുറിച്ചാണ് എഴുതിയിരിക്കുന്നത്. പകർന്നിരിക്കുന്ന എന്ന് ശക്തീകരിച്ചു പറയുന്നു. ജയിംസ് ഡി. ജി. ഡൺ പറയുന്നത് വരണ്ട ഭൂമിയിലേക്കു പകരപ്പെടുന്ന ഒരു പെരുമഴയെപ്പോലെ ധാരാളമായി എന്നാണ്.[15]

പൗലൊസ് പറയുന്നത് **ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് പരിശുദ്ധാത്മാവിനാൽ പകർന്നിരിക്കുന്നു** എന്നാണ്. 1:4ലും 2:29ലും പരിശുദ്ധാ ത്മാവിനെക്കുറിച്ച് അല്പമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇവി ടെയാണ് ആദ്യമായി ക്രിസ്ത്യാനിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ വേലയെ ക്കുറിച്ച് എഴുതിയിട്ടുള്ളത്.[16] ഒരാൾ നീതീകരിക്കപ്പെടുന്ന സമയത്ത് പരിശുദ്ധാ ത്മാവ് അവനിൽ പ്രവേശിക്കുന്നു. ഒരുവൻ ക്രിസ്തുവിലേക്ക് മാനസാന്തരപ്പെ ടുമ്പോൾ എല്ലാ വിശ്വാസികൾക്കും പരിശുദ്ധാത്മാവിനെ നല്കുന്നു. വീണ്ടും ജനനസമയത്ത്[17] - അവർ ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റ സന്ദർഭത്തിൽ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു (അ.പ്രവർത്തി. 2:38f).[18]

പരിശുദ്ധാത്മാവിന്റെ വേലയെക്കുറിച്ച് റോമർ 8ൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഇവിടെ പരിശുദ്ധാത്മാവിന്റെ വേലയുടെ ഒരുവശം മാത്രം പ്രതിപാദിയ്ക്കാം. ദൈവസ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു. പരിശുദ്ധാത്മാവ് എങ്ങനെയാണ് ഈ പ്രവർത്തി ചെയ്യുന്നതെന്ന് ഉറപ്പിച്ചു പറയുവാൻ സാദ്ധ്യമല്ല. അത്ഭുത പ്രവർത്തികൾ അല്ലാതെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞാൽ പരിശുദ്ധാത്മാവ് താൻ നിശ്വസിച്ചു തന്നിട്ടുള്ള തന്റെ വചനപ്രകാരം പ്രവർത്തിക്കുന്നു എന്നു പറവാൻ സാധിക്കും (എഫെ 6:17, 2 പത്രൊ. 1:21). പരിശുദ്ധാത്മാവ് ക്രിസ്ത്യാനിയുടെ ഹൃദയത്തിൽ വസിയ്ക്കുന്നു എന്ന് അനേകം ഭാഗങ്ങളിൽ പറയുന്നുണ്ട്. ഉദാഹരണമായി റോമ. 8:9–11. പൗലൊസ് ആത്മാവിന്റെ പ്രവർത്തനത്തെ ദൈവത്തിന്റെ നടത്തിപ്പുകളുമായി ബന്ധിപ്പിച്ചു പറയുന്നയിടത്ത് 8:26–28 പരിശുദ്ധാത്മാവ് ദൈവേഷ്ടപ്രകാരം പ്രവർത്തിക്കു ന്നു. നമ്മുടെ അനുഗ്രഹത്തിനായി കാര്യങ്ങളെ ക്രമീകരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്.

ദൈവത്തിന്റെ സ്നേഹം പരിശുദ്ധാത്മാവിനാൽ പകരപെട്ടിരിക്കുന്നു എന്ന് പൗലൊസ് പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത്? പരിശുദ്ധാത്മാവിനെ നല്കി യെന്ന കാര്യമാണ് സമൃദ്ധമായ സ്നേഹത്തിന്റെ തെളിവ് (അ.പ്രവർത്തി. 2:38; 5:32). പൗലൊസിന് പരിശുദ്ധാത്മദാനമാണ് നമ്മുടെ പുത്രത്വത്തിന് തെളിവ് (ഗലാ 4:6). പരിശുദ്ധാത്മാവിനെ നമ്മുടെ അവകാശത്തിന്റെ അച്ചാരമായി നൽകിയിരിക്കുന്നു (എഫെ. 1:14). അതുകൊണ്ട് അഞ്ചാം വാക്യം ഇങ്ങനെ വായിക്കാം. ദൈവത്തിന്റെ സനേഹം നമുക്കു നൽകപ്പെട്ട (പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ബോധത്തിന്റെ പ്രാധാന്യം) നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ ഹൃദയത്തിൽ പകർന്നിരി ക്കുന്നു. പ്രത്യാശയെക്കുറിച്ചും ഇപ്രകാരമുള്ള ഒരു വിശദീകരണം ചേരും.

വേറൊരു സാധ്യത എന്തെന്നാൽ അഞ്ചാം വാക്യം പുറകെ വരുന്ന വാക്യങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കണം. ദൈവസ്നേഹത്തിന്റെ ഏറ്റവും വലിയ ഉദാഹരണം. ദൈവം തന്റെ പുത്രനെ നമുക്ക് വേണ്ടി യാഗം കഴിച്ചതാണ് (5:6–8). ആത്മപ്രേരിതമായ തിരുവചനത്തിൽ കൂടി അത് മനസ്സിലാക്കാം. അതുകൊണ്ട് പൗലൊസിന് പറയാൻ കഴിഞ്ഞു. ദൈവ സ്നേഹം നമ്മുടെ ഹൃദയങ്ങളാൽ പകരപ്പെട്ടിരിക്കുന്നു എന്ന്. നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ മനസ്സിലാക്കുവാൻ കഴിയും (നാം വചന ത്തിൽകൂടി അവന്റെ സ്നേഹത്തെ മനസ്സിലാക്കുമ്പോൾ).

അനേകം വ്യാഖ്യാതാക്കൾ ഈ വിധത്തിലുള്ള വ്യാഖ്യാനം കാണുമ്പോൾ ഭയന്നുപോകുന്നു. ഹൃദയത്തിൽ നടക്കുന്ന പ്രക്രിയയായതി നാൽ കൂടുതൽ വ്യക്തിപരമായും നേരിട്ടും ഉള്ള ഒരു പ്രർത്തനമായി രിക്കണമെന്ന് ആഗ്രഹിക്കുന്നു. ആത്മാവ് സൗമ്യമായ രീതിയിൽ ഹൃദയത്തിൽ വ്യാപരിക്കുന്നതിനെ തള്ളിക്കളയുന്നു. നമുക്കുവേണ്ടിയുള്ള ദൈവസ്നേഹ ത്തെ ഹൃദയം നിറയുന്ന രീതിയിൽ ഹൃദയത്തെ സൗഖ്യമാക്കുന്ന വികാരങ്ങളോടെ ആകുന്നതിനെ ഞങ്ങൾ തള്ളിക്കളയുന്നില്ല. എന്നാൽ ഹൃദയം നിറയുന്ന വികാരങ്ങൾ ഇല്ലാത്തപ്പോൾ നാം എന്തു ചെയ്യും? തോന്നലുകൾ നിറഞ്ഞു കവിയാത്തപ്പോൾ നാം എന്തുചെയ്യും? ദൈവം നമ്മെ സ്നേഹിക്കുന്നില്ലെന്നാണോ അതിനർത്ഥം? ഒരിക്കലുമല്ല. അതിനർത്ഥം വികാരങ്ങൾ മാറിയും മറിഞ്ഞും വരും. നമ്മുടെ ആത്മീക നിലവാരത്തെ അളക്കുവാൻ ഉള്ള അളവുകോലായി വികാരത്തെ കരുതാൻ സാധിയ്ക്കയില്ല.

**ക്രിസ്തുവിന്റെ രക്തത്താൽ നീതീകരിയ്ക്കപ്പെടുക (5:6-11)**

**[6]നാം ബലഹീനർ ആയിരിക്കുമ്പോൾതന്നെ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു. [7]നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നത് ദുർലഭം; ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. [8]ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. [9]അവന്റെ രക്തത്താൽ നീതികരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും. [10]ശത്രുക്കളായിരി ക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പ് വന്നു എങ്കിൽ നിരന്ന ശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും. [11]അത്രയുമല്ല, നമുക്ക് ഇപ്പോൾ നിരപ്പു ലഭിച്ചതിനു കാരണമായ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു.**

ഈ ഖണ്ഡിക, പ്രത്യേകിച്ച് 6–8വരെയുള്ള വാക്യങ്ങൾ ദൈവസ്നേഹത്തെപ്പറ്റിയുള്ള അതിമഹത്തായ വിവരണങ്ങൾ വേദപുസ്തകത്തിലുള്ള ഏറ്റവും മഹത്തായ വിവരണങ്ങളിലൊന്നാണ്.[19]

**വാക്യം 6**. ഈ ഭാഗം ക്രിസ്തുവിനെക്കൂടാതെയുള്ള മനുഷ്യന്റെ ആത്മീകാവസ്ഥയെ വിവരിക്കുന്നു. 'ബലഹീനർ' ἀσθενής (*asthenēs*) നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ a (*a*, "without") and σθενός (*sthenos*, "strength") യും ചേരുമ്പോൾ ംശവേീൗ േ്യേലിഴവേ ഗഖഢ പരിഭാഷപ്പെടുത്തുന്നത് ബലഹീനർ എന്നുതന്നെ. മലൈേലിലെ ചിലപ്പോൾ ശക്തിയില്ലാതാക്കുന്ന ഒരു രോഗം ബാധിച്ച സ്ഥിതിയെ കുറിക്കുന്നു. (മത്താ. 25:43,44; ലൂക്കൊ. 10:9; പ്രവർത്തി. 4:9; 5:15,16) ഈ സാഹചര്യത്തിൽ അയാൾ രോഗം ബാധിച്ചവനാണെന്ന് കാണിക്കുന്നു. വിരുപനായി ബലഹീനനായി പാപരോഗത്താൽ ബലം നഷ്ടപ്പെട്ട് ജീവിതമേ നഷ്ടമായിക്കൊണ്ടിരിക്കുന്ന അവസ്ഥ. ദൈവത്തിന്റെ സൗഖ്യമാക്കുന്ന ശക്തിയല്ലാതെ അത് മരണകാരണമാണ്.[20] ഒരു പഴഞ്ചൊല്ലുപോലെ "തന്നത്താൻ സഹായിക്കുന്നവരെ ദൈവം സഹായിക്കുന്നു"[21] എന്നാൽ റോമർ 5:6 പറയുന്നു തന്നെത്താൻ സഹായിപ്പാൻ കഴിവില്ലാത്തവരെ ദൈവം സഹായിക്കുന്നു. ക്രിസ്തുവിനെ കൂടാതെ മനുഷ്യൻ *നിസ്സഹായനും*, പ്രത്യാശയില്ലാത്തവനും, നഷ്ടപ്പെട്ടവനുമാണ്.

ലോകം അങ്ങനെ നിസ്സഹായാവസ്ഥയിലായിരുന്നപ്പോൾ **തക്കസമയത്ത് ക്രിസ്തു മരിച്ചു**. ശരിയായ സമയത്ത് καιρός (*kairos*) ഒരു പ്രത്യേക സമയത്ത്[22] ദൈവത്തിന്റെ പദ്ധതിയിലും ഉദ്ദേശത്തിലും ഉള്ള ഒരു പ്രത്യേക സമയത്ത് (ഗലാ 4:4 കാണുക) അഥവാ മനുഷ്യൻ നിസ്സഹായതയുടെ അങ്ങേയറ്റത്ത് എത്തിയപ്പോൾ.[23] ലിയോൺ മോറിസ് പറയുന്നു. ശരിയായ സമയം തക്ക സമയത്ത് 1) നമ്മൾ പാപികളായിരുന്നപ്പോൾ തന്നെ 2) ദൈവത്തിന്റെ ഉദ്ദേശങ്ങൾക്കു പറ്റിയ സമയത്ത്.[24]

ബലഹീനർക്കു വേണ്ടി മരിച്ചതു കൂടാതെ 6–ാം വാക്യം പറയുന്നത് ക്രിസ്തു **അഭക്തർക്കുവേി** മരിച്ചു എന്ന അഭക്തൻ ἀσέβεια (*asebeia*) എന്ന വാക്ക് വിവരിക്കുന്നത് ക്രിസ്തുവിനെ കൂടാതെയുള്ള നമ്മുടെ ആത്മീയ നിലവാരത്തെയാണ് σέβομαι (*sebomai*). അഭക്തൻ എന്നു മൊഴിമാറ്റം ചെ

യ്ത മൂലഭാഷയിലെ വാക്ക് അനുസരിച്ച് ദൈവത്തെ ആദരിക്കാത്തവൻ ദൈവത്തെ ആരാധിക്കുവാൻ വിസമ്മതിക്കുന്നവർ എന്നാണ്. ദൈവത്തെ അവ ഗണി ക്കുന്നവർ ദൈവത്തെ ധിക്കരിക്കുന്നവർ ഇവയൊക്കെ അർത്ഥമാക്കി യിരിക്കുന്നവർ ഇവരെയൊക്കെ അർത്ഥമാക്കിയിരിക്കുന്നു. നാം ചിന്തിച്ചേക്കാം അത് എന്നെക്കുറിച്ചല്ല എന്ന്. ക്രിസ്തു അഭക്തർക്കുവേണ്ടി മരിച്ചു എന്നത് (5:6) ക്രിസ്തു *നമുക്കുവേ* മരിച്ചു (5:8) എന്നതിനു സമാന്തരമായ പ്രസ്താവന യാണ്. വേറെ വിധത്തിൽ പറഞ്ഞാൽ *അഭക്തൻ* എന്നാൽ നാം തന്നെ!

**വാക്യം 7**. ദൈവസ്നേഹത്തിന്റെ അമ്പരപ്പിക്കുന്ന സ്വഭാവം 7, 8 വാക്യങ്ങളിൽ ശക്തിപ്പെടുത്തി പറഞ്ഞിട്ടുണ്ട്. വാക്യം 7, **നീതിമാനുവേി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാനുവേി പക്ഷേ മരിപ്പാൻ തുന യുമായിരിക്കും**. നീതിമാനും (δίκαιος, *dikaios*) ഗുണവാനും (ἀγαθός, *agathos*) തമ്മിൽ എന്താണ് വ്യത്യാസം എന്ന് ചിലർ ചോദിച്ചേക്കാം. ഒരു വ്യത്യാസവ ുമില്ല എന്ന് ചിലർ ചിന്തിച്ചിരിക്കും. തെർത്തോസിന് (16:22) വാചകം എഴുതാന ായി പൗലൊസ് പറഞ്ഞുകൊടുത്തപ്പോൾ ഒരു വാചകം പറഞ്ഞുകൊടുത്തിട്ട് അതിനെ ഒന്നുകൂടി പോഷിപ്പിക്കുവാനായി പറയുന്നു. നീതിമാനു വേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം എന്ന് (നല്ല മനുഷ്യനുവേണ്ടി) എന്നാൽ ...

നീതിമാനും ഗുണവാനും തമ്മിൽ എന്തെങ്കിലും വ്യത്യാസം കാണിക്കണമെന്ന് പല എഴുത്തുകാരും അഭിപ്രായപ്പെടുന്നുണ്ട്. ഒരു സാദ്ധ്യത എന്തെന്നാൽ നീതിമാൻ ഒരു നീതിപൂർവ്വമായ ജീവിതം നയിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ പ്രത്യേകിച്ച് മറ്റുള്ളവർക്ക് ഇഷ്ടപ്പെടുവാൻ അവനിൽ യാതൊന്നുമില്ല. എന്നാൽ ഗുണവാന്മാരെല്ലാം നീതിമാന്മാരും അല്ല. ഇങ്ങനെ വ്യാഖ്യാനിക്കുന്നത് പൗലൊസ് ഉദ്ദേശിച്ചെങ്കിൽ ഗുണവാൻ നല്ലവൻ മാത്രമല്ല. ഇഷ്ടപ്പെടുന്നവൻ കൂടി ആയിരിക്ക ണം. ഇഷ്ടപ്പെടുന്നവനും സ്നേഹിക്കുവാൻ കൊള്ളാകുന്നവനും ആയിരി ക്കണം. അങ്ങനെയെങ്കിൽ അധികം പേരും ഗുണവാനുവേണ്ടി ത്യാഗം ചെയ്യും. നീതിമാനുവേണ്ടി ത്യാഗം ചെയ്യുകയില്ല.

ഈ രണ്ടുകൂട്ടരും തമ്മിലുള്ള വ്യത്യാസം കാണിയ്ക്കുന്നത് അത്ര പ്രാധാന കാര്യമല്ല. പൗലൊസിന്റെ സൂചന ഏതായാലും ശരി. ചിലർ മറ്റുള്ളവർക്കായി മരിയ്ക്കാൻ ഒരുക്കമാണ്. സായുധസേനാംഗങ്ങൾ തങ്ങളുടെ രാജ്യത്തിനും കുടുംബ ത്തിനും സ്നേഹിതൻമാർക്കും വേണ്ടി മരിക്കുന്നു. പോലീസും അഗ്നിശമന സേനാംഗങ്ങളും മറ്റുള്ളവരെ രക്ഷിക്കുവാനായി ജീവൻ വെടിയാറുണ്ട്. തങ്ങൾക്കു പരിചയം പോലും ഇല്ലാത്തവർക്കായി. എന്നാൽ തങ്ങളുടെ സ്വന്തക്കാർക്കും അടുത്തവർക്കും വേണ്ടിയാണ് മനുഷ്യർ ജീവൻ ത്യാഗം ചെയ്യുന്നത്.

**വാക്യം 8. ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.** ദൈവത്തിന്റെ സ്നേഹം നിസ്തുലമാണ് ആ സ്നേഹത്തിനു തുല്യമായി മറ്റൊന്നുമില്ല. മനുഷ്യന്റെ സ്നേഹത്തിനു വിപരീതമായിട്ട്. മനുഷ്യസ്നേഹം നമ്മെ സ്നേഹിക്കുന്നവർക്കു വേണ്ടി കരുതിവച്ചിരിക്കുകയാണ്. യേശുവിനെ മരിക്കുവാൻ ഏല്പിച്ചുകൊടുത്തതിൽ കൂടി ദൈവം ഒരു പ്രത്യേക തരം സ്നേഹമാണ് പ്രദർശിപ്പിച്ചത്. ദൈവം തന്റെ സ്വന്തം സ്നേഹത്താൽ തന്റെ സ്വന്തമകനെ മരിക്കാൻ വിട്ടു കൊടുത്തു. ഇത് അതിലുമധികമാണ്. പിതാവും പുത്രനും ഒന്നുതന്നെയാണല്ലോ (യോഹ. 10:30). അവരിൽ ഒരാൾ ഒരു കാ ര്യം ചെയ്യുമ്പോൾ മറ്റെയാളും ഫലത്തിൽ അതു തന്നെ ചെയ്യുന്നു. പുത്രനെ മരിക്കുവാൻ ഏല്പ്പിച്ചു കൊടുത്തപ്പോൾ തന്നെത്തന്നെ[25] നല്കുകയായിരുന്നു. പ്രദർശിപ്പിക്കുന്നു (συνίστησιν, *sunistēsin*) എന്നുള്ളത് വർത്തമാനകാല ക്രി

യയാണ്. ദൈവം ദിനംതോറും തന്റെ സ്നേഹത്തെ *പ്രദർശിപ്പിച്ചുകൊിരിക്കുന്നു.*

നമ്മുടെ സ്നേഹവും ദൈവസ്നേഹവും തമ്മിലുള്ള രൂക്ഷമായ വൈരുദ്ധ്യം അവസാനവാകൃത്തിൽ കാണിക്കുന്നു: **നാം പാപികളായിരുന്നപ്പോൾ തന്നെ ക്രിസ്തു നമുക്കുവേി മരിച്ചു.** ''പാപികൾ'' എന്ന വാക്ക് ἁμαρτία (*hamartia*) (ലക്ഷ്യംതെറ്റുക) എന്നതിൽ നിന്നും ഉണ്ടായതാണ്. ആ വാക്കു പ്രഖ്യാപിക്കുന്നത് ദൈവം നമ്മേക്കുറിച്ച് ഉദ്ദേശിച്ചതിൽ നിന്നും നാം മാറിപ്പോയി (തോറ്റു പോയി) എന്നത്രെ.

യേശു നമുക്കുവേണ്ടി മരിച്ചതുകൊണ്ട് നമുക്കു രക്ഷപെടാം. നമുക്ക് വേണ്ടിയാണ് മരിച്ചത്. നമ്മുടെ സ്ഥാനത്ത് (1 കൊരി. 15:3 കാണുക). ക്രിസ്തു കുറ്റം ഏറ്റെടുത്തു. അങ്ങനെ ആ കുറ്റത്തിന്റെ ശിക്ഷയും തന്റെ മേൽ ആയി അവൻ നമ്മുടെ പ്രായശ്ചിത്തം (3:25) തത്ഫലമായി നം ക്രിസതുവിൽ വിശ്വസിക്കുമ്പോൾ അനുസരണത്തിൽകൂടെ വിശ്വാസം വെളിപ്പെടുത്തുമ്പോൾ (1:5; 16:26) ദൈവം നമ്മുടെ പാപങ്ങളെ നമ്മോടു ക്ഷമിക്കുന്നു. നമ്മെ നീതിയുള്ളവരായി എണ്ണുന്നു (4:22–24).

**വാക്യം 9. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നും രക്ഷിയ്ക്കപ്പെടും.** ''എത്ര അധികമായി'' എന്നത് ഈ ഭാഗത്ത് രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (5:9, 10). കഴിഞ്ഞകാലത്തെ കുറ്റങ്ങളെ ക്ഷമിയ്ക്കുന്നതിൽ വളരെ അധികമായി നമുക്കു വേണ്ടി ചെയ്യുന്നു (എബ്രാ. 13:5, 6). എത്ര അധികമായി രക്ഷിക്കപ്പെടും (σωθησόμεθα, *sōthēsometha*) എന്നുള്ളത് ഭാവികാലക്രിയയി ലെഴുതിയിരിക്കുന്നതിന്റെ കാരണം പലരും യോജിക്കുന്നത് ന്യായവിധി ദിവസത്തിൽ ദൈവകോപത്തിൽ നിന്ന് എത്ര അധികമായി രക്ഷിക്ക പ്പെടുമെന്നാണ്. ഈ വാകൃത്തിലെ ദൈവകോപം എന്നത് അനീതിക്കെതിരായ ദൈവകോപം എന്നത്രെ. 9–ാം വാക്യം ദൈവകൃപയുടെ രണ്ടു വശങ്ങളെക്കുറിച്ച് പറയുന്നു. അവന്റെ കൃപമൂലം നമുക്കു ലഭിയ്ക്കുവാൻ യോഗ്യതയില്ലാത്തതിനെ നമുക്കു തരുന്നു. നീതീകരണം. അവന്റെ കൃപമൂലം നമുക്കു അർഹതയുള്ളത് തരാതെയിരിക്കുന്നു. ദൈവകോപത്തിനാണ് നമുക്ക് അർഹതയുള്ളത്.

ഒരു പ്രാവശ്യം കൂടെ നാം ക്രിസ്തു മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് ശക്തിപ്പെടുത്തി പറയുന്നു (5:1, 2, 10, 11). കഴിഞ്ഞകാല പാപങ്ങളിൽനിന്ന് നാം രക്ഷിക്കപ്പെട്ടിരിക്കുന്നു. ദിനംതോറും രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവസാനമായ നിതൃതയിൽ കുഞ്ഞാടിന്റെ വിലയേറിയ രക്തത്താൽ രക്ഷിക്കപ്പെടും. വെളിപ്പാട് 7–ാം അദ്ധ്യായം ഒരു ചലനാത്മകരംഗം അവതരിപ്പിക്കുന്നു. ദൈവസിംഹാസനത്തിന്റെ ചുറ്റുമായി. വെള്ള നിലയങ്കി ധരിച്ച അവരെ വർണ്ണിച്ചിരിക്കുന്നത് തങ്ങളുടെ അങ്കി കുഞ്ഞാടിന്റെ രക്തത്തിൽ അലക്കി വെളുപ്പിച്ചവർ എന്നാണ് (വെളി. 7:14).

**വാക്യം 10 നാം ശത്രുക്കളായിരിക്കുമ്പോൾ തന്നെ** ദൈവസ്നേഹം ക്രിസ്തുവിൽ വെളിപ്പെട്ടു. ശത്രുക്കൾ എന്ന പദം ἐχθρός (*echthros*) എന്ന പദത്തോട് ബന്ധമുള്ളതാണ്. പക എന്നാണർത്ഥം. ശത്രുക്കൾ ἔχθος (*echthos*) എന്നത് ശക്തമായ ഒരു വാക്കാണ്. സഖിത്വത്തിൽനിന്നും അല്പം അകുന്നു എന്നല്ല. അതിനു പകരം എതിർപക്ഷത്തു നിൽക്കുന്നവൻ എന്നാണ് കാണിക്കുന്നത്.[26] സി.എസ്. ലൂയിസ് പറഞ്ഞത്. ''നാം പൂർണ്ണത പ്രാപിക്കേണ്ട അപൂർണ്ണതയുള്ള സൃഷ്ടികളല്ല. ആയുധം താഴെ വയ്ക്കേണ്ട ശത്രുക്കൾ

തന്നെയാണ്. നാം *നിസ്സഹായർ (ബലഹീനർ)* ആയിരുന്നു.[27] (5:6) എന്നാൽ ഇവിടെ *എതിരാളികൾ* (ശത്രുക്കൾ 8:7) (കൊലൊ. 1:21). ഈ അവസ്ഥയെ, അതിനെ സഹായിക്കാൻ ശ്രമിയ്ക്കുന്നവരെ കടിയ്ക്കുകയും മാന്തുകയും ചെയ്യുന്ന ഒരു മൃഗത്തോട് സാമ്യപ്പെടുത്താം.

ബലഹീനർ, അഭക്തർ, പാപികൾ, ശത്രുക്കൾ, ഇവയൊന്നും അനുമോദന മർഹിക്കുന്ന വാക്കുകളല്ല. ഇങ്ങനെയൊക്കെയായിട്ടും ദൈവം നമ്മെ സ്നേഹിച്ചു. അവന്റെ പുത്രനെ നമുക്കുവേണ്ടി മരിക്കുവാൻ അയച്ചു. മോറീസ് പറയുന്നത് ദൈവം താൻ സ്നേഹം തന്നെ ആയതുകൊണ്ടാണ് അഷ്ടാതെ നാം എന്തോ ആയതുകൊണ്ടല്ല നമ്മെ സ്നേഹിക്കുന്നത് എന്നാണ്. ജോൺ ആർ ഡ്ബ്ളിയു സ്റ്റോട്ട് പറയുന്നു, "കൊടുക്കുന്നയാളിന് വളരെ വിലയുള്ളതും വാങ്ങുന്നയാളിന് അക്തഹത കുറഞ്ഞതുമാണെങ്കിൽ സ്നേഹം ഏറ്റവും വലുതായി കാണപ്പെടും. ഈ അളവ് അനുസരച്ച് നോക്കിയാൽ ക്രിസ്തുവിൽ കൂടിയുള്ള ദൈവത്തിന്റെ സ്നേഹം നിസ്തുല്യമാണ്.[29]

10-ാം വാക്യം കൂടുതലായി പറയുന്നത് **അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പുവന്നു**. ഈ അത്ഭുതകരമായ ആത്മീയ ഇടപാടിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പൗലൊസ് റോമാലേഖനത്തിലേക്ക് 'നിരപ്പ്' എന്നൊരു പദം പരിചയപ്പെടുത്തുന്നു. നാം ക്രിസ്ത്യാനികളായപ്പോൾ നീതീകരിയ്ക്കപ്പെട്ടു എന്ന പദം ആദ്യം ഉപയോഗിച്ചു (5:1). ഇപ്പോൾ നിരപ്പു ലഭിച്ചു എന്ന പദം ഉപയോഗിക്കുന്നു. ഈ പദങ്ങൾ രണ്ടും വേർപിരിക്കാൻ പറ്റാത്ത പദങ്ങളാണ്. രണ്ടും ദൈവമക്കൾ ആകുന്ന തിനോടാണ് ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നത്. എന്നാൽ ഓരോന്നും ദൈവം നമുക്കു ചെയ്തിരിക്കുന്ന കാര്യങ്ങളെ അധികമായി മനസ്സിലാക്കുന്നു.

നിരപ്പിക്കുക καταλλάσσω (*katallassō*) എന്ന വാക്ക് ἀλλάσσω (*allassō*), κατά (*kata*) എന്ന രണ്ടു പദങ്ങൾ ചേർന്നുണ്ടായതിൽ നിന്നും ഉള്ളതാണ്. പദത്തിന്റെ അർത്ഥം ശത്രുത കൈമാറ്റം ചെയ്യുക (ലഃരവമിഴല ീള വീശേഹശ്യേ) സഖിത്വ ബന്ധത്തിനായി[30] നിരപ്പാക്കുക (ൃലരീരശഹല) ഇംഗ്ലീഷിൽ 'ഞല' എന്ന ഉപസർഗ്ഗവും രീരശഹശമലേ (ഒരാളെ സ്നേഹിതനാക്കുക) ചേരുമ്പോൾ വീണ്ടും സ്നേഹിതനാക്കുക (ഞലരീരശഹല) എന്ന വാക്കുണ്ടാകുന്നു. തമ്മിൽ വഴക്കിടുന്ന രണ്ടു സ്നേഹിതരിൽ കൂടി ഉദാഹരിക്കാം. അവർ ദിവസങ്ങളായ് തമ്മിൽ സംസാരിക്കുന്നില്ല. അവർ തമ്മിൽ അകന്നു പോയി. എന്നാൽ ഒരു ദിവസം അവർ ഇരുന്ന അവരുടെ വിഷമതകൾ പറഞ്ഞു തീർക്കുന്നു. വീണ്ടും അവർ സ്നേഹിതാരാകുന്നു.

നിരപ്പ് ഓർപ്പിക്കുന്നത് നാം ഒരിക്കൽ ദൈവത്തിന്റെ സ്നേഹിതർ ആയിരുന്നു. എന്നാൽ നാം പാപം ചെയ്ത് ദൈവത്തിൽ നിന്നകന്നു അന്യരായിതീർന്നു. യെശയ്യാവ് ഇങ്ങനെ എഴുതി.

> "രക്ഷിപ്പാൻ കഴിയാതവണ്ണം
> യഹോവയുടെ കൈ കുറുകിയിട്ടില്ല.
> കേൾപ്പാൻ കഴിയാതവണ്ണം
> അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യ
> ങ്ങൾ അത്രെ,
> അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറെക്കു
> മാറാക്കിയത് (യെശയ്യാ 59:1, 2)

ദൈവമല്ല, തന്നെ ജനങ്ങളിൽനിന്ന് മറെക്കുമാറാക്കിയത്. ജനങ്ങളാണ് അവരെ ദൈവത്തിൽ നിന്ന് മറെക്കുമാറാക്കിയത്. പാപം ചെയ്തതിൽകൂടെ. അത് ശരിയാകുമ്പോൾ ദൈവമല്ല മനുഷ്യരോട് നിരപ്പാകേണ്ടത്. മനുഷ്യരാണ് ദൈവത്തോട് നിരപ്പാകേണ്ടത്. പൗലൊസ് എഴുതി (2 കൊരി. 5:20), "ദൈവത്തോട് നിരന്നുകൊൾവീൻ എന്ന്, ക്രിസ്തുവിനു പകരം നിങ്ങളോട് അപേക്ഷിക്കുന്നു". നിരപ്പിന്റെ വചനമായ സുവിശേഷത്തോട് പ്രതികരിക്കണം. (2 കൊരി. 5:19) നാം വിശ്വസിക്കയും അനുസരിക്കുകയും ചെയ്യുമ്പോൾ ദൈവം നമ്മെ രക്ഷിയ്ക്കപ്പെട്ടവരുടെ ശരീരമായ സഭയിൽ ചേർക്കുന്നു (അ.പ്രവർത്തി. 2:38,41, 47). നാം കുരിശിൽ കൂടി ഒരു ശരീരമായി ദൈവത്തോടു നിരപ്പു പ്രാപിച്ചു (എഫെ. 2:16). ആ ഒരു ശരീരം എന്നത് സഭയാണ് (1:22, 23).

പിന്നീട് പൗലൊസ് പറയുന്നത് **നാം അവന്റെ ജീവനാൽ രക്ഷിക്കപ്പെടുമെന്നാണ്.** ഒരുപക്ഷേ യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചാകാം പൗലൊസ് പറയുന്നത്. എന്തുകൊണ്ടെന്നാൽ യേശു ജീവിക്കുന്നു. ദൈവം യേശുവി ന്റെ യാഗത്തെ സ്വീകരിച്ചു. അതുകൊണ്ട് നമുക്കു രക്ഷയുണ്ട്. 4:25ൽ പൗലൊസ് പറയുന്നത്, "നമ്മുടെ നീതീകരണത്തിനായി ഉയർപ്പിച്ചിരിക്കുന്ന കർത്താ വായ യേശുക്രിസ്തു എന്നാണ്. അദ്ധ്യായിൽ 10–ാം വാക്യം പറയുന്നത് "നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും (ദിനതോറും പാപത്തിന്റെ കർത്തൃത്വത്തിൽ നിന്നു വിടുവിക്കപ്പെടും) അവന്റെ ഉയർപ്പിൻ ജീവനാൽ.

വേറൊരു സാധ്യത എന്തെന്നാൽ അവന്റെ ജീവന്റെ പങ്കാളികളാകുന്നതുമൂലം നാം രക്ഷിക്കപ്പെടും എന്നാണ് (Goodspeed) 6:8ൽ പൗലൊസ് പറഞ്ഞു, "നാം അവനോടു കൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും" (യോഹ. 14:19) പൗലൊസ് ഗലാത്യരോട് പറഞ്ഞു. "ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തു അത്രെ എന്നിൽ ജീവിക്കുന്നു" (ഗലാ. 2:20).

പല എഴുത്തുകാർ 5:10 നെ 8:34 നോട് ചേർത്ത് ചിന്തിക്കുന്നു. "ക്രിസ്തു യേശു മരിച്ചവൻ. മരിച്ചിട്ട് ഉയർത്തെഴുന്നേറ്റവൻ തന്നെ. അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നു." എബ്രാ. 7:25 റോമർ 5:10 ന്റെ വ്യാഖ്യാനമായി കരുതാറുണ്ട്. "അതുകൊണ്ട് താൻ മുഖാന്തിരമായി ദൈവത്തോട് അടുക്കുന്നവർക്കു വേണ്ടി *പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ* അവരെ പൂർണ്ണമായി രക്ഷിപ്പാൻ കഴിവുള്ളവനാകുന്നു.

പൗലൊസിന്റെ പ്രസ്താവനയെക്കുറിച്ച് നാം എങ്ങനെ ചിന്തിച്ചാലും 5:10 പ്രസ്താവിക്കുന്നത് കർത്താവിന്റെ വീണ്ടെടുപ്പിന്റെ വേല കുരിശിൽ പൂർത്തിയായില്ല തുടർന്നുകൊണ്ടേയിരിക്കുന്നു.[31] യേശുവിന്റെ രക്തം തുടരെ നമ്മെ പാപത്തിൽ നിന്നും ശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. നാം തന്റെ വചനത്തിന്റെ വെളിച്ചത്തിൽ നടക്കുമ്പോൾ (1 യോഹ.1:7, സങ്കീ. 119:105) നമ്മെ സഹായിക്കുവാനും ബലപ്പെടുത്തുവാനും യേശു നമ്മോടു കൂടെയുണ്ട്. (മത്തായി. 11:28; 28:20) എപ്പോഴും അവൻ പിതാവിന്റെ മുമ്പാകെ നമ്മുടെ കേസ് വാദിച്ചുകൊണ്ടിരിക്കുന്നു (എബ്രാ. 7:25; 2:18; 4:14–16).

പൗലൊസ് സ്ഥാപിക്കുന്നത് നാം ദൈവത്തിന്റെ *ശത്രുക്കളായിരുന്നപ്പോൾ* നമുക്കുവേണ്ടി ഇത്രത്തോളമെല്ലാം ചെയ്തെങ്കിൽ നാം അവന്റെ *സ്നേഹിതരായ ശേഷം* നമുക്കായി *എത്രയധികം* ചെയ്യും. 8:32 ൽ ഇതുപോലെ വേറൊരു വാദം ഉന്നയിക്കുന്നുണ്ട്. സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും

നമുക്കു നൽകാതിരിക്കുമോ? വേറൊരു വിധത്തിൽ പറഞ്ഞാൽ ഇത്ര വലിയ കാര്യങ്ങൾ ചെയ്യാതെയിരിക്കുമോ? പൗലൊസ് 8-ാം അദ്ധ്യായം അവസാന ിപ്പിക്കുന്നത് എന്തുതന്നെ വന്നാലും കർത്താവു എല്ലായിപ്പോഴും നമ്മോടുകൂടെ ഇരിക്കുമെന്നും നമ്മെ സഹായിക്കുമെന്നും ഉള്ള നിശ്ചയത്തോടു കൂടെയാണ്.

> ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ ... നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിനോ ജീവനോ ദൂതന്മാർക്കോ, വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ള തിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിപ്പാൻ കഴിയുകയില്ല എന്ന് ഞാൻ ഉറെച്ചിരിക്കുന്നു (8:35-39).

**വാക്യം 11.** പൗലൊസ് സന്തോഷാതിരേകത്താൽ സംസാരിക്കുന്നു. കർത്താവിൽ കണ്ടെത്തിയ സന്തോഷത്താൽ, **അത്രയുമല്ല യേശുക്രിസ്തു മുഖാന്തരം ദൈവത്തിൽ പ്രശംസിക്കുന്നു.** (സന്തോഷിക്കുന്നു). പൗലൊസിന്റെ സന്തോഷവും പ്രശംസയും അവൻ ചെയ്ത യാതൊന്നിലുമല്ലായിരുന്നു 2, 3 വാക്യങ്ങളിൽ ദൈവം ക്രിസ്ത്യാനിയ്ക്കുവേണ്ടി ചെയ്യുന്ന കാര്യത്തിൽ പൗലൊസ് പ്രശംസിച്ചു. അനുഗ്രഹങ്ങൾക്കു വേണ്ടി മാത്രമുള്ള സന്തോഷ മായിരുന്നില്ല. അവൻ ദൈവത്തിൽ തന്നെ സന്തോഷിച്ചു ദൈവം ആര് എന്നതിലും എന്തു ചെയ്തു എന്നതിലും.

നേരത്തെ പൗലൊസ് പറഞ്ഞു. യഹൂദന്മാർ ദൈവത്തിൽ പ്രശംസിക്കുന്നു എന്ന് (2:17) അവർ അവരുടെ ജാതിയെ പ്രത്യേകമായി തെരെ ഞ്ഞടുത്തു എന്നതിൽ പ്രശംസിച്ചിരുന്നു. എന്നാൽ അത് ദൈവത്തിൽ തന്നെ ആയിരുന്നില്ല. അവരുടെ ദൈവത്തിലുള്ള പ്രശംസ, സ്വയകേന്ദ്രീകൃ തമായിരുന്നു.

5:1-11 വരെയുള്ള ചർച്ച അവസാനിപ്പിച്ചപ്പോൾ ആ പാഠഭാഗത്തു പറഞ്ഞ എല്ലാ അനുഗ്രഹങ്ങളും **നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലമാണെന്ന്** എടുത്തു പറയുന്നതായി കാണുന്നു (5:1, 2, 9, 10) അവനിൽ കൂടെ മാത്രമേ നമുക്ക് നിരപ്പു സാധിക്കൂ!

11-ാം വാക്യത്തിന്റെ അവസാനഭാഗത്ത് നിരപ്പ് (Reconcilation) എന്ന പദത്തിനുപകരം കെജെവി ഉപയോഗിക്കുന്നത്. പാപ പരിഹാരം (Atonement) എന്നാണ്. പ്രസംഗികൾ ചിലപ്പോൾ ഒന്നായി ചേർത്തിരിക്കുന്നു എന്നതാണ്. നാം അത് എങ്ങനെ വെളിവാക്കിയാലും Reconciliation എന്ന വാക്ക് (നിരപ്പ്) പ്രസ്താവിക്കുന്നത് യേശു മരിച്ചതിനാൽ ദൈവവുമായുള്ള *സഖിത്വം* തിരിച്ചുകിട്ടും എന്നാണ്. NCVയിൽ 10, 11 വാക്യങ്ങളുടെ പരിഭാഷ ഇങ്ങനെ. നാം ദൈവത്തിന്റെ ശത്രുക്കളായിരുന്നപ്പോൾ തന്റെ പുത്രന്റെ മരണത്താൽ അവൻ നമ്മെ അവന്റെ സ്നേഹിതരാക്കിതീർത്തു. യേശു മൂലം നാം ഇപ്പോൾ ദൈവത്തിന്റെ സ്നേഹിതരാണ്.

### ക്രിസ്തുവിന്റെ യാഗത്തിന്റെ പര്യാപ്തത (5:12-21)[32]

റോമർ 5:12-21 വരെയുള്ള വാക്യങ്ങൾ. ആദാം മനുഷ്യകുലത്തിൽ എന്തെല്ലാം പ്രശ്നങ്ങൾ കൊണ്ടുവന്നുവോ അതെല്ലാം മാത്രമല്ല അതിലധികവും

ക്രിസ്തു അതു പരിഹരിച്ചിരിക്കുന്നു എന്ന് പ്രസ്താവിക്കുന്നു. ജെ.ഡി. തോമസ് ഇങ്ങനെ പറയുന്നു. ആദാമിൽ നമുക്കു നഷ്ടപ്പെട്ടതും അതിലധികവും നാം ക്രിസ്തുവിൽ തിരികെ പ്രാപിച്ചു. ക്രിസ്തുവിൽകൂടി നമുക്ക് ലഭിച്ചത് ആദ ാമിലുണ്ടായ നഷ്ടത്തേക്കാൾ വലുത്.[33] റോമർ 5ന്റെ അവസാന പകുതിയിലെ അടിസ്ഥാന സന്ദേശം അതാണ്.

ഈ വേദഭാഗത്തിലുള്ള വിവരങ്ങൾ വ്യാഖ്യാനിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ട്. മോസസ് ഇലാർഡ് പറയുന്നത് ലേഖത്തിലെ ഏറ്റവും പ്രയാസമുള്ള ഭാഗങ്ങളിലൊന്നാണിത് എന്നത്രെ.[34] റിച്ചാർഡ് റോജേർസ് പറയുന്നത് വേദപുസ്തകത്തിലെ[35] ഏറ്റവും പ്രയാസമുള്ള ഭാഗമാണിത് എന്നാണ് റോമർ 5:12–21. 12–ാം വാക്യത്തെ പരാമർശിച്ച് ഡഗ്ലസ് ജെ മൂ ഇങ്ങനെ പറഞ്ഞു ഓരോ പദങ്ങളും ഓരോ ചിഹ്നങ്ങളും കടുത്ത വൈപ രീത്യം വിളിച്ചുവരുത്തുന്നവയാണ്.[36]

പല കാരണങ്ങളാൽ റോമർ 5:12–21 വരെയുള്ള ഭാഗം വ്യാഖ്യാതാക്കൾക്ക് വെല്ലുവിളി ഉയർത്തുന്നു. ഒരു കാരണം പൗലൊസിന്റെ എഴുത്തിന്റെ സ്റ്റൈലാ ണ്. ചിലപ്പോൾ ചിലവാക്യങ്ങൾ പൂർത്തിയാക്കുന്നില്ല 12–ാം വാക്യം ഉദാഹ രണം. പിന്നീട് ഒരു ചിന്തയിൽ നിന്നും വേറൊരു ചിന്തയിലേക്കു, പിന്നെ വേറൊന്നിലേക്ക് ചാടിച്ചാടിപ്പോകുന്നു. 12–ാമത്തെ വാക്യത്തിൽ തുടങ്ങിയ പ്രസ്താവന 18–ാം വാക്യംവരെയും നീളുന്നു. പല ക്രിയാപദങ്ങളും താക്കോൽ വാക്കുകളും വിട്ടുകളയുന്നു പ്രത്യകിച്ചും 16–ാം വാക്യത്തിൽ.[37] കൂടാതെ ഇവിടെ പൗലൊസിന്റെ ഉദ്ദേശം ആദാമിനെയും ക്രിസ്തുവിനെയും സമാന്തരമായി കാണിയ്ക്കുകയാണ്. അവർ ഏതിലൊക്കെ ഒരുപോലെയാ ണെന്ന് ചിലപ്പോൾ കാണിക്കുന്നു. ചിലപ്പോൾ ഏതിലൊക്കെ വ്യത്യസ്തരാ ണന്നു കാണിക്കുന്നു. ചില വിഷയങ്ങളിൽ താരതമ്യം ഇല്ലതാനും.

ഈ ഭാഗം വളരെ ചുരുക്കി എഴുതിയാണെന്ന് പലർക്കും അഭിപ്രാ യമുണ്ട്.[38] പൗലൊസിന്റ വാദങ്ങൾ വളരെ സംക്ഷേപിച്ചെഴുതിയിട്ടുള്ളതിന ാൽ പൗലൊസിന്റെ ചിന്ത മനസ്സിലാക്കേണ്ടതിന് അതൊന്ന് വികസിപ്പിച്ച് പഠിക്കേണ്ടതുണ്ട്. പ്രശ്നം എന്തെന്ന് ചോദിച്ചാൽ ഏതു വാക്കുകളാണ് ആവശ്യം എന്ന് നമുക്കു നിശ്ചയമില്ല. തത്ഫലമായി നാം പൂരിപ്പിക്കേണ്ട വരുന്ന വാക്ക് ബൈബിളിന്റെ മറ്റുഭാഗങ്ങളിൽനിന്നും ലഭിച്ച അറിവിന്റെ വെളിച്ചത്തിൽ ആണ്.[39]

പൗലൊസിന്റെ എഴുത്തിന്റെ രീതിയും വാക്കുകൾ പകരം ചേർക്കേണ്ട സ്ഥിതിയും മൂലം പല വാക്യങ്ങളെ സംബന്ധിച്ചും കാര്യമായ അനൈക്യം ഉണ്ടായിട്ടുണ്ട്. നല്ല കഴിവുള്ള പണ്ഡിതന്മാർ പോലും പുറകെ പറയുന്ന കാര്യങ്ങളിൽ യോജിക്കുന്നില്ല. 12–ാം വാക്യത്തിലെ മരണം, ശാരീരിക മര ണമാണോ? അതോ രണ്ടും കൂടിയാണോ. ''എല്ലാവരും പാപം ചെയ്കയാൽ എന്ന് 12–ാം വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നത്. 3:23ലേതുപോലെ വ്യക്തിപ രമായ പാപമാണോ ആ വാക്യം മറ്റെന്തെങ്കി ലുമാണോ സൂചിപ്പിക്കുന്നത് ബ ഹുമാന്യരായ എഴുത്തുകാർ തമ്മിലുള്ള ഈ യോജിപ്പില്ലായ്മ റോമാലേഖനം പഠിക്കുവാൻ തുടങ്ങുന്ന വിദ്യാർത്ഥികൾക്ക് നിരാശ തോന്നിപ്പിയ്ക്കും.

അവസാനമായി 5:12–21 വ്യാഖ്യാനിക്കുവാനുള്ള നമ്മുടെ ശ്രമം യുക്തിക്കു ചേരാത്ത വാദം ഉന്നയിക്കുന്ന ആളുകളുടെ ഉപദേശങ്ങൾ വാക്യങ്ങളുടെ മറഞ്ഞിരിക്കുന്ന ഭാഗങ്ങളുടെ മുതലെടുക്കും എന്നതിനാൽ വളരെ സങ്കീർണ്ണമാകുന്നു. ലാറിഡീസൺ അഭിപ്രായപ്പെട്ടത്, ബൈബിളിലെ

ഏറ്റവുമധികം തെറ്റായി ഉപയോഗിച്ചിട്ടുള്ള വാക്യമാണ് 5:12 എന്നാണ്.[40] നമുക്ക് പ്രാർത്ഥനയോടെ ഇതിനെ പരിഗണിയ്ക്കാം. വളരെ കരുതലോടുകൂടി അതെന്തു പഠിപ്പിക്കുന്നു എന്നു നോക്കാം.

### ആദാമിനെയും ക്രിസ്തുവിനെയും അവതരിപ്പിച്ചിരിക്കുന്നു 5:12-14

**[12]അതുകൊണ്ട് ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ— [13] മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു. പാപമോ ന്യായപ്രമാണം വരെ ലോകത്തിൽ ഉണ്ടായിരുന്നു. എന്നാൽ ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപത്തെ കണക്കിടുന്നില്ല. [14]എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ് ആദാമിന്റെ ലംഘനത്തിനു തുല്ല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ മോശെവരെ വാണിരുന്നു.**

**വാക്യം 12**. ഒന്നാമത്തെ പദമായ 'അതുകൊണ്ട്' എന്ന വാക്കിൽ തന്നെ വൈരുദ്ധ്യം ആരംഭിക്കുന്നു. നേരത്തെ ഈ അദ്ധ്യായത്തിൽ പറഞ്ഞിരുന്ന (5:11) വിഷയങ്ങളോട് ഈ വിഭാഗത്തെ ബന്ധിപ്പിക്കുന്നു (5:1–11). എന്താണ് ബന്ധം. ചിലർ 5:11നോട് ഇതിനെ ചിലർ പറയുന്നത് കഴിഞ്ഞ നാല് അദ്ധ്യായങ്ങളോടു ബന്ധപ്പെട്ടിരിയ്ക്കുന്നു എന്ന്. ചിലർ ചിന്തിക്കുന്നത് ഈ ലേഖനത്തിലെ ആദ്യത്തെ രണ്ടു വിഷയങ്ങൾ 'ശിക്ഷാവിധി'യും 'നീതീകരണ'വുമാണ് (1:18–3:20). നീതീകരണം (3:21–5:21) അതിനുശേഷം പറയുന്നു 5:12–21 ഈ രണ്ടു വിഷയത്തിന്റെയും ഉത്ഭവം വിശദമാക്കുന്നു എന്നാണ്. 16–ാം വാക്യത്തിൽ, ഏകൻ പാപം ചെയ്തതിന്റെ ഫലവും ദാനത്തിന്റ കാര്യവും ഒരു പോലെയല്ല. "ഏകന്റെ പാപം *ശിക്ഷാവിധി കൽപ്പിപ്പാൻ* ഹേതുവായിത്തീർന്നു".

5:12–21 എങ്ങനെയാണ് ഇതിനു മുൻപു പറഞ്ഞ കാര്യങ്ങളോട് യോജിക്കുന്നത് എന്നുള്ളതിനെക്കുറിച്ച് വളരെക്കാലം മുമ്പുള്ള ഒരു ക്രിസ്തീയ എഴുത്തുകാരൻ ക്രിസോസ്റ്റം (അ.ഉ.ര. 347407) അഭിപ്രായ സ്വീകാര്യമായി തോന്നുന്നു. പൗലൊസ് വീണ്ടും ഒരു യഹൂദ എതിർവാദം പ്രതീക്ഷിച്ചിരിയ്ക്കാം. യേശുവിന്റെ മരണം സകലർക്കും രക്ഷ സാദ്ധ്യമാക്കി കൊടുത്തു. യഹൂദർക്കും ജാതികൾക്കും രക്ഷ സാദ്ധ്യമാക്കി എന്നതിനെ തിരായി (3:22) ക്രിസോസ്റ്റം ഇങ്ങനെ എഴുതി. ഫലത്തിൽ ക്രിസ്തു എന്ന ഒരാളുടെ നീതിയാൽ ലോകം മുഴുവൻ രക്ഷിയ്ക്കപ്പെടുമോ? നിങ്ങൾ അവരോടു പറയേണ്ടത് "ആദാം എന്ന ഒരാളുടെ അനുസരണക്കേടിനാൽ ലോകം മുഴുവൻ ശിക്ഷാവിധിയിലായോ?[41] ഒരു മനുഷ്യന്റെ ഒരു പ്രവർത്തിയാൽ (ആദാം) ശിക്ഷാവിധി വന്നു എന്നത് യഹൂദന്മാർ അംഗീകരിച്ചിരുന്നു. പൗലൊസ് ഇവിടെ എടുത്തുകാണിയ്ക്കുന്നത് അതുപോലെ ക്രിസ്തു എന്ന ഒരാളുടെ അനുസരണത്താൽ സകലർക്കും നീതീകരണം വന്നു (ക്രിസ്തു) എന്നാണ്.

മുൻപറഞ്ഞ കാര്യങ്ങളോടുള്ള ബന്ധം എന്തായിരുന്നാലും ശരി പൗലൊസ് തന്റെ പ്രതിപാദനം തുടങ്ങുന്നു. **ഏക മനുഷ്യനാൽ പാപം ലോകത്തിൽ കടന്നു.** ആ ഏക മനുഷ്യൻ ആദാം ആയിരുന്നു (5:14).[42] ഹവ്വയാണ് ആദ്യം വിലക്കപ്പെട്ട കനി തിന്നതെന്ന് പൗലൊസിന് നന്നായി അറിയാമായിരുന്നു. ആദാം രണ്ടാമതു തിന്നു എന്നും വ്യക്തമായി അറിയാമായിരുന്നു (ഉല്പ. 3:6). എന്നാൽ ആദാം കുടുംബനാഥൻ എന്ന നിലയ്ക്ക് പാപത്തിന്റെ ചുമതല ഏല്ക്കണമായിരുന്നു (എഫെ. 5:23). തിന്നരുതെന്നുള്ള കല്പന ആദാമിനാണ്

കൊടുത്തിരുന്നത് (ഉല്പ. 2:15-17). ഹവ്വയെപ്പോലെ ആദാം വഞ്ചിക്കപ്പെട്ടില്ല. അവൻ അതിന്റെ അനന്തരഫലം മനസ്സിലാക്കിക്കൊണ്ടുതന്നെ ആ പ്രവർത്തി ചെയ്തു (1 തിമൊ. 2:14).

ആദാമിന്റെ പാപത്തിന്റെ ഒരു ഫലം എന്തെന്നാൽ "ലോകത്തിൽ പാപ ം പ്രവേശിച്ചു. ആദാമിന്റെ ലംഘനത്തിനു മുമ്പുതന്നെ പാപം ലോകത്തിൽ ഉണ്ടായിരുന്നു. പാപം ചെയ്ത ദൂതന്മാരെക്കുറിച്ച് പത്രൊസ് എഴുതുന്നുണ്ട് (2 പത്രൊ. 2:4). പക്ഷേ ആദാമിന്റെ ലംഘനമാണ് നാം ഭൂമി എന്നു വിളിക്കുന്ന പുതുതായി സൃഷ്ടിക്കപ്പെട്ട ലോകത്തിൽ പാപത്തെ പരിചയപ്പെടുത്തിയത്.

രണ്ടാമത്തെ ഫലമാണ് **പാപം മൂലം മരണം** ലോകത്തിൽ കടന്നുവന്നത്. മരണം എന്നു തർജ്ജമ ചെയ്യപ്പെട്ടിരിയ്ക്കുന്ന ഗ്രീക്ക് വാക്ക് θάνατος (*thanatos*) റോമർക്കെഴുതിയ ലേഖനത്തിൽ പൗലൊസ് ഇരുപതിലധികം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഠവമിമഠീ എന്ന വാക്കിൽ വേർപാട് (separation) എന്ന അർത്ഥം ഉൾക്കൊണ്ടിട്ടുണ്ട്. ശാരീരിക മരണം എന്നാൽ ആത്മാവ് ശരീരത്തിൽ നിന്നും വേർപെടുന്ന അവസ്ഥയാണ് (യാക്കൊബ് 2:26). ആത്മീക മരണം എന്നാൽ മനുഷ്യന് ദൈവത്തിൽ നിന്നും വേർപെടുന്ന സ്ഥിതിയും ആണ് (യെശയ്യ. 59:1, 2; എഫെ. 2:1, 1 തിമൊ. 5:6). ദുഷ്ടന്മാർ നിത്യമായി ദൈവസന്നിധിയിൽ നിന്നും വേർപെട്ടുപോകുമ്പോൾ (2 തെസ്സ. 1:9) അതാണ് രണ്ടാം മരണം വെളിപ്പാട് 20:6, 14).

മരണം എന്ന വാക്ക് 12-ാം വാക്യത്തിലുള്ളത് ആദാമിന്റെ പാപം മനുഷ്യകുലത്തിനു നല്കിയ എല്ല ശോകപര്യവസായിയായ വിഷയങ്ങളെയും ഉൾപെടുത്തി മനസ്സിലാക്കാം. ശാരീരിക മരണം തുടങ്ങിയ എല്ലാ വിഷയങ്ങളും. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നുന്ന നാളിൽ നീ മരിക്കുമെന്ന് ദൈവം ആദാമിനോടു പറഞ്ഞിരുന്നു (ഉല്പത്തി 2:17 കാണുക 3:19). പക്ഷേ അവൻ അതു തിന്നു (ഉല്പ. 5:5). ശാരീരിക മരണം ആദാമിനു മാത്രമായി നിന്നില്ല. **മരണം എല്ലാ മനുഷ്യരിലും പരന്നിരിക്കുന്നു.** LB തർജ്ജിമയിൽ എല്ലാം പ്രായം കൂടുവാനും മരിക്കുവാനും തുടങ്ങി.

കൂടാതെ ആദാം ആരംഭിച്ച മരണത്തിന് ശാരീരിക മരണം എന്നത് അതിൽ മാത്രമായിരുന്നില്ല. അവന്റെ പാപം അവനെ ദൈവത്തിൽനിന്നും അകറ്റി (വേർപെടുത്തി) യെശയ്യ 59:1, 2 അങ്ങനെ അവനും ആത്മീയമായി മരിച്ചു. പൗലൊസ് ആത്മീക മരണത്തെ ഉൾപ്പെടുത്തിയിരുന്നു എന്ന് മനസ്സിലാക്കാം. എല്ലാവരും പാപം ചെയ്കയാൽ മരണം എല്ലാവരിലും പരന്നിരിക്കുന്നു. **എല്ലാ വരും പാപം ചെയ്തു** എന്നത് *πάντες ἥμαρτον, pantes hēmarton* എന്ന ഗ്രീക്കു വാക്കുകളിൽ നിന്നാണ്. 3:23ലും അങ്ങനെയാണ്. അതേ അർത്ഥത്തിൽ ഇവി ടെയും ഉപയോഗിച്ചിരിക്കുന്നു എന്നതിനാൽ 12-ാം വാക്യം ചില കാര്യങ്ങൾ പ ഠിപ്പിക്കുന്നു. ആദാം പാപം ചെയ്തപ്പോൾ ആത്മീയ മരണവും ശാരീരിക മര ണവും ലോകത്തിൽ ഉണ്ടായി.[43] ശാരീരിക മരണം എല്ലാവരിലേക്കും പരന്നു. അതുപോലെതന്നെ ആത്മീയ മരണവും എന്തുകൊണ്ടെന്നാൽ എല്ലാവരും[44] ആദാം പിതാവിന്റെ മാതൃകയെ പിന്തുടർന്ന് പാപം ചെയ്തു.

12-ാം വാക്യത്തിൽ തുടങ്ങിയ വാചകം പൗലൊസ് പൂർത്തിയാക്കിയില്ല. ചഅടആയിൽ പാപം ചെയ്തു എന്ന വാക്കു കഴിഞ്ഞ് ഒരു വര ഇട്ടിട്ടാണ് മറ്റു തർജ്ജിമകളിൽ വേറെ വിധത്തിൽ അത് സൂചിപ്പിക്കുന്നു. അടഢയിൽ ഒരു കുത്തും വരയും ആണ്. ഗഖഢയിൽ 13 മുതൽ 17 വരെ ഒരു പരന്തെസിസ് ആക്കിയിരിക്കുന്നു. 12-ാം വാക്യത്തിലെ ചിന്ത 18-ാം വാക്യത്തിൽ തുടരും.

**വാക്യം 13. ന്യായപ്രമാണം വരെ പാപം ലോകത്തിൽ ഉായിരുന്നു.** ന്യായപ്രമാണം എന്ന വാക്കിനു മുൻപായി ഇന്ന പ്രമാണം എന്നൊന്നും പറ ഞ്ഞിട്ടില്ല എങ്കിലും മോശെയുടെ ന്യായപ്രമാണമാണുദ്ദേശിച്ചത് എന്നു മനസി ലാക്കാം (കാണുക 5:14). ആളുകൾക്ക് എന്നും ന്യായപ്രമാണമുണ്ടായിരുന്നു. എന്നാൽ മോശെയുടെ ന്യായപ്രമാണം വരെ, എഴുതപ്പെട്ട ന്യായപ്രമാണം ഇല്ലായിരുന്നു. എഴുതപ്പെടാത്ത പ്രമാണങ്ങൾ തെറ്റിച്ചു ജീവിച്ചപ്പോൾ പാപം ഉണ്ടായി. മോശെയുടെ പ്രമാണം കൊടുക്കുന്നതിനു മുമ്പുതന്നെ ലോകത്തിൽ പാപം ഉണ്ടായിരുന്നു.

13-ാം വാക്യം തുടരുന്നു. **ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപത്തെകണക്കിടുന്നില്ല**. കണക്കിടുന്നില്ല എന്നത് ἐλλογέω (*ellogeō*) എന്ന വാക്കിൽ നിന്നാണ്. λογίζομαι (*logizomai*) എന്ന ഗ്രീക്കു വാക്ക് 4-ാം അദ്ധ്യായത്തിൽ credited (കണക്കിൽപ്പെടുക) എന്നു തർജ്ജിമചെയ്തിട്ടുണ്ട്. അതുകൊണ്ട് HCSBയിൽ ഒരാളുടെ പേരിൽ പാപം കണക്കിടപ്പെടുന്നില്ല. ന്യായപ്രമാണം ഇല്ലാത്തപ്പോൾ പുറമെ നോക്കുമ്പോൾ ഒരു എഴുതപ്പെട്ട പ്രമാണം ഉണ്ടാകുന്നതിനു മുൻപ് ആളുകൾ പാപം ചെയ്തിരുന്നു. എന്നാൽ മോശെയുടെ ന്യായപ്രമാണം കൊടുക്കുന്നതുവരെ അവരെ പാപികളായി എണ്ണിയിരുന്നില്ല. ഏതായാലും ആളുകൾക്ക് എഴുതപ്പെട്ട പ്രമാണം ലഭിയ്ക്കുന്നതിനു മുൻപ് പാപം ചെയ്തിരുന്നുവെങ്കിലും മോശെയുടെ ന്യായപ്രമാണംവരെ അവരെ പാപികളെന്ന് എണ്ണിയിരുന്നില്ലെന്ന് പൗലൊസും സൂക്ഷ്മമായി സ്ഥാപിച്ചിട്ടുണ്ട് (3:9). പൗലോസിന്റെ ചിന്ത വികസിപ്പിച്ചെടുക്കണമെന്ന് തീർച്ചയാണ്. അതിനുള്ള ഒരു മാർഗ്ഗമാണിത്. ന്യായപ്രമാണമില്ലാത്തപ്പോൾ പാപത്തെ കണക്കിടുന്നില്ല. (എന്നാൽ എല്ലാവർക്കും ഒരു പ്രമാണമുണ്ടായിരുന്നു. എഴുതപ്പെടാത്ത ഒരു പ്രമാണം).[45]

**വാക്യം 14.** മനുഷ്യജാതിയ്ക്ക് സൃഷ്ടിപ്പു മുതൽ എഴുതപ്പെട്ട ന്യായപ്രമാണം കൊടുക്കുന്നതുവരെയുള്ള ശതാബ്ദങ്ങളിൽ എഴുതപ്പെട്ട പ്രമാണം ഇല്ലായിരുന്നു എങ്കിലും അവർ മരിച്ചിരുന്നു. അങ്ങനെ **ആദാം മുതൽ മോശെ വരെ മരണം വാണിരുന്നു.** മരണത്തെ ഉരുക്കുമുഷ്ടികൊണ്ടു ഭരിക്കുന്ന ഒരു ഭരണാധിപനോട് സദൃശമാക്കി. തന്റെ ജനങ്ങളോട് മരിക്കുവാൻ കല്പിക്കുന്നവനോട് തുല്യമാക്കിയിട്ടുണ്ട്. ആ പ്രസ്താവന ശാരീരിക മരണത്തിനും ആത്മീക മരണത്തിനും ശരിയാകുന്നു. നമുക്ക് അറിയാകുന്നിടത്തോളം ആദാമിനും മോശെയ്ക്കും ഇടയിൽ ഒരാൾ മാത്രമേ മരിയ്ക്കാതെയിരുന്നിട്ടുള്ളൂ (ഹാനോക്ക്) (ഉല്പ. 5:24). ആത്മീയ മരണത്തിലും അതുപോലെ തന്നെ എല്ലാ ഉത്തരവാദികളായവരും വ്യക്തിപരമായ പാപത്താൽ മരിച്ചു. മരണത്തിന്റെ ഭരണം അഖിലാണ്ഡത്തെ മുഴുവൻ ബാധിച്ചു. മനുഷ്യവർഗ്ഗത്തെ പൂർണ്ണമായി ബാധിച്ചു.

മരണത്തിന്റെ ഭരണം **ആദാമിന്റെ ലംഘനത്തിനു തുല്ല്യമായി പാപം ചെയ്യാത്തവരിലും** വ്യാപരിച്ചിരുന്നു.[46] ആളുകൾ പാപം ചെയ്തിരുന്നു. എന്നാൽ അവർ ദൈവത്തിന്റെ ഒരു പ്രത്യേക കല്പന ലംഘിച്ചു എന്ന് പറയുവാൻ കഴിയുകയില്ല (ആദാം ചെയ്തതുപോലെ). ആദാമിനോടു പറഞ്ഞതുപോലെ അവരോട് പറഞ്ഞിരുന്നില്ല. തിന്നുന്ന നാളിൽ നീ മരിക്കുമെന്ന് (ഉല്പ. 2:17).[47] എന്നിട്ടും അവർ മരിച്ചു. ശാരീരികമായും ആത്മീകമായും.

ഈ സ്ഥാനം വരെയും ഈ പാഠം വർണ്ണഭംഗിയില്ലാത്ത ഒരു ചിത്രമായിരുന്നു. ഒന്നാമത്തെ ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തിന് അപകടം വരുത്തിവച്ചു. എന്നാൽ ആ സ്ഥാനത്ത് ഒരു പ്രത്യാശയുടെ കുറിപ്പ് നല്കുവാൻ

പൗലൊസ് തയ്യാറായി. 14-ാം വാക്യത്തിന്റെ ഒടുവിലായി **അദ്ദേഹം ഒടുവിലത്തെ ആദാമിനെ അവതരിപ്പിക്കുന്നു.** ഒന്നാമത്തെ ആദാം "വരുവാനുള്ള ആദാമിന്റെ പ്രതിരൂപമാണ്." വരുവാനുള്ള ആദാം സംശയലേശമെന്യേ ക്രിസ്തുവാണ്. പുതിയനിയമത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപമെന്ന് വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഏക പഴയനിയമ കഥാപാത്രം ആദാം മാത്രമാണ് എന്ന് എഫ്. എഫ്. ബ്രൂസ് അഭിപ്രായപ്പെട്ടിട്ടുണ്ട്.[48]

ഠ്യുല എന്നുള്ള പദം τύπος (*tupos*) എന്ന ഗ്രീക്ക് പദത്തിന്റെ ഇംഗ്ലീഷിൽ പകർത്തിയെഴുതിയ രൂപമാണ്. *Tupos* എന്ന വാക്കിനർത്ഥം അടിച്ചോ ഇടിച്ചോ ഒരു മുദ്രപതിയ്ക്കുക എന്നാണ്.[49] ഒരു സർക്കാരുദ്യോഗസ്ഥൻ ഒരു പത്രത്തിൽ മുദ്ര പതിപ്പിയ്ക്കുന്നതിനോട് സമാനമായ ഒരാശയം. മുദ്ര, കടലാസിൽ പ്രതിരൂപമായി പതിഞ്ഞിരിക്കണം. പൗലൊസിന്റെ താതമ്യത്തിലോ/വൈരുദ്ധീകരണത്തിലോ ആദാം രൂപവും ക്രിസ്തു പ്രതിരൂപവുമാണ്.

ചില കാര്യങ്ങളിൽ രൂപവും പ്രതിരൂപവും ഒരു പോലെയാണ്. ചില വിഷയങ്ങളിൽ ആദാമും ക്രിസ്തുവും ഒരു പോലെയാണ്. രണ്ടുപേരെയും 'തല'യായി കണക്കാക്കാം. ആദം മനുഷ്യവർഗ്ഗത്തിന്റെ ശാരീരികമായ ശിരസ്സാണ്. ക്രിസ്തു ദൈവിക കുടുംബത്തിന്റെ (സഭയുടെ) ആത്മീക ശിരസ്സും ആണ്. (1 തിലൊ. 3:15) രണ്ടു പേരും മനുഷ്യജാതിയെ മുഴുവൻ ബാധിക്കുന്ന ഒരു പ്രവർത്തി ചെയ്തു. ആദാം ഏദെൻ തോട്ടത്തിൽ പാപം ചെയ്തു. ക്രിസ്തു കുരിശിന്മേൽ മരിച്ചു.

എന്നാൽ മറ്റു കാര്യങ്ങളിൽ രൂപവും ഒരു പ്രതിരൂപവും ഒരു പോലെയല്ല. പ്രതിരൂപം, രൂപത്തിന്റെ *പ്രതിലോമമായി* വരാം. സർക്കാരുദ്യോഗസ്ഥരുടെ ഔദ്യോഗിക മുദ്ര പോലെയാണ്. അത് കടലാസിൽ മറിച്ച് കാണിക്കുന്നു. ആദാമിനെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും അതും ശരിയാണ്.

ഠൗീ എന്ന പദത്തെ തർജ്ജമചെയ്യുവാൻ പലതരം വാക്കുകൾ ഉപയോഗിക്കാം. ഉദാഹരണം, മാതൃക (NIV), ആകാരം (KJV), നിഴൽ (NEB). യൂജിൻ പെറ്റേഴ്സൺ 14-ാം വാക്യത്തിന്റെ അവസാനഭാഗത്തെക്കുറിച്ച് ഇങ്ങനെയൊരു വിവർത്തനം എഴുതി. "നമ്മെ നേരത്തേ ഈ പ്രത്യേക അവസ്ഥയിലേക്ക് എത്തിച്ച ആദാം നമ്മെ അതിൽനിന്നും വിടുവിപ്പാനുള്ളവന്റെ അടുത്തേക്ക് എത്തിയ്ക്കുകയായിരുന്നു (MSG)."

പൗലൊസ് 1 കൊരി. 15-ൽ, പുനരുത്ഥാന അദ്ധ്യായത്തിൽ ആദാമിനെയും ക്രിസ്തുവിനെയും തമ്മിൽ താരതമ്യം ചെയ്യുകയും അന്തരം കാട്ടിത്തരികയും ചെയ്യുന്നു.

> മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മനുഷ്യരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും (1 കൊരി. 15:21, 22).

> ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ. ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്നു, ആത്മാവായി (1 കൊരി. 15:45).

> ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്നും മണ്ണുകൊണ്ടുള്ളവൻ. രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽനിന്നുള്ളവൻ (1 കൊരി. 15:47).

> നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും (1 കൊരി. 15:49)

ഒന്നാമത്തെ ആദാമിനെ ഭൗമികമായതും നാശത്തിനു വിധിയ്ക്കപ്പെട്ടതുമായ ഒരു കുടുംബത്തിന്റെ തലവനായും ഒടുക്കത്തെ ആദാമിനെ ജീവനിലേക്ക് കടക്കുന്നതിന് പദ്ധതിയുള്ള ഒരു കുടുംബ (സഭ)ത്തിന്റെ തലവനായും പൗലൊസ് വിവരിച്ചിരിക്കുന്നു.

## ആദാമും ക്രിസ്തുവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ (5:15-17)

**[15]എന്നാൽ ലംഘനത്തിന്റെ കാര്യവും കൃപാവരത്തിന്റെ കാര്യവും ഒരുപോലെയല്ല. ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു. എങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തുവിന്റെ കൃപയാലുള്ള ദാനവും അനേകർക്കുവേണ്ടി ഏറ്റവും അധികം കവിഞ്ഞിരിക്കുന്നു. [16]ഏകൻ പാപം ചെയ്തതിന്റെ ഫലവും ദാനത്തിന്റെ കാര്യവും ഒരുപോലെയല്ല. ഏകന്റെ പാപം ശിക്ഷാവിധി കൽപ്പിപ്പാൻ ഹേതുവായിത്തീർന്നു. [17]ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.**

ആദാമും ക്രിസ്തുവും ഏതെല്ലാം കാര്യങ്ങളിലാണ് ഒരു പോലെയുള്ളത് എന്ന് പൗലൊസ് പറയുമെന്ന് നാം പ്രതീക്ഷിച്ചേക്കും. എന്നാൽ അവർ ഏതിലൊക്കെയാണ് വ്യത്യസ്തർ എന്ന് പൗലൊസ് ആദ്യം കാണിക്കുന്നു. 5:15–17, ഭാഗത്ത് പൗലോസ് തമ്മിൽ എതിരായിട്ടുള്ള വാദങ്ങൾ ഉന്നയിക്കുന്നു. അതായത് ''ഏറ്റവുമധികം,'' ഒരു പോലെയല്ല. ആദാം വരുവാനുള്ളവന്റെ പ്രതിരൂപമാണെന്ന് പറഞ്ഞ ഉടനെ തന്നെ അവർ രണ്ടുപേരും എല്ലാ കാര്യങ്ങളിലും ഒരു പോലെ ആയിരിക്കുമെന്ന് വായനക്കാർ ധരിച്ചേക്കുമോ എന്നു ഭയന്ന് വേഗത്തിൽ അങ്ങനെയല്ല എന്നു പറയുമ്പോലെ.

ഈ വൈരുദ്ധ്യം ആദാമിന്റെയും ക്രിസ്തുവിന്റെയും പ്രത്യേകമായ പ്രവർത്തി വിശേഷങ്ങളെ കേന്ദ്രീകരിയ്ക്കുന്നു. അതായത് ആദാമിന്റെ പാപവും ക്രിസ്തുവിന്റെ സ്വയാഗവും. ആദ്യത്തേത് സ്വാർത്ഥപരമായ പ്രവർത്തിയും രണ്ടാമത്തേത് സ്വയത്യാഗപരമായ പ്രവർത്തിയും ആണല്ലോ.

**വാക്യം 15. കൃപാവരത്തിന്റെ കാര്യം ലംഘനത്തിന്റെ കാര്യം പോലെയല്ല.** സൗജന്യമായ ദാനം χάρισμα (*charisma*) എന്നത് തർജ്ജമ ചെയ്തതാണ്. അത് കൃപ - (χάρις, *charis*) എന്നതിനോട് ബന്ധപ്പെട്ടതാണ്. കൃപാ വരം (free gift) എന്നത് ധാരാളമായിട്ടുള്ളതാണ്. വരം എന്നാൽ തന്നെ സ്വീകർത്താവ് നേടിയെടുക്കുന്നതല്ല. ലംഘനം എന്നത് തെറ്റായ കാൽവെയ്പ്പുമൂലം തെറ്റിനടക്കുന്നതാണ്. അതിനെ അതിക്രമം παράπτωμα (*paraptōma*) എന്നും തർജ്ജമ ചെയ്യാം. ഇടർച്ച അല്ലെങ്കിൽ തെറ്റായ കാൽവയ്പ്പ്. ദോഷപ്രവർത്തി (അനീതി)[50] പൗലൊസ് എടുത്തുപറയുവാൻ ആഗ്രഹിക്കുന്നത് കുരിശിൽ നടത്തിയ ദൈവത്തിന്റെ ദാനം ആദാമിന്റെ ലംഘനം പോലെയല്ല എന്നാണ്. ചളആയിൽ ദൈവത്തിന്റെ കൃപയുടെ വേലയ്ക്ക് ആദാമിന്റെ ദോഷ പ്രവർത്തിയുമായി ഒരു തുലനവുമില്ല എന്നാണ്.

പിന്നീട് പൗലൊസ് തന്റെ മനസ്സിൽ ഉണ്ടായിരുന്ന കാര്യം വെളിപ്പെടുത്തുവാനായി ഒരു ഉദാഹരണം ഉപയോഗിക്കുന്നു, **"ഏകന്റെ (ആദാം) ലംഘനത്താൽ മരണം."** ആ ഏകൻ നിമിത്തം വാണു എങ്കിൽ (ാമ്യ എന്നതിന്റെ ഗ്രീക്കുപദം) (πολύς , *polus* എന്നതിന്റെ അർത്ഥം ഒരു വലിയ സംഖ്യ എന്നാണ്) 5:18-ാം വാക്യത്തിൽ എല്ലാവരും എന്ന പദവും പകരം ഉപയോഗിച്ചിട്ടുണ്ട്. ആദാമിന്റെ ലംഘനത്തിന്റെ ഒരു ഫലം എല്ലാവരും ശാരീരികമായി മരിയ്ക്കുക എന്നാണ്. സ്വാഭാവികമായ കാരണത്താൽ എല്ലാവരും മരിക്കുന്നു (Phillips). വേറൊരുഫലം എന്തെന്നാൽ പാപം ലോകത്തിലേക്ക് പ്രവേശിച്ചു അതിന്റെ സർവ്വ ഭീകരതയോടും നശീകരണ സ്വഭാവത്തോടും കൂടെതന്നെ.

മറിച്ച്, **കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.** യേശു എന്ന ദാനം ആദാമിന്റെ ലംഘനത്തിന്റെ ഫലത്തെ തിരിച്ചിട്ടു. എല്ലാവരും മരണത്തിൽ നിന്നും പുനരുത്ഥാനം പ്രാപിക്കും (യോഹ. 5:28, 29). എന്നാൽ ദൈവത്തിന്റെ ദാനം അതിലധികവും ചെയ്യും. അവർ ഉയർത്തെഴുന്നേൽക്കുമെന്നു മാത്രമല്ല, അവർക്ക് പുതിയ ശരീരവും നല്കപ്പെടും (1 കൊരി. 15:44). മാത്രമല്ല നീതിമാന്മാർക്ക് നിത്യജീവനും അവകാശമാക്കാം (മത്താ. 19:29). രക്ഷിക്കപ്പെട്ടവർ പറുദീസയിൽ പാർക്കും. ആദാമിനാൽ നഷ്ടമായിപ്പോയ പറുദീസയെക്കാൾ ശ്രേഷ്ഠമായ പറുദീസാ വാസം ലഭ്യമാകും (വെളി. 21:22). ലോകത്തിന്റെ പ്രത്യാശ പൗലൊസ് എഴുതുന്ന കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ ഏറ്റവും അധികമായി ജീവനിൽ വാഴും.[51]

ഇതെല്ലാം കൃപാദാനം തന്നെ. ആദാം ചെയ്ത ദോഷത്തെയും അതിന്റെ ഫലങ്ങളെയും ഇല്ലാതാക്കുവാൻ ദൈവം കടപ്പെട്ടവനല്ലായിരുന്നു. അങ്ങനെ പൗലൊസ് *ദൈവത്തിന്റെ കൃപയെയും* രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. യേശുക്രിസ്തു മൂലമുള്ള *കൃപയേയും* എന്ന്. ദാനം എന്നത് രവമൃശമൊമ എന്നതിൽ നിന്നുള്ളതല്ല. ആദ്യഭാഗത്ത് പറഞ്ഞിരിക്കുന്നതിൽ അധികമായി δωρεά (*dōrea*) പൂർണ്ണമായ ആശയം നമുക്കു നഷ്ടപ്പെടരുതെന്നു വച്ച് പലതരം വാക്കുകൾ ഉപയോഗിക്കുന്നു. ദൈവം നമുക്കായി ചെയ്യുന്നത് ദാനമാണ്. അവന്റെ *കൃപ* വെളിപ്പെടുത്തുവാനായിട്ടാണ്.

**വാക്യം 16.** വീണ്ടും പൗലൊസ് ആദാമിന്റെ ഒരു പ്രവർത്തിയും ക്രിസ്തുവിന്റെ ഒരു പ്രവർത്തിയും തമ്മിലുള്ള വൈരുദ്ധ്യം കൂടുതലായി വെളിപ്പെടുത്തുന്നു: **പാപം ചെയ്ത ഒരുവന്റെ (ആദാം) പ്രവർത്തിയുടെ ഫലം പോലെ യല്ല യേശുവിന്റെ കൃപാദാനം.**[52] അപ്പൊസ്തലൻ വീണ്ടും ചൂണ്ടിക്കാണിയ്ക്കുന്നത് ദൈവത്തിന്റെ ദാനം ചെയ്യുന്നത് ആദാമ്യപാപത്തെ കവിയുന്ന രീതിയിൽ ദൈവത്തിന്റെ ദാനം സമൃദ്ധമായി പ്രവർത്തിക്കുന്നു എന്നാണ്.

**ഒരു വിധത്തിൽ ഒരു പാപത്തിൽനിന്നും ന്യായവിധി ഉായി** (ആദാമ്യപാപം) **ഇവിടെ കോടതി ഭാഷ ഉപയോഗിച്ചിരിക്കുന്നു.** ഈ ലേഖനത്തിൽ ഇതരഭാഗങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ തന്നെ ന്യായവിധി എന്നത് κρίμα (*krima*) വിധി. ശിക്ഷാവിധി κατάκριμα (*katakrima*) എന്നാൽ വിധിയ്ക്കനുസാരമായി ശിക്ഷ വിധിക്കുക എന്ന കൂടുതൽ ശക്തിയായ പദമാണ്. ശിക്ഷാവിധി (κατάκριμα) അർത്ഥമാക്കുന്നത് മനുഷ്യവർഗ്ഗത്തിന്മേൽ വന്നിട്ടുള്ള സകല ദോഷങ്ങളും ശാരീരിക മരണവും ആണ്.[53] ഒരു ഒറ്റ പാപം, ജീവിച്ചിട്ടുള്ള സർവ്വ മനുഷ്യർക്കും വരുവാൻ തക്കവണ്ണം ഇടയായി. പുരുഷന്മാർക്കും

സ്ത്രീകൾക്കും കുട്ടികൾക്കും![54]

മറിച്ച്, **കൃപാദാനം അനേകം ലംഘനങ്ങളെ മോചിക്കുന്ന നീതീകരണ വിധിക്ക് കാരണമായിത്തീർന്നു.** അനേകം ലംഘനങ്ങളിൽ–ഒരു ലംഘനം ഇത്ര ഭയങ്കരവും സർവ്വമനുഷ്യരിലും വ്യാപിക്കുന്നതും അവരെ ബാധിക്കുന്നതുമാണെങ്കിൽ അനേക ലംഘനങ്ങൾ എത്രയോ അതിഭയങ്കരമായിരിക്കും. ആദ്യത്തെ പാപത്തിനുശേഷം ചെയ്യപ്പെട്ടിട്ടുള്ള എത്രയോ എണ്ണുവാൻ അസാദ്ധ്യമായ പാപങ്ങൾ അതിന്റെ ഫലങ്ങൾ എല്ലാം എത്രയധികമായിരിക്കും. ഒരു മനുഷ്യനും ഊഹിക്കാൻ സാധിക്കാത്തവിധം കോടാനുകോടി പാപങ്ങൾ ചെയ്തു കൂട്ടിയ മനുഷ്യ ജാതി. ലോർഡ് പറയുന്നത് പാപത്തിന്റെ വലിപ്പത്തെയും ഭയങ്കരത്വത്തെയും ഒരു മനുഷ്യനും ഊഹിയ്ക്കുവാൻ കഴിയുന്നതിനപ്പുറമാണ്. ഒരു അൻപതുവർഷം ജീവിച്ച ഒരാൾക്ക് ലഭിയ്ക്കാവുന്ന ശിക്ഷ എത്ര വലുതായിരിക്കും.[55]

അങ്ങനെ എത്രയധികം ആളുകൾ ജീവിച്ചോ ആ സംഖ്യകൊണ്ട് അതിനെ ഗുണിച്ചാൽ ആ സംഖ്യയൊക്കെ നമുക്കു ചിന്തിക്കാവുന്നതിലപ്പുറം ആയിരിക്കും. അങ്ങനെ ഈ ചോദ്യം ചോദിയ്ക്കാം: ദൈവത്തിന്റെ കൃപാദാനം ആദാമിന്റെ പാപത്തിനും അതിന്റെ ശിക്ഷയ്ക്കും പിന്നെയുള്ള അനേക ലംഘനങ്ങൾക്കും മതിയായതാണോ?

പൗലൊസിന്റെ മറുപടി മുഴങ്ങുന്ന ദൃഢമായ സ്വരത്തിൽ അതെ എന്നാണ്. കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധിയുടെ ഫലമായി നീതീകരണം ലഭിയ്ക്കുമെന്നാണ്. വീണ്ടും പൗലൊസ് നിയമപരമായ വാക്കുകൾ ഉപയോഗിക്കുന്നു. NEB പറയുന്നത് കൃപയുടെ പ്രവർത്തി – കുറ്റക്കാരനല്ല എന്ന വിധി. വേറെവാക്കിൽ പറഞ്ഞാൽ ആദാമിനും അവന്റെ പിൻഗാമികൾക്കും മേലെ പ്രസ്താവിക്കപ്പെട്ട വിധി യേശുക്രിസ്തുവിൽ കൂടെ തിരിച്ചിടപ്പെട്ടു.

ശാരീരിക മരണത്തെ സംബന്ധിച്ച് ഇതു വളരെ ശരിയാണ്. ഇപ്പോഴും നാം മരിക്കുന്നു (എബ്രാ. 9:27). എന്നാൽ യേശു മൂലം മരണം ഒരു സ്ഥിരമായ അവസ്ഥയല്ല (യോഹ. 5:28, 29). ആത്മീയ മരണത്തെക്കുറിച്ചും ഇതു ശരിയാണ്. പൗലൊസിന്റെ ഈ വാക്യത്തിലെ ശക്തീകരണം ദൈവത്തിന്റെ പൂർണ്ണ പര്യാപ്തതയുള്ള ദാനത്തെയാണെന്നുള്ള കാര്യം നമ്മുടെ മനസ്സുകളിൽ ഉണ്ടായിരിക്കണം. ആ കാര്യം "ഏറ്റവും അധികമായി ജീവനിൽ വാഴും" എന്നുള്ള വാക്യാംശത്തിൽ കൂടെ അറിയിച്ചിരിക്കുന്നു. റോമർക്കെഴുതിയ ലേഖനത്തിൽ നീതീകരണം അർത്ഥമാക്കുന്നത് ദൈവത്തിന്റെ കാഴ്ചയിൽ നീതിമാനാണെന്ന് (കുറ്റമില്ലാത്തവനാണെന്ന്) കണക്കാക്കുകയാണ്. അതുപോലെ ഈ വാക്യത്തിൽ (*δικαίωμα*, *dikaiōma*) യിൽ ദാനത്തിന്റെ ആത്മീയ പ്രയോജനം ഉൾക്കൊണ്ടിട്ടുണ്ട്. ക്രിസ്തുവിന്റെ യാഗത്തിന്റെ നീതീകരിയ്ക്കുവാനുള്ള ശക്തി എത്രയെന്ന് നമുക്ക് മനസ്സിലാക്കുവാൻ പ്രയാസമാണ്. അപാരമാണ് എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ അപാരമായ നീതീകരണ ശക്തി എണ്ണാൻ കഴിയാത്ത അനവധിയായുള്ള പാപങ്ങളെ എണ്ണാൻ പറ്റാത്തിടത്തോളം ജനങ്ങൾ ചെയ്തുകൂട്ടിയത്. മനുഷ്യർ ഏതു നിമിഷങ്ങളിലും ചെയ്തവ വിശ്വാസിക്ക് അസാധുവാക്കിക്കൊടുക്കുന്നു.

**വാക്യം 17.** വീണ്ടും പൗലൊസ് ദൈവത്തിന്റെ ദാനത്തിന്റെ ആത്മീയ അർത്ഥം ശക്തിപ്പെടുത്തി പറയുന്നു. **ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ** (5:14 ന്റെ വ്യാഖ്യാനം കാണുക). ചഋആയിൽ ഒരാളുടെ പാപം മൂലം പാപം അതിന്റെ ഭരണം ഉറപ്പിച്ചു. പൗലൊസ് തന്റെ

വൈരുദ്ധ്യവാദം കൊണ്ടുവരുന്നു: **കൃപയുടെയും നീതി ദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.**

17-ാം വാകൃത്തിൽ കുറഞ്ഞപക്ഷം മൂന്നു കാര്യങ്ങളിലെങ്കിലും വൈരുദ്ധ്യം കൊണ്ടു വന്നിട്ടുണ്ട്. ഒന്നാമത്തേത് ദാനത്തിന്റെ ഫലം ഏറ്റവും അധികമാണ്. (ലംഘനത്തിന്റെ ഫലത്തേക്കാൾ) സമൃദ്ധി എന്ന വാക്കുപയോഗിച്ച് വീണ്ടും ശക്തിപ്പെടുത്തിയിട്ടുണ്ട്. "ഏറ്റവും അധികമായി (περισσεία, *perisseia*)" എന്നത് നീതിദാനത്തിന്റെ സമൃദ്ധി ലഭിക്കുന്നവരെക്കുറിച്ച് പറഞ്ഞിരിക്കുന്നു. നീതി എന്നത് നീതീകരിയ്ക്കുക (δικαιοσύνη, *dikaiosunē*) എന്ന വാക്കിന്റെ കുടുംബത്തിൽ നിന്നു തന്നെ ഉള്ളതാണ്. ദൈവത്തിന്റെ വീക്ഷണത്തിൽ നീതിയുള്ളവനായി എണ്ണപ്പെടുക എന്ന അർത്ഥം ആണ്.

രണ്ടാമത്തെ വൈരുദ്ധ്യം അതിന്റെ ഉള്ളിൽ അടങ്ങിയിരിക്കുന്നു. ആദാമിന്റെ ലംഘനത്തിന്റെ ഒരു ഫലത്തോട് നമുക്ക് ഒരു തെരഞ്ഞെടുപ്പില്ല. നാം ജനിച്ചു എങ്കിൽ മരിച്ചേ തീരൂ. ക്രിസ്തു തിരികെ വരുമ്പോൾ ജീവനോടിരിക്കുന്നവർ മാത്രം മരിക്കയില്ല (1 തെസ്സ. 4:15-17). എന്നാൽ നമുക്ക് ദൈവത്തിന്റെ സർവ്വപ്രധാനമായ ദാനത്തെക്കുറിച്ച് നമുക്കൊരു തെരഞ്ഞെടുപ്പുണ്ട്. നീതിമാൻ എന്ന് എണ്ണപ്പെടുന്നതിൽ. അതുകൊണ്ടാണ് പൗലൊസ് കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ എന്ന് പറഞ്ഞത്. ഏതു ദാനവും സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യാം. ദൈവത്തിന്റെ ദാനം വിശ്വാസത്തിന്റെ അനുസരണത്താൽ *സ്വീകരിക്കുന്നവർക്കു* മാത്രമെ (റോമ. 1:5; 16:26) ദാനത്തിന്റെ പൂർണ്ണ പ്രയോജനം ലഭിയ്ക്കുകയുള്ളൂ.

മൂന്നാമത്തെ കാര്യം വൈരുദ്ധ്യം - അപ്രതീക്ഷിതമാണ്. 17-ാം വാകൃത്തിന്റെ ആദ്യഭാഗത്ത് *മരണം* വാഴുന്നതിനെക്കുറിച്ചു പറയുന്നു. നാം മുമ്പോട്ടു പോകുമ്പോൾ നാം പ്രതീക്ഷിയ്ക്കും ക്രിസ്തുവിൽ കൂടെ *ജീവൻ* വാഴും എന്ന്. അതിനുപകരമായി പൗലൊസ് പറയുന്നത് ദാനം ലഭിയ്ക്കുന്നവർ ജീവനിൽ വാഴും എന്നാണ് പറയുന്നത്. അടിമകൾ (പാപികൾ) ഭരണാധികാരിയായ മരണത്തോട് സ്ഥലം മാറും!

ക്രിസ്ത്യാനി ക്രിസ്തുവിന്റെ രാജ്യത്തിൽ ഭാഗികമായി ഭരിക്കും. സഭ (വെളി. 1:6; 5:10) ക്രിസ്തുവിനോടുകൂടെ നിത്യതയിൽ ഭരിയ്ക്കും (2 തിമൊ. 2:12) ജീവനിൽ വാഴുന്നതിനെ സംബന്ധിച്ച് നാം യേശുവിന്റെ പ്രസ്താവന ഓർക്കുമല്ലോ. "അവർക്കു ജീവൻ ഉണ്ടാകേണ്ടതിനും സമൃദ്ധിയായി ഉണ്ടാകേണ്ടതിനും ഞാൻ വന്നിരിക്കുന്നു (യോഹ. 10:10). നമുക്ക് ഇപ്പോൾ ക്രിസ്തുവിൽ പുതിയ ജീവനുണ്ട് (റോമ. 6:4). ഒരു നാൾ നാം സ്വർഗ്ഗത്തിൽ നിത്യജീവൻ അനുഭവിയ്ക്കും (റോമ. 6:23, തീത്തൊ.1:2)

വീണ്ടും ശക്തിപ്പെടുത്തുന്നത് *ഒരാൾ* (ആദാം) ദുഃഖം കൊണ്ടുവന്നു. *ഒരാൾ* (ക്രിസ്തു) സന്തോഷം കൊണ്ടുവന്നു. "ഏകന്റെ ലംഘനത്താൽ മരണം. ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിയ്ക്കുന്നവർ യേശു ക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും".

## ആദാമിനെയും ക്രിസ്തുവിനെയും താരതമ്യപ്പെടുത്തിയിരിക്കുന്നു 5:18-21)

**18അങ്ങനെ ഏകലംഘനത്താൽ സകലമനുഷ്യർക്കും ശിക്ഷാവിധി വന്ന**

**തുപോലെ ഏക നീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതീക രണവും വന്നു. [19]ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപ ികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാ ന്മാരായിത്തീരും. [20]എന്നാൽ ലംഘനം പെരുകേണ്ടതിന് ന്യായപ്രമാണവും ഇടയിൽ ചേർന്നുവന്നു. [21]എങ്കിലും പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താ വായ യേശു മുഖാന്തിരം നീതിയാൽ നിത്യ ജീവനായി വാഴേണ്ടതിനു തന്നെ.**

പാഠത്തിന്റെ കഴിഞ്ഞ ഭാഗത്തിലെ ശക്തീകരണം (5:15–17) ആദാമും യേശുക്രിസ്തുവും തമ്മിൽ ഉള്ള *വൈരുദ്ധ്യ*ത്തിന്മേലായിരുന്നുവല്ലോ പൗലൊസ് പറയുന്നത് ദൈവത്തിന്റെ ദാനവും ലംഘനത്തിന്റെ കാര്യവും ഒരു പോലെയല്ല (5:15) എന്നാൽ ഈ ഭാഗത്ത് 5:18–21ലെ കേന്ദ്രീകരണം ആദ ാമും ക്രിസ്തുവും തമ്മിലുള്ള *താരതമ്യ*ത്തിനുമേലാണ്. താരതമ്യങ്ങളുടെ സൂചികകൾ മിക്കവാറും എല്ലാ വാക്യങ്ങളിലും ഉണ്ട് (5:18). അങ്ങനെ (5:19), വന്നതുപോലെ (5:21) പാപം മരണത്താൽ വാണതുപോലെ ഈ ഭാഗത്തിന്റെ അവസാനഭാഗത്ത് അപ്പൊസ്തലൻ ആദാമിലും ക്രിസ്തുവിലുമുള്ള സമാനത എടുത്തു പറയുന്നു. അഥവാ അവരുടെ പ്രവർത്തികൾ തമ്മിലുള്ള സമാനത എടുത്തുപറയുന്നു.

**വാക്യം 18.** നേരത്തെ പറഞ്ഞതുപോലെ പൗലൊസ് 12–ാം വാക്യത്തിൽ തുടങ്ങിയ വാചകം ഇനിയും അവസാനിപ്പിക്കുന്നില്ല. ‘‘അതുകൊണ്ട് ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം എല്ലാവരിലും പരന്നിരിക്കുന്നു. എല്ലാവരും പാപം ചെയ്കയാൽ....’’ പൗലൊസ് ഈ വാചകം പൂർത്തിയാ ക്കിയിട്ടില്ലെങ്കിലും തന്റെ ആശയം നഷ്ടപ്പെടുത്തിയില്ല. 18–ാം വാക്യത്തിൽ 12–ാം വാക്യത്തിലെ ചിന്ത തുടരുന്നു. **ഏക മനുഷ്യന്റെ അനുസരണക്കേടിന ാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും. ഏകലംഘനം ഏദെൻ തോട്ടത്തിൽ വച്ച് ആദാം ചെയ്ത ലംഘനമായിരുന്നു.** ഏകന്റെ അനുസരണം എന്നത് യേശു വിന്റെ ക്രൂശിന്മേലുള്ള മരണം ആയിരുന്നു.

ചിലർ 18–ാം വാക്യം (universalism) അതായത് സർവ്വമനുഷ്യരും രക്ഷിയ്ക്ക പ്പെടും എന്ന ആശയം പഠിപ്പിക്കുവാൻ ഉപയോഗിക്കുന്നു. ആ വൈരുദ്ധ്യമായ ആശയം മറ്റു ഭാഗങ്ങളിലുള്ള വേദപുസ്തക സത്യങ്ങൾക്ക് വിരുദ്ധമാണ്. (2:5–9, മത്താ 7:13, 14; 25:41, 46) എന്നാൽ ഈ ഭാഗം യൂണിവേഴ്സലിസം പഠിപ്പിക്കുന്നില്ലെങ്കിൽ പിന്നെ എന്താണ് പഠിപ്പിക്കുന്നത്?

ഈ മുഴുവൻ ഭാഗത്തിന്റെയും പ്രാഥമികമായ തള്ളൽ എന്തെന്നുവച്ചാൽ ആദാമിന്റെ പാപം പരിശോധനകളും പരീക്ഷകളും ഉള്ള ലോകത്തിൽ ജീവിച്ച് അവസാനം ശാരീരികമായി മരിക്കുവാൻ ശിക്ഷ വിധിയ്ക്കപ്പെട്ടു. ഈ മര ണവിധിയെ യേശുവിന്റെ ഒരൊറ്റ പ്രവർത്തി മൂലം തിരിച്ചുവിട്ടു. ഇപ്പോൾ കർത്താവിന്റെ സഹായത്താൽ നമുക്ക് പാപത്തിന്റെയും മരണത്തിന്റെയും മേൽ ജയം ലഭിക്കും (8:11, 13, 35–39).

ശിക്ഷാവിധി എന്നതും നീതീകരണം എന്നതും ആത്മീയ മേഖലകളി ലേക്ക് തൂക്കണമോ? അങ്ങനെയാണെങ്കിൽ 18–ാം വാക്യം ഒരു വ്യവസ്ഥയുടെ പ്രസ്താവനയായി കണക്കാക്കണം. പ്രസ്താവിയ്ക്കപ്പെടാത്തതും മനസ്സിൽ

ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ വ്യവസ്ഥയായി കരുതിക്കൊണ്ട് അങ്ങനെയെങ്കിൽ പ്രസ്തുത വാക്യം താഴെ പറയും വണ്ണം വായിക്കണം. "അപ്പോൾ ഏകലംഘനത്താൽ എല്ലാവർക്കും ശിക്ഷാവിധി വന്നതുപോലെ (പാപം ചെയ്യുന്ന) ഒരു നീതി പ്രവർത്തിയാൽ നീതീകരണവും വന്നു. (വിശ്വസിക്കുന്നവർക്ക്)."[58]

ഒരാൾ 18-ാം വാക്യം വ്യാഖ്യാനിക്കുമ്പോൾ ഈ കാര്യം വ്യക്തമാക്കുന്നു. ആദാമിന്റെ പ്രവർത്തിയും ക്രിസ്തുവിന്റെ പ്രവർത്തിയും ഒരു പോലെയകുന്നു എന്നത് രണ്ടു പ്രവർത്തനത്തിനും സാർവത്രികമായ പ്രതിധ്വനിയുണ്ട് എന്നതിൽ മാത്രമാണ്.

**വാക്യം 19**. ആദാമിന്റെയും ക്രിസ്തുവിന്റെയും പ്രവർത്തികൾ സമാനമാണെന്ന് പറയുന്നതിന്റെ കാരണം രണ്ടും അനുസരിക്കുകയോ, അനുസരിക്കാതിരിക്കയോ ചെയ്യുന്ന വസ്തുതയാണ് രണ്ടിലും ഉള്ളത് എന്നതുകൊണ്ടാണ്. **ഏകമനുഷ്യന്റെ *അനുസരണക്കേടിനാൽ* അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ (എല്ലാവരും) നീതിമാന്മാരായിത്തീരും.**

ഏദെൻ തോട്ടത്തിൽ ആദാമിന് ഒന്നുകിൽ ദൈവത്തെ അനുസരിയ്ക്കാമായിരുന്നു. അല്ലെങ്കിൽ അനുസരിക്കാതെയിരിക്കാമായിരുന്നു. ആദാം അനുസരിയ്ക്കാതെയിരിക്കുവാൻ തീരുമാനിച്ചു. ഗെത്ത്സെമന തോട്ടത്തിൽ യേശുവിന് അതുപോലെയൊരു തെരഞ്ഞെടുപ്പു നടത്തണമായിരുന്നു. എന്നാൽ ഫലത്തിൽ ആദാം പറഞ്ഞു എന്റെയിഷ്ടം നടക്കട്ടെ. യേശുപറഞ്ഞു നിന്റെയിഷ്ടം നടക്കട്ടെ (മത്തായി 26:42; KJV).[59] ക്രിസ്തുവിന്റെ പിതാവിനെ അനുസരിക്കാനുള്ള മനസ്സ് താഴെ പറയുന്ന ഭാഗങ്ങളിൽ ശക്തിപ്പെടുത്തി കാണിച്ചിരിക്കുന്നു:

> എബ്രാ. 5:8,9. പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു. തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു (എബ്രാ. 5:8, 9).
>
> മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു (ഫിലി. 2:8).

19-ാം വാക്യത്തിൽ പൗലൊസ് പറയുന്നത്. ആദാമിന്റെ അനുസരണക്കേടിന്റെ ഒരു ഫലം "എല്ലാ മനുഷ്യരും പാപികളായിത്തീർന്നു ഇതു മനസ്സിലാക്കുന്നതിനുള്ള ഏറ്റവും ലളിതമായ മാർഗ്ഗം. ആദാമിന്റെ പാപം സർവ്വജനങ്ങളെയും ബാധിച്ചു എന്നതാണ്. നാമെല്ലാം ആദാമിന്റെ പാപത്തിന്റെ ഫലം അനുഭവിച്ചുകൊണ്ടിരിയ്ക്കുന്നതിനാൽ നാം തന്നെ ആ പാപം ചെയ്തതുപോലെയാണ്.

അതുപോലെ യേശുവിന്റെ അനുസരണത്താൽ എല്ലാവരും നീതിമാന്മാരായിതീരും. വീണ്ടും ശക്തികരണം വാചകങ്ങളുടെ തിരിച്ചിടലിലാണ്. 19-ാം വാക്യത്തിന്റെ ഹൃദയഭാഗം തോമസ് ഇങ്ങനെ ചുരുക്കി: സ്വന്തം കുറ്റം കൂടാതെതന്നെ എല്ലാവരും പാപികളായി. അതുപോലെ ഏകന്റെ അനുസരണത്താൽ എല്ലാവരും നീതിമാന്മാരായിത്തീരും (അവരുടെ സ്വന്ത യോഗ്യത കണക്കാക്കാതെ).[60]

19-ാം വാക്യം വ്യവസ്ഥയോടുകൂടിയ വാക്യമായി കണക്കാക്കാം.

വ്യവസ്ഥ പ്രസ്താവിയ്ക്കപ്പെടാതെ മനസ്സിലാക്കപ്പെടുന്നു. ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നു (അവർ അനുസരിക്കാതെയിരുന്നപ്പോൾ). അതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും (അവർ അനുസരിക്കുമ്പോൾ).

**വാക്യം 20.** യഹൂദന്മാരായ വായനക്കാർ എങ്ങനെ പ്രതികരിക്കുമെന്നതിനെക്കുറിച്ച് പൗലൊസ് എപ്പോഴും ഓർമ്മയുള്ളവനായിരുന്നു. അതുകൊണ്ട് താൻ തന്റെ ചിന്താസരണി അല്പമൊന്നു മാറ്റി അവർ ചോദിച്ചേക്കാവുന്ന ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കുന്നു. "മോശെയുടെ ന്യായപ്രമാണത്തെക്കുറിച്ച് എന്തു പറയുന്നു? ന്യായപ്രമാണം ശരിയല്ലേ? ആദാമ്യലംഘനം ഉണ്ടാക്കിയ വിഷമകരമായ സാഹചര്യത്തെ നന്നാക്കുന്നുണ്ടോ?" പൗലൊസിന്റെ മറുപടി മുഴങ്ങുന്നു 'ഇല്ല!'

അപ്പൊസ്തലൻ പറഞ്ഞു, **ലംഘനം പെരുകേതിന് ന്യായപ്രമാണവും**[61] **ഇടയിൽ ചേർന്നുവന്നു.** ആ പ്രസ്താവനയോട് ചിലർ താഴെപ്പറയുന്ന രീതിയിൽ പ്രതികരിച്ചേക്കാം. ന്യായപ്രമാണത്തിന്റെ ഉദ്ദേശം നീതി വർദ്ധിപ്പിക്കുകയാണ്. അല്ലാതെ ലംഘനം വർദ്ധിപ്പിക്കുകയല്ല. അതു ശരിയുമാണ്. ഗലാത്യർക്കുള്ള ലേഖനത്തിൽ പൗലൊസ് ഇങ്ങനെ എഴുതി (ഗലാ 3:19), ന്യായപ്രമാണം ലംഘനങ്ങൾ നിമിത്തം കൂട്ടിചേർത്തതും (അബ്രഹാമിനോടു ചെയ്ത ഉടമ്പടിയോട് കൂട്ടിചേർത്തത്) ലംഘനം നിമിത്തം ലംഘനങ്ങളെ നിർവചിക്കുവാൻ വേണ്ടി കൂട്ടിചേർത്തതുമാണ്. ന്യായപ്രമാണം കൊടുത്തത് ആളുകൾ പാപത്തെ തിരിച്ചറിയുവാൻ പഠിയ്ക്കേണ്ടതിനാണ്.

എന്നാൽ, ന്യായപ്രമാണം കൊടുത്തതിന്റെ ഒരു ഫലം പാപം കുറയുന്നതിനു പകരം വർദ്ധിയ്ക്കയാണ് ചെയ്തത്. അതിന്റെ കാരണം 7-ാം അദ്ധ്യായം വ്യാഖ്യാനിയ്ക്കുമ്പോൾ പറയാം. അആയിൽ "അപ്പോൾ ന്യായപ്രമാണം വന്നു ലംഘനങ്ങളെ വലുതാക്കി വർദ്ധിപ്പിക്കേണ്ടതിനു (മാത്രം) അതിനെ കൂടുതൽ വ്യക്തമാക്കുന്നതിനും എതിർപ്പുകളെ പ്രചോദിപ്പിക്കുന്നതിനും).

പൗലൊസ് വ്യക്തമാക്കുന്നത് ന്യായപ്രമാണം കൊടുത്ത് സംഗതികളെ ലഘൂകരിയ്ക്കുന്നതിനല്ല കൂടുതൽ വിഷമകരമാക്കുന്നതിനേ ഇടയാക്കിയുള്ളു. മോറിസ് എഴുതിയത് പാപത്തെ തടയുന്നതിൽ ന്യായപ്രമാണം ഒട്ടും ശ്രദ്ധിച്ചില്ല (അതിനു സമയം വൈകിപ്പോയിരുന്നു). രക്ഷയെക്കുറിച്ചും കരുതിയില്ല (അതിന് ബലഹീനമായിരുന്നു).[62] ബ്രൂസ് അഭിപ്രായപ്പെട്ടത് മോശയുടെ ന്യായപ്രമാണം അവതരിപ്പിച്ചത് പ്രായോഗികമായ ഉപയോഗത്തിനുവേണ്ടി ഒരു താല്ക്കാലികമായ പ്രതിവിധിയായും മാത്രമായിരുന്നു. എന്നാൽ അതിന് വീണ്ടെടുപ്പിന്റെ ചരിത്രത്തിൽ അതിന് സ്ഥിരമായ ഒരു പരിഗണന ഇല്ലായിരുന്നു.[63]

ന്യായപ്രമാണം മൂലം പാപം പെരുകിയെന്നു പ്രസ്താവിച്ച ശേഷം പൗലൊസ് ആത്മാവിനാൽ പ്രചോദിതനായി എപ്പോഴും സ്മരിക്കപ്പെടുന്ന ഈ പ്രസ്താവന നൽകി: **പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു** ഈ സത്യം വ്യക്തമാക്കുവാൻ പൗലോസ് പല ഗ്രീക്കു പദങ്ങൾ ഉപയോഗിച്ചു. Increased എന്ന വാക്ക് πλεονάζω (*pleonazō*) എന്ന വാക്കിൽ നിന്നുമാണ് (Abounded all the more എന്നത് ὑπερπερισσεύω (*huperperisseuō*) ൽ നിന്നും. 20-ാം വാക്യത്തിന്റെ അവസാന ഭാഗം ഇങ്ങനെ പരിഭാഷപ്പെടുത്താം "പാപം പെരുകിയിടത്ത് കൃപ അത്യന്തം വർദ്ധിച്ചു" വേറെ വാക്കിൽ പറഞ്ഞാൽ ദൈവത്തിന്റെ കൃപ ഏതു പാപപ്രശ്നത്തെയും പരിഹരിക്കുവാൻ അധികമായി മതിയായതാണ്. Phillips ഇങ്ങനെ അർത്ഥം പറയുന്നു. പാപം

എത്ര വിസ്തൃതമെന്നും ആഴമേറിയതും എന്ന് കാണിച്ചാലും ദൈവത്തിന്റെ കൃപ അതിലധികം വിസ്തൃതവും ആഴമേറിയതും ആകുന്നു!

**വാക്യം 21.** 20 വാക്യത്തിലെ പാപം, കൃപ എന്നീ വിഷയങ്ങൾ പ്രധാനചിന്താധാരയിലേക്ക് പൗലൊസിനെ എത്തിച്ചിരിക്കുന്നു. മാത്രമല്ല ക്രിസ്തുവിനെയും ആദാമിനെയും ഉള്ള മൂന്നാമത്തെ താരതമ്യത്തിലേക്കും 21-ാം വാക്യം ഇങ്ങനെ ആരംഭിക്കുന്നു, **പാപം മരണത്താൽ വാണതുപോലെ** ഈ അദ്ധ്യായത്തിനു തന്നെ നേരത്തേ പൗലൊസ് മരണത്തെ ഭരിയ്ക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട് (5:14, 17). ഇപ്പോൾ അല്പം ഒരു വ്യത്യാസം വരുത്തി, പാപത്തെ മർദ്ദന ഭരണകർത്താവ് ആയി സങ്കല്പ്പിച്ച് മരണഭീഷണിയാൽ തന്റെ പ്രജകളെ ഭയപ്പെടുത്തി നിയന്ത്രിക്കുന്ന ഒരു ഭരണാധികാരിയായി കാണിച്ചിരിക്കുന്നു. ചഇഢയിൽ നമ്മെ ഭരിയ്ക്കുവാൻ പാപം മരണത്തെ ഉപയോഗിച്ചു എന്നാണ്.

വീണ്ടും കൃപയുടെ പാപത്തിന്മേലുള്ള ഉന്നതമായ അവസ്ഥയെക്കുറിച്ച് ശക്തിപ്പെടുത്തി കാണിക്കുന്നു: "**കൃപയും നീതിയാൽ നിത്യജീവനായി വാഴേതിനു തന്നെ.**" മനുഷ്യ വർഗ്ഗത്തെ ഭരിക്കുന്നതിന് പാപം 'ഭയ' ത്തെ ഉപയോഗിക്കുന്നു. കൃപ 'സ്നേഹ'ത്തെ ഉപയോഗിക്കുന്നു (1 യോഹ. 4:18). "തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു." വിശ്വാസത്താൽ കൃപ സ്വീകരിച്ചവരുടെ ഹൃദയങ്ങളിൽ മാത്രമാണ് കൃപ ഭരണം നടത്തുന്നത്. എന്ന് നമുക്കെല്ലാം നന്നായി അറിയാം. അങ്ങനെ ചകഞഢ വാക്യത്തിന്റെ ഈ ഭാഗം ഇങ്ങനെ തർജ്ജമ ചെയ്യുന്നു. ദൈവവുമായി നിരന്നവരുടെ ജീവിതങ്ങളിൽ കൃപ ഭരണം നടത്തുന്നു.

പൗലോസ് തന്റെ ചിന്താധാര സമാപിപ്പിക്കുമ്പോൾ താൻ അന്തിമമായതിലേക്കു തിരിയുന്നു. സമൃദ്ധിയായ ദൈവകൃപ **യേശുക്രിസ്തുമൂലം നീതിയാൽ നിത്യജീവനായി വാഴേതിനുതന്നെ**. "ദൈവസാന്നിദ്ധ്യത്തിൽ വസിക്കുക" എന്നതാണ് യഥാർത്ഥ ജീവിതം. നിത്യജീവൻ നിത്യത മുഴുവൻ ദൈവത്തിന്റെ സന്നിധിയിലായിരിക്കുക എന്നതാണ് (വെളി. 21:22, 23; 22:3-5). ഒരു പ്രാവശ്യം കൂടെ പൗലോസ് പറയുന്നു, ഇത് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം മാത്രം സാദ്ധ്യമാണ്!

## പ്രായോഗികം

### നീതികരണം എന്ന അനുഗ്രഹം 5:1-11

5-ാം അദ്ധ്യായം 1-11 വരെ പൗലൊസ് ശക്തീകരിച്ചു പറയുന്നത് നീതീകരണം നമുക്ക് സന്തോഷിപ്പാൻ വക നല്കുന്നു. കാരണം അത് ഭൂതകാലത്തേക്കും വർത്തമാനകാലത്തേക്കും ഭാവികാലത്തേക്കും അനുഗ്രഹം നല്കുന്നു:

ഭൂതകാലം - നാം ദൈവത്തോടു നിരപ്പു പ്രാപിച്ചു!
വർത്തമാനകാലം - നാം ദൈവകൃപയിൽ നില്കുന്നു!
ഭാവികാലം - ദൈവമഹത്വത്തിന്റെ പ്രത്യാശ നമുക്കുണ്ട്!

ഈ അനുഗ്രഹങ്ങൾ ഗ്രഹിച്ചാൽ നമുക്കു ഹൃദയത്തിൽ വലിയ സമാധാനമുണ്ട്.

**ക്രിസ്തുവിൽ പുതുജീവൻ (5:1-11)**

5:1–11 വരെയുള്ള വാക്യങ്ങളോടുള്ള ഒരു സമീപനം ക്രിസ്തുവിൽ പുതുജീവൻ എന്നുള്ളതാണ്. ഈ വിഭാഗങ്ങളിൽ പുതിയ പ്രയോജനങ്ങൾ (5:1, 2) പുതിയ മനോഭാവം (5:3–5a) പുതിയ നിർണ്ണയം (5:5b–11).

**നമ്മുടെ കുട്ടികളെ പഠിപ്പിക്കുക (5:1-8)**

5:1–8 വരെയുള്ള നിർണ്ണയങ്ങൾ താൻ പഠിപ്പിച്ചിരുന്ന ആളുകൾക്ക് പങ്കിടണമെന്ന് പൗലൊസ് ആഗ്രഹിച്ചു. നാം പഠിപ്പിക്കുന്ന എല്ലാവരും ഈ വാക്യങ്ങളിലെ സത്യങ്ങൾ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ കുട്ടികളുടെ മനസ്സിൽ ഈ ധാരണകൾ പതിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള മൂന്നു സത്യങ്ങൾ നമുക്ക് നോക്കാം.

*ഒന്ന്, യഥാർത്ഥ സമാധാനം, ഉഗ്രസംഘട്ടനങ്ങളില്ലാത്തയിടത്ത് കാണുന്നില്ല. എന്നാൽ അത് ദൈവസന്നിധിയിൽ ഉണ്ട്. 5:1, 2)* "സമാധാനത്തിനു വേണ്ടിയുള്ള അന്വേഷണം മനുഷ്യന് സാർവ്വലൗകികമായതും[64] വിട്ടുമാറാത്തതുമായ അവസ്ഥയാണ്. ഒരു പ്രശാന്തതയോ സ്വസ്ഥതയോ ചിലപ്പോൾ അനുഭവിയ്ക്കുവാൻ കഴിയുമെങ്കിലും അത് വേഗത്തിൽ തകർന്നു പോകും. പാപരോഗത്താൽ വലയുന്ന ലോകത്തിന് ഒരിക്കലും സമാധാനമില്ല. ഇളകിമറിഞ്ഞ മനസ്സാണെപ്പോഴും. ഒരു ഒഴികഴിവുമില്ല. നമ്മുടെ കുട്ടികളെ ജീവിതയാഥാർത്ഥ്യങ്ങൾക്കായി ഒരുക്കണമെങ്കിൽ അവർ യഥാർത്ഥ സമാധാനം ഉഗ്രസംഘട്ടനങ്ങളില്ലാത്ത സ്ഥാനത്ത് കാണുന്നില്ലെയെന്നും ദൈവസന്നിധിയിൽ മാത്രമെ അതു ലഭിയ്ക്കൂ എന്നും അവർ അറിഞ്ഞിരിക്കണം.

*രാമതായി ഉപദ്രവങ്ങൾ ക്ലേശങ്ങൾ ബുദ്ധിമുട്ടുകൾ ഇവ നമ്മെ നന്നാക്കുകയാണോ നാം അവയാൽ കൈപ്പുനിറഞ്ഞവരാകുകയാണോ എന്നുള്ളത് നാം തീരുമാനിക്കേണം (5:3–5a).* കഷ്ടങ്ങളും പ്രയാസങ്ങളും ഒഴിച്ചുകൂടാത്ത കാര്യങ്ങളാണ് (യോഹ. 16:33, പ്രവർത്തി. 14:22; 2 തിമോ. 3:12). ഉടനെയോ കുറെ താമസിച്ചോ നമ്മുടെ കുട്ടികൾ കഠിനമായി പരീക്ഷിക്കപ്പെടും. ജീവിതത്തിന്റെ കഠിനമായ യാഥാർത്ഥ്യങ്ങൾക്കുവേണ്ടി അവരെ എങ്ങനെ ഒരുക്കുവാൻ കഴിയും? റോമർ 5:3–5a ലുള്ള സത്യങ്ങളെ അവരിൽ കടത്തുകയല്ലാതെ യാതൊരു നല്ലവഴിയും ഇല്ല. പുതിയ നിയമത്തിലുള്ള പ്രധാന ഭാഗമായവ കഷ്ടതയുടെ വിലയെക്കുറിച്ച് എഴുതപ്പെട്ട ഭാഗം (കാണുക യാക്കൊ. 1:2, 3; 1 പത്രൊ. 1:6, 7). തങ്ങൾക്ക് ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാകുമെന്ന് നമ്മുടെ കുട്ടികൾ അറിഞ്ഞിരിക്കണം. വിശ്വാസത്തോടുകൂടെ അവർ പ്രയാസങ്ങളെ അഭിമുഖീകരിച്ചാൽ അത് അവരെ നന്നാക്കുമെന്നും കൈപ്പുള്ളവരാക്കുകയില്ലെന്നും അവർ അറിയണം!

കുറെ വർഷങ്ങൾക്ക് മുൻപ് ഒരു ബ്രിട്ടീഷ് നയതന്ത്ര പ്രതിനിധി, സൈപ്രസിലെ ഗവർണ്ണറായി ജോലി ചെയ്യുകയായിരുന്നു. ഒരിക്കൽ ഒരു രാഷ്ട്രീയ പ്രശ്നത്തിൽ പെട്ടു. അദ്ദേഹത്തിന്റെ പിതാവ് 6 വാക്കുകളുള്ള ഒരു കേബിൾ അയച്ചു. "രണ്ടു കൊരിന്ത്യർ നാല്, എട്ട്, ഒൻപത് എന്നായിരുന്നു സന്ദേശം". മകൻ ഈ വാക്യങ്ങൾ വായിച്ചു. അതിങ്ങനെ, "ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല; ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല. വീണു കിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല" (2 കൊരി. 4:8, 9). തന്റെ പിതാവിന്റെ മനസ്സിനെ ആശ്വസിപ്പിക്കുവാൻ മകൻ

ഇങ്ങനെ വേറൊരു കേബിൾ തിരിച്ചയച്ചു. “കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന റിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു” (റോമർ. 5:3, 4).[65]

*മൂന്നാമതായി എന്തുതന്നെ സംഭവിച്ചാലും ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന സത്യത്തെ മുറുകെപ്പിടിച്ച് ആശ്രയിച്ചുകൊള്ളണം* (5:5b–8). എല്ലാവർക്കും തങ്ങൾ വേറൊരാൾക്ക് പ്രധാനപ്പെട്ടതാണെന്ന് തോന്നുവാൻ ആഗ്രഹിക്കുന്നവരാണ്. താൻ ഒരു ചെറിയ കുട്ടിയായിരുന്നപ്പോൾ തന്നെ കാൽ മുടന്തിപ്പോകയും വിരൂപമാക്കപ്പെടുകയും ചെയ്ത ഒരു സ്ത്രീ എഴുതിയ ഒരു കഥയുണ്ട് അതിന്റെ പേരു “whisper test” എന്നാണ്. തന്നെ ആർക്കും സ്നേഹിക്കുവാൻ പറ്റുകയില്ലെന്ന് അവർ ചിന്തിച്ചു. ഒരു സ്കൂൾ വർഷത്തിൽ അവളുടെ അദ്ധ്യാപിക അവൾക്ക് കേൾവി പരിശോധനാ പരീക്ഷ നടത്തി. അവൾ ഇരിപ്പിടത്തിൽ ഇരുന്ന് ചില വാക്കുകൾ മന്ത്രിക്കുമ്പോൾ വേറൊരു വിദ്യാർത്ഥി വാതിക്കൽ നിൽക്കണം. ആ വിദ്യാർത്ഥി പിന്നീട് അകത്തുവന്ന് അവൾ മന്ത്രിച്ചതെന്താണെന്ന് അവളോട് പറയണം. അവളുടെ ഊഴം വന്നപ്പോൾ അവൾ വാതിക്കൽ നിന്ന് മന്ത്രിക്കുന്നത് ശ്രദ്ധിച്ചു. ഇതാണ് ആദ്ധ്യാപിക പറഞ്ഞത്. “നീ എന്റെ മകളായിരുന്നെങ്കിൽ എന്നു ഞാനാഗ്രഹിക്കുന്നു” അവൾ പിന്നീടെഴുതി ആ കേട്ട വാക്കുകൾ അവളുടെ ജീവിതത്തെ മാറ്റിമറിച്ചു.[66]

*സമാപനം.* നാം നമ്മുടെ കുട്ടികൾക്ക് ഏതുതരം പൈതൃകമാണ് വിട്ടേച്ചുപോകുന്നത് ചിലർ പണവും വസ്തുക്കളും വിടുന്നു. നമ്മുടെ മക്കൾക്ക് നാം വിട്ടുകൊടുത്തു പോകുന്നത് വസ്തുക്കളല്ല എന്ന കാര്യം പലർക്കും അറിഞ്ഞുകൂടാ. ഒരു ശവമടക്കത്തിൽ പ്രസംഗിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ശുശ്രൂഷയ്ക്കുമുൻപായി കുടുംബാംഗങ്ങളെ ഒന്നു കാണണമെന്നു ഞാനാഗ്രഹിച്ചു. മരിച്ചയാളിന്റെ മകളോട് ഞാൻ ചോദിച്ചു. ഒറ്റവാക്കിൽ അപ്പനേയും അമ്മയേയും എങ്ങനെ വിവരിക്കും. സാധാരണ ഒരോരുത്തൻ വിശ്വസ്തൻ, ദീർഘക്ഷമയുള്ളവൻ, സ്നേഹിക്കുന്നവൻ ഇങ്ങനെയൊക്കെ പറായാറുണ്ട്. എന്നാൽ ഒരു മകനും മകളും ധനവാൻ എന്നോ, വിജയിച്ചവൻ എന്നോ പറഞ്ഞു കേട്ടിട്ടില്ല. പരമാർത്ഥമായി പറഞ്ഞാൽ നമ്മുടെ മക്കൾക്ക് ഏല്പിച്ചുകൊടുക്കാവുന്ന ഏറ്റവും വിലേയറിയ പൈതൃകം റോമർ 5:1–8 ലുള്ള മൂന്നു സത്യങ്ങളാണ്.

### വിശ്വാസം, പ്രത്യാശ, സ്നേഹം (5:1-8)

തന്റെ ലേഖനങ്ങളിൽ പൗലൊസ് വിശ്വാസം, പ്രത്യാശ സ്നേഹം എന്നിവയെ ചേർത്തു പറഞ്ഞിട്ടുണ്ട് (1 കൊരി. 13:13; ഗലാ. 5:5, 6; കൊലൊ. 1:4, 5; 1 തെസ്സ. 1:3). റോമർ 5:1–8 വരെയുള്ള വാക്യങ്ങളിലും ഈ വിധവിഷയങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്. അപ്പൊസ്തലൻ വിശ്വാസത്തിൽ നിന്നും (5:1) പ്രത്യാശയിലേക്കും (5:2, 4, 5) സ്നേഹത്തി (5:5, 8) ലേക്കും നീങ്ങുന്നു.

### പ്രത്യാശ (5:2)

ഒരിക്കൽ ഒരു ബാലൻ തീപ്പൊള്ളലേറ്റ് ആശുപത്രിയിൽ കിടക്കയിലായിരുന്നു. മിക്കവാറും ശരീര ഭാഗങ്ങൾ മൂന്നാം ഡിഗ്രി പൊള്ളലേറ്റിരുന്നു സുഖപ്പെടുന്നത് വളരെ കുറവായിരുന്നു. ഒരു ദിവസം അവന്റെ അദ്ധ്യാപകൻ അടുത്തുവന്ന് സ്കൂളിലെ പാഠങ്ങളിൽ നിന്നും വളരെ പിന്നോട്ടുപോകാതിരിക്കുവാൻ അയക്കപ്പെട്ടതാണെന്നു പറഞ്ഞു. തൽക്ഷണം അവൻ സുഖപ്പെ

ടാൻ തുടങ്ങി. ഞാൻ മരിയ്ക്കുവാൻ തുടങ്ങുകയായിരുന്നുവെങ്കിൽ അവർ അദ്ധ്യാപകനെ അയക്കിയില്ലായിരുന്നു എന്ന് അവൻ പറഞ്ഞു.[67] അവനൊരു പ്രത്യാശ ഒടുവിലുണ്ടായി!

**രക്ഷ: ഭൂതകാലം, വർത്തമാനകാലം, ഭാവികാലം (5:6-11)**

നാം ''രക്ഷിയ്ക്കപ്പെട്ടു'' എന്ന പദം കഴിഞ്ഞ കാല പാപങ്ങളിൽ നിന്നും രക്ഷിയ്ക്കപ്പെട്ടതിനെ ഉദ്ദേശിച്ച് നാം ക്രിസ്ത്യാനി ആയസമയത്ത് പറയാറുണ്ട് (മർക്കൊ. 16:16; റോമർ. 10:9). നിത്യമായി രക്ഷിക്കപ്പെട്ടു എന്നും നാം ചിലപ്പോഴൊക്കെ പറയാറുണ്ട് (1 കൊരി. 5:5; റോമ. 13:11). ദിനന്തോറും രക്ഷിയ്ക്കപ്പെട്ടു കൊണ്ടിരിയ്ക്കുന്ന ഒരു സ്ഥിതിയും ഉണ്ട് (1 കൊരി. 1:18; 2 കൊരി. 2:15). ഈ മൂന്നു വിധത്തിലുള്ള ഉപയോഗത്തേയും ഇങ്ങനെ ചുരുക്കത്തിൽ പറയാം:

ഭൂതകാല രക്ഷ: പാപത്തിന്റെ ശിക്ഷയിൽനിന്നും ഉള്ള രക്ഷ
വർത്തമാനകാല രക്ഷ: പാപം തുടർന്ന് നടത്താതെയിരിക്കുന്നത്.
ഭാവി കാല രക്ഷ: പാപത്തിന്റെ സാന്നിദ്ധ്യത്തിൽനിന്നും രക്ഷ (സ്വർഗ്ഗത്തിൽ)

5:1-5ൽ പൗലൊസ് വിശ്വാസത്താലുള്ള നീതീകരണത്തിൽ നിന്നും ഉണ്ടാകുന്ന കഴിഞ്ഞകാല, വർത്തമാനകാല ഭാവികാല അനുഗ്രഹങ്ങളെക്കുറിച്ച് പറയുന്നു. കഴിഞ്ഞ കാലത്തെപ്പറ്റി നാം ദൈവത്തോടു നിരന്നിരിക്കുന്നു എന്ന് പറയുന്നു (5:1). വർത്തമാനകാലത്തെപ്പറ്റി നാം അവന്റെ കൃപയിൽ നില്ക്കുന്നു (5:2) എന്നു പറയുന്നു. ഭാവിയെക്കുറിച്ച് അവന്റെ മഹത്വത്തെക്കുറിച്ച് നമുക്കു പ്രത്യാശയുണ്ടെന്നു പറയുന്നു. 5:6-11ൽ വീണ്ടും മൂന്നു കാലങ്ങളെക്കുറിച്ച് പരമർശിക്കുന്നുണ്ട്.

*ഭൂതകാല രക്ഷ* 5:6-11. കഴിഞ്ഞകാല രക്ഷ എന്നത് നമ്മുടെ പാഠത്തിൽ പ്രധാന വിഷയം തന്നെയാണ്. പാപത്തിന്റെ ഭാരത്താൽ നാം കുനിഞ്ഞു നടന്നിരുന്നു. (3:23; 6:23) എന്നാൽ നാം നീതീകരിക്കപ്പെട്ടു (5:9) ദൈവത്തോടു നിരന്നു (5:10, 11) ഈ രക്ഷ ക്രിസ്തുയേശുവിൽ കൂടി വരുന്നു. പ്രത്യേകമായി പറഞ്ഞാൽ അവന്റെ രക്തം മുഖാന്തരം വരുന്നു (5:9). അവന്റെ മരണത്തിൽ ചൊരിയപ്പെട്ട രക്തം (5:10). നാം അവന്റെ മരണത്തോട് ചേരുവാൻ സ്നാനപ്പെട്ടപ്പോൾ (6:3, 4).

*വർത്തമാനകാല രക്ഷ* (5:9, 10). കഴിഞ്ഞ കാല പാപങ്ങളിൽ നിന്നും രക്ഷിയ്ക്കപ്പെട്ടാൽ പോരാ. ദിനംതോറും നമുക്ക് ആത്മീയസഹായം ആവശ്യമാണ്. നാം തുടർന്നു പാപം ചെയ്യുന്നു എപ്പോഴും നാം പരീക്ഷകളുടെയും പരിശോധനകളുടെയും ഇടയിലാണ്. ജീവിതത്തിലെ വെല്ലുവിളികളുടെ മുൻപ‍ിൽ നാം വിഷമിയ്ക്കുന്നുണ്ട് (മത്താ. 13:22; 1 പത്രോ. 4:12; 1 യോഹ. 1:9). നമ്മുടെ പാഠത്തിൽ രണ്ടിടത്ത് നാം ധാരാളം, എറ്റവുമധികം എന്ന പ്രയോഗം കാണുന്നു (5:9, 10). ദൈവം നമ്മെ കഴിഞ്ഞകാല പാപങ്ങളിൽ നിന്നും രക്ഷിയ്ക്കുന്നതിൽ അധികമായി ചെയ്യുന്നു. അവൻ നമ്മെ ദിനന്തോറും സഹായിക്കുന്നു (എബ്രാ 13:5, 6). ''നാം ശത്രുക്കളായിരുന്നപ്പോൾതന്നെ അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പുവന്നു എങ്കിൽ നിരന്നശേഷം അവന്റെ ജീവനാൽ എത്രഅധികമായി രക്ഷിക്കപ്പെടും'' (5:10).

*ഭാവിയിലെ രക്ഷ* (5:9). ഭാവിയിലെ രക്ഷയെക്കുറിച്ചും നമ്മുടെ പാഠം പഠിപ്പിക്കുന്നുണ്ട്. 9-ാം വാക്യത്തിൽ വായിക്കുന്നു, അവന്റെ രക്തത്താൽ

നീതീകരിയ്ക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നും രക്ഷിക്കപ്പെടും. രക്ഷിക്കപ്പെടും എന്നുള്ളത് ഭാവികാലക്രിയയാണ്. കോപത്തിൽ നിന്നും എന്നുള്ളത് അനീതിക്കെതിരെയുള്ള ദൈവകോപമാണ് ഏത്ര അധികം ആളുകളും സമ്മതിയ്ക്കുന്നു. ന്യായവിധിദിവസത്തിലുള്ള ദൈവകോപം 9-ാം വാക്യം ദൈവകൃപയുടെ രണ്ടു സവിശേഷതകളെ എടുത്തു കാണിക്കുന്നു. അവന്റെ കൃപമൂലം അവൻ നമുക്ക് അർഹതയില്ലാത്തതു നൽകുന്നു. അവന്റെ കൃപയാൽ നീതീകരണം തരുന്നു. നാം അർഹിക്കുന്നത് ദൈവ കോപമാണ് അത് നമുക്കു തരുന്നില്ല.

*സമാപനം.* നാം ഈ സത്യങ്ങളെ വിചാരിക്കുമ്പോൾ നാം നമ്മോടുതന്നെ ചില പ്രധാന ചോദ്യങ്ങൾ ചോദിയ്ക്കണം. കഴിഞ്ഞകാലപാപങ്ങൾ കഴുകപ്പെട്ടവരായി നാം രക്ഷ അനുഭവമാക്കിയിട്ടുണ്ടോ? (പ്രവർത്തി. 22:16) വർത്തമാനകാലത്ത് രക്ഷ ആസ്വദിക്കുന്നുണ്ടോ? ദൈവവചനത്തിന്റെ വെളിച്ചത്തിൽ നടക്കുകയും ക്രിസ്തുവിന്റെ രക്തം തുടർച്ചയായി നമ്മുടെ ആത്മാക്കളെ കഴുകി ശുദ്ധിയാക്കുകയും ചെയ്യുന്നുണ്ടോ? (1 യോഹ. 1:7, 9) അങ്ങനെയെങ്കിൽ നമുക്ക് ഭാവികാല രക്ഷയെ പ്രത്യാശിക്കാം. നാം ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റും കൂടി നിന്ന് കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി വെളുപ്പിച്ച അങ്കികളെ ധരിച്ചും കൊണ്ട് നില്ക്കാം (വെളി. 7:14).

## ക്രിസ്തു അഭക്തർക്കു വേണ്ടി മരിച്ചു (5:6)

ചാൾസ് എച്ച്. സ്പർജൻ ഒരിക്കൽ പറഞ്ഞു,

> ഉച്ചത്തിൽ വിളിച്ചു പറയുകയോ, മന്ത്രിക്കയോ ചെയ്യുക. വലിയ അക്ഷരത്തിൽ കൈകൊണ്ടെഴുതുക. ഭയഭക്തിയോടുകൂടി ശാന്തമായി പറയുക. അത് പരിഹാസ വാക്കല്ല. സന്തോഷനിറവോടുകൂടി അതിനെക്കുറിച്ചു സംസാരിക്കുക. ദുഃഖത്തിനായുള്ള വിഷയവുമല്ലത്. ഉറപ്പായി പറയുക, അത് തർക്കമറ്റ വിഷയമാണ് ആവേശത്തോടെ പറയുക. എല്ലാ മനുഷ്യരുടെയും ആത്മാക്കളെ ഉണർത്തുവാൻ പര്യാപ്തമായതുണ്ടെങ്കിൽ അത് ഇതുതന്നെ. അഭക്തർ ജീവിക്കുന്നിടത്ത് ഇതു ഘോഷിയ്ക്ക. അത് നിന്റെ സ്വന്ത ഭവനത്തിൽ തന്നെ ആയിരിക്കും. അസന്മാർഗ്ഗികത്വത്തിന്റെ കേന്ദ്രങ്ങളിൽ പറയുക. കാരാഗൃഹത്തിൽ കടന്ന് അറിയിക്കുക. മരണകിടക്കകളിൽ മന്ദസ്വരത്തിൽ പറയുക. ''ക്രിസ്തു അഭക്തർക്കായി മരിച്ചു.''[68]

ഇതുപോലെയുള്ള സ്നേഹം ഗ്രഹിക്കുവാൻ നമുക്കു പ്രയാസമാണ്. എന്നോടു ചോദിക്കുക നീ നിന്റെ ഭാര്യയെ സ്നേഹിക്കുന്നുവോ എന്ന്. നിശ്ചയമായും സ്നേഹിക്കുന്നു എന്ന് ഞാൻ പറയും. അവൾ ദയയുള്ളവളും സ്നേഹമുള്ളവളുമാണ്. അവൾക്ക് ഒരു നല്ല പുഞ്ചിരിയുണ്ട്. അവൾ എന്നെ സ്നേഹിക്കുന്നു. എനിക്കായി ദിനംതോറും ത്യാഗങ്ങൾ ചെയ്യുന്നു. ഞാൻ അങ്ങനെ ഉത്തരം പറഞ്ഞാൽ ഞാൻ എന്റെ ഭാര്യയെ എന്തുകൊണ്ടു സ്നേഹിക്കുന്നു എന്ന് നിങ്ങൾക്കു മനസ്സിലാകും. എന്നാൽ ഞാൻ ഇങ്ങനെ പറയുന്നു എങ്കിലോ? ''ഞാൻ എന്റെ ഭാര്യയെ സ്നേഹിക്കുന്നു. അവൾ നിസാരയും, വിരൂപിയുമാണ്. എന്നെ ഉപദ്രവിക്കുവാനാണ് അവൾ എപ്പോഴും ശ്രമിക്കുന്നത്. അവൾ എന്നെ വെറുക്കുന്നു. ഞാൻ അവളെ സ്നേഹിക്കുന്നതെന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കുവാൻ പ്രയാസമാണ്. ദൈവം നമ്മെ

സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ നാം ദുഷ്ടന്മാരായ പാപികൾ ആണ്. ദൈവത്തിന്റെ ശത്രുക്കളാണ്. അങ്ങനെയുള്ള നമ്മെ ദൈവം സ്നേഹിച്ചു എന്നു പറഞ്ഞാൽ എത്ര അതിശയകരമാണ്!

ഞാൻ യേശുവിന്റെ സ്ഥാനത്ത് നിൽക്കയാണെങ്കിൽ ഞാൻ എങ്ങനെ പ്രതികരിക്കുമെന്ന് ഞാൻ എന്നോട് ചോദിക്കുന്നു. ഞാൻ സങ്കൽപ്പിക്കുന്നു. അഡോൾഫ് ഹിറ്റ്ലർ എന്റെ മുമ്പിൽ നിൽക്കുന്ന 6ലക്ഷം യഹൂദന്മാരെയും മറ്റ് ജനങ്ങളെയും കൂട്ടക്കുരുതി ചെയ്ത നാസി നേതാവ്- എനിക്ക് തെരഞ്ഞെടുക്കുവാൻ അവസരം തന്നെന്ന് കരുതുക. നീ മരിക്കുക അല്ലെങ്കിൽ ഹിറ്റ്ലർ മരിക്കുവാൻ അനുവദിക്കുക. എനിക്ക് വേഗം തീരുമാനിക്കാം. ഞാൻ ജീവിക്കും. എന്നാൽ യേശുവിന് അപ്രകാരമുള്ള ഒരു തെരഞ്ഞെടുപ്പിന് അവസരം കൊടുത്താൽ യേശു മരിക്കും (യോഹ. 10:18, ഫിലി. 2:5-8)!

### ക്രിസ്തു നമുക്കുവേണ്ടി മരിച്ചു (5:8)

ആഫ്രിക്കയിലുള്ള ഒരു പുതിയ വിശ്വാസി ഒരു മിഷണറിയോട് പറഞ്ഞതാണ് ക്രിസ്തുവിന്റെ കഥ ആദ്യമായി എനിക്കു വായിച്ചുതന്നപ്പോൾ ഞാൻ യൂദയേയും പീലാത്തോസിനെയും ശപിച്ചു. യഹൂദന്മാരെയും റോമാ പട്ടാളക്കാരെയും എന്നാൽ *എന്തിനായിട്ടാണ്* ക്രിസ്തു മരിച്ചതെന്ന് മനസ്സിലായപ്പോൾ *ഞാൻ എന്നെ* തന്നെ ശപിച്ചു. എന്തുകൊണ്ടെന്നാൽ *എന്റെ* പാപമാണ് യേശുവിനെ ക്രൂശിച്ചത്.[69]

### ഏക മനുഷ്യനാൽ (5:12-21)

റോമാലേഖനത്തിൽ കൂടെയുള്ള നമ്മുടെ യാത്രയിൽ ഈ ഭാഗത്ത് ഒരു റോഡ് അടയാളം സ്ഥാപിച്ചാൽ അപകടപൂർണ്ണമായ വഴി സ്വന്ത ഉത്തരവാദിത്വത്തിൽ യാത്ര ചെയ്യാം എന്ന് എഴുതി വയ്ക്കേണ്ടിവരും. ഈ വഴിയുള്ള യാത്ര ദുഷ്ക്കരമാണ്. പ്രയാസം കുറഞ്ഞതല്ല.

*ഈ ഭാഗം എന്തു പഠിപ്പിക്കുന്നില്ല?* റോമർ 5:12-21 വരെയുള്ള ഭാഗം എന്തു പഠിപ്പിക്കുന്നില്ല എന്നതിനേക്കാൾ എന്തു പഠിപ്പിക്കുന്നു എന്ന് അധികമായി നിശ്ചയിക്കാം. ചിലർ അതിനെ പരിഹസിക്കാറുണ്ട്. എന്തു പഠിപ്പിക്കുന്നു എന്നറിയാതെ എങ്ങനെയാണ് എന്തു പഠിപ്പിക്കുന്നില്ല എന്നു പറയാൻ സാധിക്കുന്നത് എന്ന് ചോദിക്കുന്നു. എങ്ങനെയെന്ന് ഞാൻ ഉദാഹരിക്കാം. രണ്ട് പുരുഷൻമാർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ നടന്നു വരുന്നു. ഒരു മനുഷ്യൻ പറയുന്നു ആ സ്ത്രീ ആരാണ്. നിന്റെ ഭാര്യയാണോ. രണ്ടാമൻ പറയുന്നു അവൾ ആരെന്ന് ഞാൻ അറിയുന്നില്ല. അവൾ എന്റെ ഭാര്യയല്ല. 5:12-21 വരെയുള്ള പല വിശദാംശങ്ങളും എനിക്ക് നിശ്ചയമില്ല. എന്നാൽ അത് ചില ഉപദേശങ്ങൾ പഠിപ്പിക്കുന്നില്ല എന്ന് എനിക്ക് അറിയാം.

1. ആദാമിന്റെ പാപത്തിന്റെ കുറ്റം പാരമ്പര്യമായി നമുക്ക് കിട്ടുന്നു എന്ന് ഈ ഭാഗം പിഠിപ്പിക്കുന്നില്ല. ക്രിസ്ത്യാനികളായ അനേകരും കരുതുന്നത് ആദാമിന്റെ പാപത്തിന്റെ കുറ്റം നമുക്ക് പാരമ്പര്യമായി കിട്ടുന്നു എന്നാണ്. മൂന്നാം നൂറ്റാണ്ടിൽ പൗലൊസിനെ ഏകദേശം രണ്ടു നൂറ്റാണ്ടുകൾക്ക് ശേഷം ജീവിച്ചിരുന്ന അലക്സാണ്ടറിയൻ വേദശാസ്ത്രജ്ഞനായ ഓറിഗൺ പഠിപ്പിച്ചത് കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ അവർ പാപ വിമുക്തരല്ല[70] എന്നാണ്. അഞ്ചാം നൂറ്റാണ്ടിൽ അഗസ്ത്തിൻ ആ ആശയം പ്രചാരത്തിലാക്കി. കത്തോലിക്കർ അതിനെ ജന്മപാപം എന്നോ മറ്റോ വിളിക്കുന്നു (orginal sin). പിന്നീട് നവീ

കരണക്കാർ അത് സ്വീകരിച്ചു പാരമ്പര്യ പാപസ്വഭാവം എന്നോ സമ്പൂർണ്ണ പാരമ്പര്യ വീഴ്ച്ചയെന്നോ വിളിച്ചു. കുഞ്ഞുങ്ങളുടെ പാപാവസ്ഥയെക്കുറിച്ച് അവർ പറഞ്ഞു. അത് ആദാമിൽ നിന്നും പൈതൃകമായി കിട്ടിയതാണെന്ന് ചിന്തിച്ചിരുന്നു. ജോൺ കാൽവിൻ പറഞ്ഞതും ആദാം നമ്മുടെ സ്വഭാവത്തെ ദുഷിപ്പിച്ചു എന്നാണ്. കാൽവിന്റെ വേദശാസ്ത്രത്തിന്റെ അടിസ്ഥാനം തന്നെ സമ്പൂർണ്ണ അധഃപതനം ആണെന്ന് ചിന്തിച്ചിരുന്നു.[71]

"കാൾവിനിസ്റ്റിക് തിയോളജി" എന്ന് ചിലപ്പോൾ വിളിക്കുന്ന ഒരു അടിസ്ഥാന തത്വം ആണ് "മുഴു പാരമ്പര്യ വഷളത്വം." താഴെ പറയുന്നത് എങ്ങനെയാണ് പൂർണ്ണമായ ദുഷിപ്പ് (Total depravity) കാൽവിന്റെ സങ്കൽപ്പത്തിലുള്ള രക്ഷയുടെ രീതിയോട് യോജിക്കുന്നത് എന്ന് കാണാം:

ആദാമിന്റെ പാപത്താൽ ദുഷിച്ച പ്രകൃതവുമായി കുഞ്ഞുങ്ങൾ ജനിക്കുന്നു. അതിനാൽ സ്വയമായി രക്ഷക്കായി പ്രവർത്തിപ്പാൻ കഴിവില്ലാതിരിക്കുന്നു.

കാൽവിന്റെ അനുഗാമികൾ ദൈവം പരിശുദ്ധാത്മാവിനെ അയച്ച് ആളുകളെ വീണ്ടും ജനിപ്പിക്കണമെന്ന് പ്രതീക്ഷിക്കുന്നു (പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ള ഇടപെടൽ മൂലം).

രക്ഷിക്കപ്പെടുവാനായി അവർക്ക് ഒന്നും ചെയ്യുവാൻ കഴിവില്ലാത്തതിനാൽ നഷ്ടപ്പെടുവാനും അവർക്ക് ഒന്നും ചെയ്യുവാൻ കഴികയില്ലന്ന് വിശ്വസിക്കുന്നു.

ജന്മപാപ ഉപദേശത്തിന്റെ ഒരു പരിണിത ഫലം എന്തെന്നാൽ മരിച്ചു പോകുന്ന ശിശുക്കളെ കുറിച്ച് അവർ വിഷമിക്കുവാൻ തുടങ്ങി. കാരണം ആദാമ്യ പാപത്തിന്റെ അംശം അവരിൽ ഉണ്ടെന്ന വിശ്വാസം ജന്മപാപത്തെ ഇല്ലാതാക്കുവാൻ അവർ കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുവാൻ തുടങ്ങി. തന്മൂലം പിന്നെയും സ്നാനപ്പെടുത്താത്ത കുട്ടികൾ ശേഷിച്ചു. അതുകൊണ്ട് സ്നാനപ്പെടാതെ മരിച്ചുപോയ കുഞ്ഞുങ്ങൾക്കായി ഘശാശയീ എന്ന ലക്ഷ്യ സ്ഥാനം കണ്ടുപിടിച്ചു. ദുരുപദേശങ്ങൾ ഉണ്ടാകുന്നതിന്റെയും വർദ്ധിക്കുന്നതിന്റെയും ഒരു ഉദാഹരണമാണ്.

നമുക്ക് ജന്മപാപം (original sin)എന്ന ഉപദേശത്തെക്കുറിച്ച് വീണ്ടും ചിന്തിക്കാം. മനുഷ്യർ എങ്ങനെയാണ് അങ്ങനെ ഒരു ആശയം കൊണ്ടുവന്നത്. ജന്മപാപം ഉണ്ടെന്ന് വിശ്വസിക്കുന്നവർ ഉദ്ധരിക്കുന്ന വാക്യങ്ങൾ പാപത്തിന്റെ ദൂര വ്യാപകമായും കാലങ്ങളായി നിലനിൽക്കുന്നതുമായ പാപത്തിന്റെ ഫലങ്ങൾ (പുറപ്പാട് 20:5) ശക്തിപ്പെടുത്തുന്നതോ അതിശയോക്തിപരമോ ആയ ഭാഗങ്ങളാണ് ഉദ്ധരിക്കുന്നത്. സങ്കീ. 51:5[73], റോമർ 5:12–21 മുതലായ ഭാഗങ്ങൾ അവരുടെ തെളിവുനല്കുന്ന വേദഭാഗങ്ങളാണ് എഡ്‌വേഡ്സ് പറയുന്നത് റോമർ. 5ൽ 12 ആണ് ഈ ഉപദേശത്തിന്റെ ഉത്ഭവസ്ഥാനം എന്നാണ്.[74]

നേരത്തെ സൂചിപ്പിച്ചതുപോലെ ഈ ഉപദേശം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ സാർവത്രികമായി ക്രിസ്തു മാർഗ്ഗത്തിൽ സ്വീകരിച്ചിട്ടുള്ള ഒരു സിദ്ധാന്തമാണ്. എങ്കിലും എനിക്ക് വളരെ ഉറപ്പായി പറയുവാൻ സാധിക്കും. ആ കാര്യം റോമർ അഞ്ചിൽ പഠിപ്പിക്കുന്നില്ല. അവിടെ പൗലൊസിന്റെ ഉദ്ദേശം പാപത്തെക്കുറിച്ച് ആഴമായ ഒരു പഠനം നടത്തുകയല്ല – പല വ്യാഖ്യാതാക്കളും പറയുന്നത് അവിടെ പൗലൊസിന് പാപത്തിന്റെ സ്വഭാവം

പഠിപ്പിക്കണമെന്നുള്ള ഉദ്ദേശം ഇല്ലായിരുന്നു എന്നാണ്.

മൂ എഴുതി. റോമർ5:12-21ന് ജന്മപാപത്തെ കേന്ദ്രീകരിച്ച് എഴുതിയതല്ല.[75]
എഡ്‌വേഡ്സ് പറയുന്നു "12-ാം വാക്യം പാപത്തിന്റെ പ്രശ്നം ഈ വാക്യം ചർച്ച ചെയ്യുന്നില്ല. ജന്മപാപത്തെക്കുറിച്ച് ചർച്ച ചെയ്യുകയല്ല പൗലൊസിന്റെ ഉദ്ദേശം.[76]
മോറിസ് ഇങ്ങനെ സമാപിപ്പിച്ചു. പൗലൊസ് പാപത്തിന്റെ അശുദ്ധമായ സ്വഭാവത്തെക്കുറിച്ചൊന്നും പറയുന്നില്ല. ആ വിധ വീക്ഷണം അവിടെയല്ലാത്തതുമായ കാര്യം ഉണ്ടെന്നു വരുത്തുകയാണ്.[77]

12-21 വരെ പാരമ്പര്യമായ പാപാവസ്ഥയെക്കുറിച്ചു പറയുന്നു എന്നുള്ളത് തിരസ്ക്കരിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങനെയുള്ള ഒരു സമാപനം വേദപുസ്തക വ്യാഖ്യാനത്തിന്റെ അടിസ്ഥാന തത്വത്തെ ലംഘിക്കുന്നു. ആ തത്വം ഇങ്ങനെയാണ്. അസ്പഷ്ടമായ ഒരു ഭാഗം കൊണ്ടു വ്യക്തതയുള്ള ഭാഗങ്ങളെ ഹനിക്കരുത്. ഭാഗികമായോ മുഴുവനായുമോ ഈ വാക്യങ്ങൾ അസ്പഷ്ടമാണെന്ന് ധാരാളം പേർ അഭിപ്രായപ്പെടുന്നുണ്ട്. ആ സ്ഥിതിയ്ക്ക് ആ ഭാഗം വ്യാഖ്യാനിക്കുന്നത് വ്യക്തതയുള്ള തെളിഞ്ഞ വാക്യങ്ങളെ എതിർക്കുവാൻ അതിനെ ഉപയോഗിക്കരുത്.

കുട്ടികൾ ശുദ്ധരും നിർമ്മലരും ആയി ജനിക്കുന്നു. ആദാമ്യ പാപത്താൽ അശുദ്ധരാകാതെ ജനിക്കുന്നു (മത്തായി. 18:3, 19:14).
ഓരോരുത്തരും അവനവന്റെ പാപത്തിന് ഉത്തരവാദികൾ (എഫെ. 2:1; കൊലോ. 2:13). അവന്റെ അപ്പന്റെ പാപമോ നമ്മുടെ പിതാവായ ആദാമിന്റെ പാപത്തിനോ ഉത്തരവാദി അല്ല (യെഹെ. 18:20).

ആദാമിന്റെ പാപത്തിന് ഒരു ഭയങ്കര ഫലം ഈ ലോകത്തിന്റെ മേൽ ഇല്ലാ എന്നാണോ ഞാൻ പറഞ്ഞത്? അല്ല. ആദാമിന്റെ പാപത്തിന്റെ കുറ്റം നാം ഏൽക്കുന്നില്ല. എന്നാൽ നമുക്ക് പരമ്പരാഗതമായി ആദാമ്യ പാപത്തിന്റെ *ഫലങ്ങൾ* എല്ലാം അനുഭവിച്ചേ മതിയാവൂ. കുറ്റവും ഫലവും തമ്മിൽ എന്താണ് വ്യത്യാസം? എന്റെ പിതാവ് കൊലക്കുറ്റം ഉള്ളവനാണെങ്കിൽ അവന്റെ കുറ്റം എന്റെമേൽ വരികയില്ല. ആ കുറ്റത്തിന് എന്നെ വിസ്തരിക്കയില്ല. എന്നാലും അവന്റെ പ്രവർത്തിയുടെ ധാരാളം *ഫലങ്ങൾ* ഞാൻ അനുഭവിക്കേണ്ടിവരും. ഹൃദയ വേദന, താഴ്ച്ച എല്ലാം. എന്നാലും കുറ്റം അനുഭവിക്കേണ്ടി വരുകയില്ല. നാം ആദാം ചെയ്ത പാപത്തിന്റെ കുറ്റം അനുഭവിയ്ക്കേണ്ട എന്നാൽ അതിന്റെ ധാരാളമായ ഫലങ്ങളെല്ലാം ദിവസം തോറും അനുഭവിക്കണം.

ഏതു ഫലമാണ്? 12-ാം വാക്യം പറയുന്നു ഏക മനുഷ്യനാൽ പാപം ലോകത്തിൽ പ്രവേശിച്ചു. ഏദെൻ തോട്ടത്തിൽ ദോഷത്തിന്റെ ഒരു പ്രതിനിധി മാത്രമെ ഉണ്ടായിരുന്നുള്ളൂ. സർപ്പം (ഉല്പ. 3:1) അവൻ ഒന്നുകിൽ വേഷം മാറിയ സാത്താൻ (വെളി 12:9) അല്ലെങ്കിൽ സാത്താന്റെ ഒരു ഏജന്റ് ഇന്ന് നമ്മോടു പറഞ്ഞിട്ടുള്ളത് നമുക്ക് പോരാട്ടമുള്ളത് വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും ആണ് (എഫെ. 6:12). ഈ ദുഷ്ടാത്മസേനകൾ എവിടെ നിന്നു വരുന്നു? ആദാമിന്റെ ദുഷ്ടതയുടെ വാതിൽ തുറന്ന് ദുഷ്ടാത്മ

സേനകൾ ഈ ഭൂതലത്തിൽ നിറയുവാൻ ഇടയായോ? എനിക്കറിഞ്ഞുകൂടാ. എന്നാൽ ഏതോ ഒന്ന് ഈ ലോകത്തിൽ ദുഷ്ടത ശക്തിപ്പെടാൻ കാരണമായിട്ടുണ്ട് വ്യക്തമായി 12-ാം വാക്യം പറയുന്നത് മരണം ലോകത്തിൽ കടന്നു വന്നു. അത് പാപം മൂലമാണെന്നുമത്രെ.

ദൈവം ആദാമിനോട് പറഞ്ഞിരുന്നു. ''നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം നീ തിന്നരുത് തിന്നുന്ന നാളിൽ നീ മരിക്കും'' (ഉൽപത്തി. 2:17) ഈ മുന്നറിവു കൊടുത്തിട്ടും അവർ രണ്ടുപേരും അതു തിന്നു (ഉല്പ. 3:6). തൽഫലമായി അവരെ തോട്ടത്തിൽ നിന്നു പുറത്താക്കുകയും അവർക്ക് ജീവന്റെ വൃക്ഷത്തിൽ നിന്നു തിന്നുവാൻ സാധിക്കാതെപോകയും ചെയ്തു (ഉല്പ. 3:24). അതു സംഭവിച്ചപ്പോൾ അവരുടെ ശരീരങ്ങൾ ജീർണ്ണിക്കുവാനാരംഭിക്കയും മരിക്കുവാൻ ആരംഭിക്കുകയും ചെയ്തു. മരണം എന്ന ശാപം ലോകത്തിൽ വന്നു. മരണത്തിനു തൊട്ടുമുൻപുണ്ടാകുന്ന വേദനകളും കഷ്ടതകളും ഓർക്കുക. തുറന്ന കല്ലറകൾക്കടുത്തുവീഴുന്ന കണ്ണീരും ഓർത്തുനോക്കുക. പൗലൊസ് മരണത്തെ ശത്രു എന്നു വിശേഷിപ്പിച്ചിരിക്കുന്നു (1 കൊരി. 15:26). ഇതെല്ലാം ആദാമ്യപാപത്തിന്റെ പ്രതിഫലമാണ്.

മരണത്തേക്കാൾ അധികമായി സാത്താൻ മരണത്തെ ഉപയോഗിച്ച് നമ്മെ വർഷങ്ങളായി ഭീഷണിപ്പെടുത്തുകയും ബലാല്കാരമായി നിയന്ത്രിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. എബ്രായ ലേഖന കർത്താവു പറയുന്നു,

> മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് അവനും ക്രിസ്തു അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു (എബ്രാ. 2:14, 15).

വർഷങ്ങളായി മരണം സാത്താന്റെ വലിയ വടി ആയിരുന്നു. അവന്റെ ഇഷ്ടം ചെയ്യിക്കുവാൻ അവൻ ഉപയോഗിച്ച ആയുധം. എന്നാൽ ദൈവത്തിനു സ്തോത്രം. യേശുവിന്റെ മരണവും ഉയിർത്തെഴുനേല്പും മൂലം കർത്താവ് അവന്റെ ആയുധം അവനിൽ നിന്നും എടുത്തുകളഞ്ഞു!

മനസ്സിലാക്കുക. ശാരീരിക മരണം എല്ലാ പ്രശ്നങ്ങളുടെയും മേൽ പൊതിഞ്ഞിരുന്ന കവർ ആയിരുന്നു. ആദാമും ഹവ്വയും പാപം ചെയ്തപ്പോൾ അത് കീറിത്തുറന്നു ദൈവം ഹവ്വയോടു പറഞ്ഞു (ഉല്പ. 3:16),

> ഞാൻ നിനക്ക് കഷ്ടവും ഗർഭധാരണവും ഏറ്റം വർദ്ധിപ്പിക്കും. നീ വേദനയോടെ മക്കളെ പ്രസവിക്കും. ദൈവം ആദാമിനോട് തിന്നരുതെന്ന്
>
> നിന്നോടു പറഞ്ഞ വൃക്ഷത്തിന്റെ ഫലം
> നീ തിന്നതുകൊണ്ട് നിന്റെ നിമിത്തം ഭൂമി
> ശപിക്കപ്പെട്ടിരിക്കുന്നു. മുള്ളും പറക്കാരയും നിനക്ക്
> അതിൽനിന്നും മുളയ്ക്കും. മുഖത്തെ വിയർപ്പോടെ
> നീ ഉപജീവനം കഴിക്കും. നീ
> പൊടിയിലേക്കു തിരികെ ചേരുംവരേയും.
> കാരണം നിന്നെ അവിടെനിന്നും എടുത്തിരിക്കുന്നു;

നീ പൊടിയാകുന്നു; പൊടിയിലേക്ക് മടങ്ങിച്ചേരും (ഉല്പത്തി 3:17-19).

ആദാമിന്റെ പാപം മുഴു സൃഷ്ടികളെയും ബാധിച്ചു (8:20-22 കാണുക). ഓരോ സ്ത്രീയും വേദനയോടെ പ്രസവിക്കുമ്പോൾ, ഓരോ കൃഷിക്കാരനും കള പറിച്ചുകളയുമ്പോൾ, വിയർപ്പൊഴുക്കുന്നതും, ഓരോ ജോലിക്കാരനും പകൽ അന്തിയോളം കഠിനാദ്ധ്വാനം ചെയ്യുമ്പോൾ, ഓരോ പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോഴും, പാപത്തിന്റെ പരിണിതഫലത്തിന്റെ കഠിനത അനുഭവിക്കുകയാണെന്ന് നമ്മെ ഓർപ്പിക്കുന്നുണ്ട്. പാപം സ്വാധീനിക്കുന്നതും പാപത്താൽ കേടുപറ്റിയതുമായ ഒരു ലോകത്തിലാണ് നമ്മൾ ജീവിക്കുന്നത്. ആദാമിന്റെ പാപം മനുഷ്യരിലേക്ക് പകരപ്പെട്ടെന്ന് ബൈബിൾ പഠിപ്പിക്കുന്നതായി തോന്നുന്നില്ല, എന്നാൽ ആദാമിന്റെ അനുസരണക്കേട് തലമുറകളിൽ പരിണിതഫലം ഉണ്ടാകുന്നുവെന്ന് വ്യക്തമാക്കുന്നു.

അത്യാധുനിക വ്യാഖ്യാതാക്കൾ ആദാമ്യ പാപം ശിശുക്കളുടെ ദേഹിയിലേക്ക് വ്യാപിക്കപ്പെട്ടുകൊണ്ടാണ് ജനിക്കപ്പെടുന്നതെന്ന് പഠിപ്പിക്കുന്നില്ല. പൂർണ്ണ പൈതൃക നശീകരണ ഉപദേശം ഒഴിവാക്കികൊണ്ട് ആധുനികതയുടെ രുചിക്കനുസരണമായി അതിനെ നേർപ്പിച്ചെടുത്തിരിക്കുകയാണ്. ഇക്കാലത്ത് പലരും താല്പര്യപ്പെടുന്നത് ആദാമ്യ പാപത്തിന്റെ ഫലമായി പാപം ചെയ്യുവാനുള്ള പ്രേരണ മനുഷ്യരിൽ ഉണ്ടാക്കുകയും അത്തരം സാഹചര്യങ്ങളിൽ അവർ വീണുപോകുകയും ചെയ്യുവാൻ സാദ്ധ്യതകൾ ഉണ്ടെന്നതാണ് - പാപപ്രകൃതം ആദാമിൽ നിന്നും നമുക്കു ലഭിച്ചുവെന്ന്. ഈ ഒരു പാപപ്രകൃതം നമ്മിൽ ഉള്ളതുകൊണ്ടാണ് നാം പാപം ചെയ്യുന്നതെന്ന് ഇക്കാലത്ത് പലരും പഠിപ്പിക്കുന്നു. ചിലരുടെ ഉപദേശം നാം പാപം ചെയ്യും. കാരണം ആദാമിൽ നിന്നും പാപപ്രകൃതത്തെ നമ്മിൽ സന്നിവേശിപ്പിക്കപ്പെട്ടതുകൊണ്ടാണ്. ചില പരിഭാഷക്കാരും ഇതു തന്നെ ആവർത്തിച്ചിട്ടുണ്ട്. ഉദാഹരണത്തിന് NIV തുടർമാനമായി (സാർക്സ് σάρξ, sarx) എന്ന പദമാണ് "ജഡത്തിന്" ഉപയോഗിച്ചിരിക്കുന്നത്; അത് പാപപ്രകൃതത്തെക്കുറിക്കുന്ന വാക്കാണ് (7:18; 8:4, 5, 8; 13:14). നമുക്കറിയാം എങ്ങനെയാണ് ചില കുട്ടികൾ പൈശാചികതയിലേക്ക് വീണതെന്നും, അവരുടെ മാതാപിതാക്കളോടു അനുസരണക്കേടു കാണിക്കുന്നതും.

"പൈതൃക ധാർമ്മികാധപതനം" എന്ന പരിഭാഷയിൽ എനിക്കല്പം പ്രശ്നമുണ്ട്. ഒന്നാമതായി, ഞാൻ വിശ്വസിക്കുന്നത് മുൻപ് ഇതിനെ സംബന്ധിച്ചെഴുതിയ വ്യക്തമായ ഭാഗങ്ങൾക്കെതിരാണിതെന്ന്, കൂടാതെ ദൈവം മനുഷ്യന് നല്കിയ ഇച്ഛാശക്തിക്കെതിരുമാണിത്. രണ്ടാമതായി, എങ്ങനെയാണ് ആദാമിന് തന്റെ സന്താനങ്ങളിലേക്ക് ഈ "പാപ സ്വഭാവത്തെ" കടത്തി വിടാൻ കഴിയുന്നതെന്നാണ്. ആദാം പാപം ചെയ്യുന്നതിനു മുമ്പ് തന്നിലുണ്ടായിരുന്ന എന്തെങ്കിലും തലമു റകളിലേക്ക് കടത്തിവിട്ടിരുന്നോ? മറ്റൊരു വാക്കിൽ തനിക്കൊരു പാപസ്വഭാവമുണ്ടായിരുന്നതിനാലോ താൻ പാപം ചെയ്തത്? അങ്ങനെയാണെങ്കിൽ ആദത്തെ സൃഷ്ടിച്ച ദൈവം തന്നെ അവനിൽ "പാപസ്വഭാവത്തെ" കൊടുത്തിരിക്കും. അങ്ങനെ വരുമ്പോൾ ദൈവം തന്നെയാണ് ആദാമിന്റെ പാപത്തിന്റെ ഉത്തരവാദി. തീർച്ചയായും ഈ ഒരു ഉപസംഹാരം നമുക്കംഗീകരിക്കുവാൻ സാദ്ധ്യമല്ല.

പാപം ചെയ്യുന്നതിനുമുമ്പ് ആദാമിന് 'പാപപ്രകൃതം' ഇല്ലായിരുന്നുവെങ്കിൽ, അവന്റെ പാപപ്രകൃതം (ഇന്നത്തെ ഭാഷയിൽ തിരഞ്ഞെടുക്കുവാനുള്ള കഴിവെന്ന ഭാഷ്യം) തന്നിൽ ഉണ്ടായിരുന്ന ഇച്ഛാശക്തിയിൽ നിന്നും ഉൽഭവിച്ചതാണ്.

മറ്റൊരു വാക്കിൽ പറഞ്ഞാൽ അവന്റെ ''പാപപ്രകൃതം'' നേടിയെടുത്ത (ആർജ്ജിച്ച) സ്വഭാവമാണ്. അങ്ങനെ പുതുതായിട്ടുള്ള ''പൈതൃക ധാർമ്മികാധപതനം സിദ്ധാന്തം'' ആദാം മറ്റുള്ളവരിലേക്ക് പകർന്നുകൊടുത്ത ആർജ്ജിത സ്വഭാവമാണ് അതാണ് അകാരണവും അംഗീകാരമവുമില്ലാത്ത ഉപസംഹാരം. ഞാൻ ഒരു അപകടത്തിൽപ്പെട്ട് എന്റെ കരം മുറിച്ചുകളഞ്ഞാൽ (ആർജ്ജിത സ്വഭാവം) എനിക്കു ജനിക്കുന്ന മക്കളിൽ ഈ മുറിഞ്ഞ കൈയ്യന്മാരായി ജനിക്കണമെന്നർത്ഥമില്ല.

ആദാം പാപം ചെയ്തത് അവനിൽ സൃഷ്ടിക്കപ്പെട്ടപ്പോഴെ ''പാപപ്രകൃതം'' ഉണ്ടായിരുന്നതുകൊണ്ടല്ല. നമ്മളും പാപം ചെയ്യുന്നത് നമ്മൾ ജന്മനാൽ പാപപ്രകൃതക്കാരായതു കൊണ്ടല്ല. എന്തുകൊണ്ടാണ് പിന്നെ നമ്മൾ പാപം ചെയ്യുന്നത്? പിന്നെന്തുകൊണ്ടാണ് ആദാം പാപം ചെയ്തത്? മനുഷ്യന്റെ പ്രവർത്തനങ്ങളുടെ പെരുമാറ്റരീതികളെ കുറിച്ചറിയാതെ നമുക്കൊന്നും തന്നെ പറയാൻ കഴിയില്ല. ഞാൻ ചില കാര്യങ്ങൾ ബൈബിൾ വചനത്തിന്റെ അടിസ്ഥാനത്തിൽ പറയുവാൻ ആഗ്രഹിക്കുന്നു:

ആദാമിന്റെ ആത്മാവ് പൂർണ്ണതയിലും ശുദ്ധിയിലുമാണ് ദൈവം സൃഷ്ടിച്ചത്. അതേപോലെ നമ്മുടെ ആത്മാവും വിശുദ്ധവും ശുദ്ധിയുള്ളതുമാണ്. കാരണം അവ ദൈവത്തിൽനിന്നും വരുന്നതാണ് (സഭാപ്രസംഗി 12:7; സെഖര്യ 12:1).

ആദാമിനെ ഇച്ഛാശക്തിയുള്ളവനായിട്ടാണ് സൃഷ്ടിച്ചത്. നമുക്കു ദൈവത്തെ അനുസരിക്കാനോ അനുസരണക്കേടു കാണിക്കുവാനോ ഉള്ള കഴിവ് ദൈവം തന്നിട്ടുണ്ട് (ആവർത്തനം 30:15–20).

ആദാമിന് ദൈവത്തിന്റെ സ്വരൂപത്തിലുള്ള ജീവനുള്ള ഒരു ആത്മാവുണ്ടായിരുന്നു. എന്നാൽ അവന് ജഢവുമുണ്ടായിരുന്നു. ഒരു വിധത്തിൽ ആദാം ഹവ്വാമാരെ പരീക്ഷകൻ ആക്രമിച്ചതും അവരുടെ ശാരീരിക വിശപ്പിനെ വെച്ചുകൊണ്ടാണ് (ഉല്പത്തി 3:6). ഓരോ വ്യക്തികളും ആത്മാവും ശരീരവും തമ്മിലുള്ള ഒരു പോരാട്ടം അനുഭവിക്കുന്നവരാണ് (മത്തൊ. 26:41; റോമർ 7:18, 19; 1 യോഹ. 2:16).

പറുദീസയിൽ പോലും (ഏദെൻ തോട്ടത്തിൽ) പരിശോധന നിലനിന്നിരുന്നു. ഈ പാപം നിറഞ്ഞതും – രോഗം നിറഞ്ഞതുമായ ഈ ലോകത്തിൽ നമ്മൾ തുടർമാനമായി പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു (എബ്രാ. 2:18; 4:15 കാണുക).

തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമുള്ളവന് നല്ല തീരുമാനങ്ങൾ എടുക്കുവാൻ ബുദ്ധിമുട്ടാകുന്നു. എന്നാൽ ഒന്ന് പരീക്ഷിക്കപ്പെട്ടിട്ട് തെറ്റായ തെരഞ്ഞെടുപ്പു നടത്തുന്നതാണ് പാപം. ആദാം തെറ്റായ തീരുമാനം കൈക്കൊണ്ടു– അതു തന്നെയാണ് നമ്മളും ചെയ്യാറുള്ളത് (3:23).

ആദാം ദൈവത്തോട് അനുസരണക്കേട് കാണിച്ചു. അത് അവന്റെ ഇച്ഛാശക്തിയിലായിരുന്നു. അവൻ കുറ്റക്കാരനെന്ന് വിധിക്കപ്പെട്ടത് അവനിൽ പാപം ഉണ്ടായിരുന്നതിലാണ്. അതുപോലെ നമ്മൾ പാപം ചെയ്യുന്നത് സ്വാതന്ത്ര്യമുള്ള ധാർമ്മിക വ്യക്തികൾ എന്ന നിലയിലാണ്, അതു മറ്റുള്ളവരുടെ പാപത്താലല്ല.

ആത്മീകമായി, നാം ഓരോരുത്തരും ആദത്തെപ്പോലെ അടിസ്ഥാനമായ കാര്യങ്ങളിൽ നിന്നാരംഭിക്കുന്നത്. നാം ആയിരിക്കുന്നതുപോലെ അവനും

മനുഷ്യനായിരുന്നു. അവനും നമ്മളും ബലഹീനരായിരുന്നു. ആദാം ചെയ്ത തുപോലെയുള്ള തെറ്റുകൾ നമ്മളും ചെയ്യാറുണ്ട്. നമ്മൾ ദൈവത്തെ അനുസരിക്കാറില്ല. നമ്മൾ അങ്ങനെ ചെയ്യുമ്പോൾ അതിനുത്തരവാദികൾ നമ്മൾ തന്നെയായിരിക്കും. ഡീസൺ ഈ വിധത്തിലാണതിനെക്കുറിച്ച് പറയുന്നത്. ''പാപികൾ പാപസ്വഭാവമുള്ള സമൂഹത്തെ ജനിപ്പിക്കുന്നു; അല്ലാതെ പാപജനിതകത്തെ അല്ല''. ആളുകൾ പാപം ചെയ്യുന്നത് അവരുടെ തെരഞ്ഞെടുപ്പുകൊണ്ടും പ്രവർത്തനം കൊണ്ടുമാണ്.[78] വീണ്ടും ഞാൻ ഉറപ്പിച്ച് പറയുന്നത് ബൈബിൾ ആദാമിന്റെ പാപം മറ്റുള്ളവരിലേക്ക് വ്യാപിച്ചു എന്ന് പഠിപ്പിക്കുന്നില്ല.

2. ഈ ഭാഗം സാർവ്വത്രീക രക്ഷയെ പഠിപ്പിക്കുന്നില്ല. റോമർ 5:12–21 വരെയുള്ളത് വിശ്വാസിക്കുന്നവർക്ക് മാത്രമെ രക്ഷയുള്ളൂ എന്ന് പഠിപ്പിക്കുന്നതാണ്. അങ്ങനെ യുള്ളവരുടെ സ്ഥാനം ''സാർവ്വത്രിക സിദ്ധാന്തം'' എന്നാണ് അറിയപ്പെടുന്നത്.

ഈ വാദം 18–ാം വാക്യത്തിൽ കേന്ദ്രീകരിച്ചാണ്. അങ്ങനെ ഏക ലംഘനത്താൽ (ഏദെൻ തോട്ടത്തിലെ ആദാമിന്റെ പാപം) സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏക നീതിയാൽ (ക്രിസ്തുവിന്റെ ക്രൂശുമരണം) സകലമനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു. ഈ ഒരു വിശ്വാസം ആദാമിന്റെ പാപം എല്ലാവരെയും ശിക്ഷയിലാക്കുന്നു, എന്നാൽ ക്രിസ്തുവിന്റെ മരണം ആദാമിന്റെ പാപത്തിൽ നിന്നും രക്ഷപ്പെടുവാൻ വിശ്വസിക്കുന്നവർക്കായി സൂക്ഷിച്ചിരിക്കുന്നതാണ്. വീണ്ടും ദൈവവചനത്തെ വ്യാഖ്യാനിക്കുന്നതിലെ ഒരു പിശക് ഇതിലൂടെ വ്യക്തമാകുകയാണ്. ഇതൊരു അടിസ്ഥാന ഉപദേശത്തിന്റെ പൊരുളാണെന്ന് വ്യാഖ്യാനിക്കുമ്പോൾ അറിയുന്നു.

വേദപുസ്തകം വളരെ വ്യക്തമായി പഠിപ്പിക്കുന്നത് ''എല്ലാവരും രക്ഷിക്കപ്പെടുമെന്നല്ല'' ധാരാളം ഭാഗങ്ങൾ അതിനെ കുറിക്കുന്നതു കാണാം (മത്തായി 25:34, 41, 46). എന്നാൽ പൗലൊസ് റോമറിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കൂടുതൽ മറ്റൊരു ഭാഗത്തും നമുക്കു കാണുവാൻ കഴിയില്ല. രണ്ടാം അദ്ധ്യായത്തിൽ ദൈവത്തിന്റെ വെളിപ്പെടുവാനുള്ള ന്യായവിധിയുടെയും നീതിയുടെയും ദിവസത്തെക്കുറിച്ചു പഠിപ്പിക്കുന്നു. (5:5) പറയുന്നത് സത്യം അനീതിയിൽ രമിക്കുന്നവർക്കുണ്ടാകുന്ന കോപവും കാഠിന്യവും (5:8). 12–ാം അദ്ധ്യായത്തിൽ വീണ്ടും ദൈവകോപത്തെ കുറിച്ച് പഴയനിയമ ഉദ്ധരണികൾ എടുത്തു പറയുന്നു. പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും, എന്ന് യഹോവ അരുളിച്ചെയ്യുന്നു (5:19).

ചില വാക്കുകളിൽ നമ്മൾ കാണുന്നതുപോലെ ''ധാരാളം, എല്ലാവരും, എന്നൊക്കെ നമ്മുടെ ഭാഗത്ത് കാണാൻ കഴിയുമെങ്കിലും അത് സാർവ്വത്രിക രക്ഷയെ കാണിക്കുന്ന തല്ല. ഇതു പഠിപ്പിക്കുന്നത് ധാരാളം ആളുകൾ രക്ഷിക്കപ്പെടും മറ്റുള്ളവർ നഷ്ടപ്പെടുമെന്നാണ്. എന്നാൽ യേശുവിന്റെ പഠിപ്പിക്കലും ഇതുതന്നെയാണ്. രക്ഷിക്കപ്പെടുന്നവരേക്കാൾ കൂടുതൽ നഷ്ടപ്പെടുന്നവരായിരിക്കും (മത്താ. 7:13, 14).

എന്താണ് ഈ ഭാഗം പഠിപ്പിക്കുന്നത്.

ഒരു ചോദ്യം ഉന്നയിക്കപ്പെടണം. എന്താണ്. 5:12–21 വരെ പഠിപ്പിക്കാത്തതെന്ന് ഊന്നൽ നൽകി; ഇപ്പോൾ ഇതെന്താണ് പഠിപ്പിക്കുന്നത് എന്ന് ചിന്തിക്കാം. ഈ ഭാഗത്തെ വ്യാഖ്യാനിക്കുന്നതിൽ പ്രധാന ചോദ്യമായിരിക്കുന്നത്, 12–ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന മരണം ''ശാരീരികമായതാണോ'' അതോ

ആത്മീക മരണമാണോ. അതോ രണ്ടിന്റെയും സമ്മിശ്രമായതാണോ? അതിന് ലഘുവായ ഒരു ഉത്തരമില്ല.

12-ാം വാക്യം ഇങ്ങനെയാണ് ഇവിടെ വായിക്കുക: ''അതുകൊണ്ട് ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്യുകയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു''. ശാരീരിക മരണത്തെക്കുറിക്കുന്നതാണ് ഇത് എന്ന് പഠിപ്പിക്കുന്നവരുടെ വാദങ്ങൾ ഞാൻ പഠിച്ചിട്ടുണ്ട്. അവരുടെ വാദത്തിന്റെ ചില വാക്കുകൾ ശ്രദ്ധിക്കാം.

12-ാം വാക്യത്തിന്റെ ആദ്യത്തെ ഭാഗം ആദാമിന്റെ പാപത്തിന്റെ കഥയുമായി കൂടിക്കിടക്കുന്നതാണ്. അത് ഉല്പത്തി 2, 3-ൽ ദൈവം പറഞ്ഞ കാര്യമാണ് ''നീ തീർച്ചയായും മരിക്കും'' (2:17; 3:3) നമുക്ക് നാലായിരത്തിൽപരം വർഷങ്ങളുടെ പാപത്തെക്കുറിച്ചുള്ള പഠിപ്പിക്കലിന്റെ പഴക്കമുണ്ട്. അതുകൊണ്ട് ആത്മീകവും ശാരീരീകവുമായ മരണത്തെ ഇത് കാണിക്കുന്നുവെന്ന് കാണാം. ആദാമിനെ ഇത് തന്റെ ശാരീരിക മരണവുമായിട്ടായിരിക്കും മനസ്സിലായത്. കാരണം നിരോധിക്കപ്പെട്ട കനി താൻ ഭക്ഷിച്ചതിനാൽ, തനിക്ക് ജീവവൃക്ഷത്തിന്റെ കനി കിട്ടിയതുമില്ല (2:9, 3:24). അവന്റെ ശരീരം നമ്മുടേതുപോലെ അഴിഞ്ഞു പോയി.[79]

പൗലൊസ് ആദാമിനെയും ക്രിസ്തുവിനെയും തമ്മിൽ താരതമ്യപ്പെടുത്തിയിട്ടുണ്ട്. തന്റെ മുൻ ലേഖനത്തിൽ (1 കൊരി. 15:21, 22, 45–49) റോമർ 5:12–21 കാണുന്നത് 1 കൊരി. 15:22 ന്റെ ഒരു ധ്വനി പോലെയാണ്. ''ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിലെല്ലാവരും ജീവിക്കപ്പെടും''. 1 കൊരി. 15 ലെ പ്രധാന ഊന്നൽ *ശരീരത്തിന്റെ* ഉയർത്തെഴുന്നേൽപ്പിനെക്കുറിച്ചാണ്. അതിനാൽ പാപത്തിന്റെ ശക്തി *ശാരീരിക* മരണത്തെ ബാധിച്ചിരിക്കയാൽ റോമർ 5ൽ പറഞ്ഞിരിക്കുന്നത് ആ കാര്യമാണ്.

ഈ ഭാഗം വളരെ വ്യക്തമായി പഠിപ്പിക്കുന്നത് ''ഒരു മനുഷ്യന്റെ പാപം എല്ലാവരെയും ബാധിച്ചിരിക്കുന്നു എന്നാണ്. കാൽവിന്റെ ഉപസംഹാരം ഒഴിവാക്കിയാൽ എങ്ങനെയാണ് ആദാമിന്റെ പാപം മുഴുവൻ മനുഷ്യവർഗ്ഗത്തെയും ബാധിക്കുക. പാപം ചെയ്ത കുഞ്ഞുങ്ങൾപോലും അവന്റെ പാപത്തിന്റെ ഫലമായി നാം എല്ലാവരും *ശരീരത്തിൽ* മരിക്കും.

ഇത് ശാരീരിക മരണത്തെയല്ല, *ആത്മീക* മരണത്തെയാണ് പഠിപ്പിക്കുന്നതെന്നവരുടെ വാദത്തെക്കുറിച്ചും നമുക്കു ചിന്തിക്കാം. ഈ വ്യാഖ്യാനത്തിന് രണ്ടു പ്രധാന ശാക്തീകരണമുണ്ട്:

1. ഈ ഭാഗം ആരംഭിക്കുന്നത് ''അതുകൊണ്ട്'' എന്നുപറഞ്ഞാണ്, അത് പൗലൊസ് മുൻപറഞ്ഞ കാര്യങ്ങളുടെ തുടർച്ചയെന്നോണമാണ്, അത് ആത്മീകമായ കാര്യങ്ങളായിരുന്നു. അല്ലാതെ ശാരീരികമായതിനെക്കുറിച്ചായിരുന്നില്ല. അതാണ് ഈ ഭാഗത്തിന് കൂടുതൽ യോജ്യമായിട്ടുള്ളത്.

2. ''എല്ലാവരും പാപം ചെയ്തു'' (5:12) എന്നത് 3:23 പറഞ്ഞിരിക്കുന്ന കാര്യവുമായിട്ടാണ്. നീതീകരണം (5:18) എന്ന കാര്യം മുൻപറഞ്ഞ നാലിൽ പരം അദ്ധ്യായങ്ങളുടെ തുടർച്ചകൂടെയാണ്. (റോമാ ലേഖത്തിൽ പൗലോസ് ഉപയോഗിച്ചിരിക്കുന്ന ചില താക്കോൽ വാക്യങ്ങൾ വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത അർത്ഥങ്ങളിലാണ് മനസ്സിലാക്കേണ്ടതെങ്കിലും പൊതുവായ അർത്ഥമെടുക്കുകയെന്നതാണ് അതിന്റെ നിയമം).

ആത്മീകവും ശാരീരികവുമായ മരണത്തെയാണിത് സൂചിപ്പിക്കുന്നതെന്ന

വാദക്കാരുടെ ഭാഗവും ഞാൻ വായിച്ചിട്ടുണ്ട്. പൗലോസ് ആ കാര്യങ്ങളാണ് ഇവിടെ വിവരിച്ചിരിക്കുന്നതെന്നവർ വാദിക്കുമ്പോൾ ആദാമിന്റെ പാപത്തിന്റെ ഓരോ പരിണിതഫലങ്ങളും മരണത്തിൽ കൊണ്ടെത്തിക്കുമെന്നവർ പറയുന്നു. ഡൺ എഴുതിയത്. "യഹൂദന്മാരുടെ ഉപരിതല ചിന്തയായി കാണപ്പെടാത്ത ... ശാരീരികവും ആത്മീകവുമായ മരണത്തെ വേർതിരിക്കുവാൻ കഴിയാത്തതായിട്ടായിരുന്നു. അവർ വിവക്ഷിച്ചിരുന്നത്, മുഴു പ്രപഞ്ചവും തന്റെ സൃഷ്ടാവിൽ നിന്നകന്നിരിക്കുന്നുവെന്നതായിരുന്നു"[80] മോറീസ് പറഞ്ഞത് "ഈ രണ്ടു ഭാഗങ്ങളും (5:17, 21) മനസ്സിലാക്കുവാൻ സാധിക്കുന്നത് ഒരുപക്ഷേ രണ്ടു തരത്തിലുള്ള മരണത്തെ കുറിച്ചുതന്നെയായിരിക്കുമെന്നതാണ്. മനസ്സിലുണ്ടായ ഒരു മരണമാകാം ശാരീരിക മരണത്തെക്കാൾ കൂടുതൽ യോജ്യമായിരിക്കുന്നത്. അത് ആത്മീക മരണത്തിന്റെയും അടയാളവും ലക്ഷണവുമായി കണക്കാക്കാം".[81]

റോജർ ചൂണ്ടികാണിക്കുന്നത് റോമർക്ക് കത്തയച്ചപ്പോൾ യഥാർത്ഥ സ്വീകർത്താക്കൾ 5:12–21 വരെയുള്ള ഭാഗം ഉച്ചത്തിൽ *വായിച്ച*ശേഷം[82] ഒരു നിമിഷം മുൻഭാഗത്തെക്കുറിച്ച് അല്പസമയം ചിന്തിച്ചിട്ടുണ്ടാകും. ആദാം മനുഷ്യവർഗ്ഗത്തിനുണ്ടാക്കി വെച്ച പ്രശ്നങ്ങൾ എന്തു തന്നെയായിരുന്നാലും ക്രിസ്തു അതെല്ലാം പരിഹരിച്ചു കഴിഞ്ഞു. എഡ്വാർഡ്സ് ഇതുപോലൊരു കാര്യം ചൂണ്ടിക്കാണിക്കുന്നു. അദ്ദേഹം അതിന്റെ സമാനചിത്രമാണ് ഈ ഭാഗത്തു മുഴുവനായിട്ടുള്ളതിൽ നിന്നും മനസ്സിലാക്കി തരുന്നത്. അതിന്റെ പൂർണ്ണ രൂപത്തിലല്ല. അദ്ദേഹം ഊന്നൽ നല്കുന്നത്. ഈ തരത്തിലുള്ളതും ഇതിനെതിരായിട്ടുള്ളതുമായ ആശയങ്ങളുടെ ചിത്രമാണ്.[83]

വാക്യം 12-ലെ "മരണം" സംബന്ധിച്ചുള്ള ഈ എല്ലാ നിലപാടുകളും എന്നിൽ മതിപ്പുളവാക്കിയിട്ടുണ്ട്. ഇത്തരം വീക്ഷണങ്ങൾ വെച്ചു പുലർത്തുന്ന ആരും, തിരുവചനത്തിലെ മറ്റ് ലളിതങ്ങളായ വചന ഭാഗങ്ങളെ ഉല്ലംഘിക്കുന്ന ആശയങ്ങൾ പഠിപ്പിക്കാത്തിടത്തോളം, അവയിലൊന്ന് തെറ്റാണ് എന്ന് ഉറപ്പോടെ എനിക്ക് പറയുന്നതിന് കഴിയില്ല. ഓരോ സമീപനത്തിലും ശക്തിയും അതിന്റേതായ ദുർബലതയും ഉണ്ട്. ഏത് നിലപാട് സ്വീകരിച്ചാലും, അതിജീവിക്കേണ്ടി വരുന്ന വൈഷമ്യങ്ങളാണിവ.

വചനഭാഗം വിശകലനം ചെയ്യപ്പെടുന്നു. താൻ പറയാനുദ്ദേശിക്കുന്ന ദൈവീക സത്യങ്ങൾ, വളച്ചൊടിക്കാതെ നേരെ അവതരിപ്പിക്കുന്നതിനായിരിക്കും പൗലൊസ് ഒരുപക്ഷേ ഉദ്ദേശിച്ചിട്ടുണ്ടാകുക: ആദാമിൽ നമുക്ക് നഷ്ടപ്പെട്ടതിനേക്കാളധികം നമുക്ക് ക്രിസ്തുവിൽ വീണ്ടെടുക്കപ്പെട്ടു. ഇത് പ്രധാനപ്പെട്ട ഒരു ചിന്തയാണ്, ഉദാത്തമായ ഒന്ന്; എന്നാൽ യാതൊരു ചിന്താക്കുഴപ്പത്തിനുമിടയില്ലാതെ, നേരിട്ട് നമ്മോട് ആശയം പങ്കിടുന്ന ഒന്ന്! എന്നാൽ തന്റെ വാക്കുകളെ സൂക്ഷ്മമായി, ഇഴ കീറി പരിശോധിച്ചുള്ള വ്യാഖ്യാനത്തിൽ, അദ്ദേഹം സംശയലേശമെന്യേ അൽഭുതപ്പെട്ടിട്ടുണ്ടാകുമായിരുന്നു. എങ്കിൽത്തന്നെയും, വചനഭാഗത്തെ പരിശോധിക്കുന്നതിന് നാം കടപ്പെട്ടവരാണ്. പേജുകൾ 335–51-ൽ നാം പരമാവധി ചെയ്തു കഴിഞ്ഞു.

*സമാപനം.* ആദാമിന്റെ പാപത്തിന്റെ ഫലങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനിടയിൽ, ഈ ചോദ്യം ചോദിക്കപ്പെട്ടു. "ആദാം പാപം ചെയ്തില്ലായിരുന്നുവെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു?" ഈ ചോദ്യത്തിന്റെ ഒരു വശം, ആദാം പാപം ചെയ്തില്ലായിരുന്നുവെങ്കിൽ ആദാമിന് എന്ത് സംഭവിക്കുമായിരുന്നു എന്നതാണ്. ഇത്തരത്തിലൊരു സാഹചര്യത്തെക്കുറിച്ച് നൂറ്റാണ്ടുക

ളായി ചർച്ചകൾ നടന്നിട്ടുണ്ട്. പ്രചാരം നേടിയിട്ടുള്ള ഒരു അഭിപ്രായം, ഏലിയാവിനെപ്പോലെയും ഹാനോക്കിനെപ്പോലെയും ആദാം മരണം കാണാതെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുമായിരുന്നുവെന്നതാണ്. എങ്കിലും, ഭൂരിഭാഗം ആളുകൾക്കും ഈ ചോദ്യത്തിന്റെ മറ്റൊരു വശമാണ് കൂടുതൽ താൽപര്യജനകം: "ആദാം പാപം ചെയ്തില്ലായിരുന്നുവെങ്കിൽ, ലോകം ഇന്നത്തെ സ്ഥിതിയിലായിത്തീരുമായിരുന്നുവോ?" പൊതുവേ എല്ലാ "അങ്ങനെയായിരുന്നുവെങ്കിലോ" ചോദ്യങ്ങളെപ്പോലെ തന്നെ, ഈ ചോദ്യവും ഉത്തരം നൽകുന്നതിന് അസാദ്ധ്യമാണ്. ആദാം പാപം *ചെയ്തു*വെന്നത് തന്നെ കാരണം. ഞാൻ എപ്പോഴും ഇങ്ങനെ അനുമാനിക്കാറുണ്ട്: ആദാമും അവന്റെ സന്തതികളും ആ സന്തതികളുടെ സന്തതികളും പാപം ചെയ്യുകയും ലോകത്തിലേക്ക് പാപം പ്രവേശിക്കുകയും ചെയ്തില്ലായിരുന്നുവെങ്കിലും, ഒടുവിൽ ആ വംശം എന്നിലെത്തിച്ചേരുമ്പോൾ, ഞാൻ പാപം ചെയ്യുകയും ആത്യന്തികമായി ഫലം ഒരേ പോലായിത്തീരുകയും ചെയ്യുമായിരുന്നു.

എന്റെ ഉദ്ദേശ്യം ആദാമിന്റെ നേരെ വിരൽ ചൂണ്ടി, "പാപം ചെയ്യുകയും ലോകത്തിലേക്ക് എല്ലാ പ്രശ്നങ്ങളും കൊണ്ടു വരികയും ചെയ്തതിൽ നിങ്ങൾ ലജ്ജിക്കണം" എന്ന് പറയുകയും അല്ല. നാം എല്ലാവരും ആദാമിന്റെ ചുവടു കളിലൂടെ തന്നെയാണ് നടന്നിട്ടുള്ളത് എന്നതാണ് യാഥാർത്ഥ്യം. നാം എല്ലാ വരും പാപം ചെയ്ത് ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു (3:23). ഫലം ശാരീരികമായ മരണത്തേക്കാൾ ഏറെ ഭയാനകമാണ്: നാം ആത്മീകമായി മരിക്കുകയും (6:23) നമ്മുടെ ആത്മാക്കളെ "രണ്ടാമത്തെ മരണമായ തീപ്പൊയ്ക"യിലേക്ക് (വെളി. 20:14) എത്തിക്കുന്നതിനുള്ള അപകടസ്ഥിതിയിലെത്തിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. ഇത് നമ്മെ നമ്മുടെ ഏക പ്രത്യാശയായ യേശുക്രിസ്തുവിലേക്ക് നയിക്കുന്നു. "ഏക മനുഷ്യനാൽ (ആദാം) പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു" (5:12). എന്നാൽ മറ്റൊരു മനുഷ്യനാൽ കൃപ ലോകത്തിലേക്ക് എത്തി. നിങ്ങൾക്ക് ആദാമിന്റെ ഉദാ ഹരണം പിന്തുടരുന്നത് തുടരാം, അല്ലെങ്കിൽ ഇന്ന് യേശുവിനെ അനുഗമി ക്കുന്നതിന് നിങ്ങൾക്ക് തീരുമാനിക്കാം. നിങ്ങൾ ഏത് തിരഞ്ഞെടുക്കും?

## വചന ഭാഗത്തോടുള്ള വ്യത്യസ്തങ്ങളായ സമീപനങ്ങൾ (5:12-21)

ഒരു പാഠത്തിൽ തന്നെ 5:12-21 അവതരിപ്പിക്കുന്നതിന് നിരവധി മാർഗ്ഗങ്ങ ളുണ്ട്. *രണ്ട് നഗരങ്ങളുടെ കഥ* എന്ന ക്ലാസിക് ഗ്രന്ഥത്തിന്റെ ചുവടു പിടിച്ച്, ചാൾസ് ആൽ. സ്വിൻഡോൾ "രണ്ട് പുരുഷൻമാരുടെ കഥ" എന്നൊരു ആശയം ഉപയോഗിച്ചിട്ടുണ്ട്.[84] നമ്മുടെ വചന ഭാഗത്തിന്റെ പഠനത്തിന്, വില്യം ബാർക്ലേ "തകർച്ചയും രക്ഷിക്കലും" എന്ന ശീർഷകം നൽകിയിട്ടുണ്ട്. നാമെല്ലാം "പാപത്താൽ തകർക്കപ്പെട്ട"വരായിരുന്നുവെങ്കിലും "ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടു" എന്ന ആശയത്തിനാണ് അദ്ദേഹം ഊന്നൽ നൽകിയത്.[85] നിരവധി എഴുത്തുകാർ, ജോൺ മിൽട്ടന്റെ ലോക പ്രശസ്ത ക്ലാസിക് ഗ്രന്ഥത്തിന്റെ ശീർഷകം കടമെടുത്തു കൊണ്ട്, "നഷ്ട സ്വർഗ്ഗം – വീണ്ടെടുക്കപ്പെട്ടതും" എന്ന് ഈ പാഠ്യ ഭാഗത്തെ വിളിച്ചിട്ടുണ്ട്. "വാഴൽ", "വീണ്ടെടുക്കപ്പെടൽ" എന്നീ വാക്കുകൾ നമ്മുടെ വചന ഭാഗത്തിൽ നിരവധി തവണ ഉപയോഗിച്ചിട്ടുണ്ടെന്നതിനാൽ (5:14, 17, 21), ഡി. സ്റ്റുവർട്ട് ബ്രിസ്കോ, തന്റെ കമന്റുകൾക്ക് "നാല് സർവ്വാധിപതികൾ" എന്ന ശീർഷകമാണ് നൽകിയത്.[86] ഈ വചന ഭാഗത്തിന്റെ "കുറെക്കൂടി അധികം" നൽകുന്ന

ഭാഗങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനം നിങ്ങൾക്ക് അടുത്ത് പഠിക്കാവുന്നതാണ് (5:15, 17; കാണുക 5:20).[87]

## സുവ്യക്ത സത്യങ്ങൾ (5:12-21)

റോമർ 5:12–21-ന്റെ ശ്രദ്ധാപൂർണ്ണമായ പഠനത്തിന് ശേഷവും, അതിന്റെ നിരവധി വിശദാംശങ്ങളെക്കുറിച്ച് നമുക്ക് നിരവധി ചോദ്യങ്ങൾ ഉണ്ടായേക്കാം. എങ്കിലും നാം കാണാതെ പോകരുത് എന്ന് ദൈവം ആഗ്രഹിക്കുന്ന നിരവധി സത്യങ്ങൾ ഈ വചന ഭാഗത്ത് അവതരിപ്പിക്കപ്പെട്ടിരിക്കുന്നു - നേരിട്ട് പ്രസ്താവിച്ചിരിക്കുന്നുവെങ്കിലും പരോക്ഷമായി അർത്ഥമാക്കിയിരിക്കുന്നുവെങ്കിലും. ഇവയിൽ ചിലവ നമുക്ക് പരിശോധിക്കാം.

*"ഏകം" പ്രധാനപ്പെട്ടതാണ്.* വ്യക്തികളെന്ന നിലയിൽ, നാം "ഒരാൾ മാത്രമാണ്" എന്നും അതിനാൽ അപ്രധാനപ്പെട്ടവരാണ് എന്നും ചിലപ്പോൾ ചിന്തിക്കാറുണ്ട്. ഈ വചനത്തിന്റെ സൂക്ഷ്മ പഠനം, "ഒന്ന്" എന്ന സംഖ്യയുടെ പ്രാധാന്യം നമ്മെ കാണിക്കും. ഒരു മനുഷ്യനിലൂടെ തകർച്ച ലോകത്തിലേക്ക് വന്നു; ഒരു മനുഷ്യൻ ലോകത്തെ രക്ഷിക്കുന്നതിനായി എത്തി. ഒരു ജീവിതത്തിന്റെ ശക്തി നാം ഒരിക്കലും പ്രാധാന്യം കുറച്ച് കാണരുത്; പ്രത്യേകിച്ചും കർത്താവിനായി സമർപ്പിക്കപ്പെട്ട ഒരു ജീവിതം. എഡ്വേർഡ് ഹേൽ ഒരിക്കൽ ഇങ്ങനെ എഴുതി,

> ഞാൻ ഒരാൾ മാത്രമാണ്, എന്നാൽ ഞാൻ ഒന്നാണ്.
> എനിക്കെല്ലാം ചെയ്യാൻ കഴിയില്ല,
> എന്നാൽ എനിക്ക് ചിലവ ചെയ്യുവാൻ കഴിയും.
> എനിക്ക് ചെയ്യാൻ കഴിയുന്നവ ഞാൻ ചെയ്തേ മതിയാകൂ,
> ഞാൻ ചെയ്യേണ്ടിയവ, ദൈവ കൃപയാൽ ഞാൻ ചെയ്യും.[88]

*പാപം ഭയാനകമാണ്.* ഇന്ന് സമൂഹത്തിലെ നിരവധി വിഭാഗങ്ങളിൽ, പാപത്തെക്കുറിച്ചുള്ള യാഥാർത്ഥ്യം ഗൗരവം കുറച്ചു കാണപ്പെടുന്നു. ചിലർ പാപം ഒരു യാഥാർത്ഥ്യമാണ് എന്നത് നിഷേധിക്കുന്നു. മറ്റു ചിലരാകെ," "പാപം" എന്ന് വേദപുസ്തകം വിളിക്കുന്നത്, അത്ര തെറ്റായ കാര്യങ്ങളല്ല എന്ന് ശഠിക്കുന്നു. ഇതിന് വിരുദ്ധമായി, നാം ആദാമിന്റെ പാപത്തെക്കുറിച്ചും അതിന്റെ പരിണിത ഫലങ്ങളെക്കുറിച്ചും നോക്കുമ്പോൾ, പാപം എന്നത് തികച്ചും യാഥാർത്ഥ്യമാണെന്നും അത് ഘോരവും അതിന്റെ പരിണാമം, അതിഭയാനകമാണെന്നും നാം മനസ്സിലാക്കുന്നു. ആദാം പാപം ചെയ്യുകയും മരണം ലോകത്തിലേക്ക് പ്രവേശിക്കുകയും ചെയ്തപ്പോൾ, ലോകത്തിന്റെ ഭൂവിഭാഗങ്ങളിലങ്ങോളമിങ്ങോളം "ചരിത്രത്തിലെ ഏറ്റവും നീണ്ടതും ഇരുണ്ടതുമായ നിഴൽ വീഴ്ത്തപ്പെട്ടു!"[89]

*കൃപ അത്ഭുതാവഹമാണ്.* മനുഷ്യരാശിയെ സഹായിക്കേണ്ട യാതൊരു ബാദ്ധ്യതയും ദൈവത്തിനില്ലായിരുന്നു. എങ്കിലും, അവിടുന്ന് തന്റെ ഒരിക്കലും നിലയ്ക്കാത്ത കൃപ നമുക്ക് മേൽ ചൊരിഞ്ഞു (യോഹ. 3:16). "പാപം പെരുകിയിടത്ത്, കൃപ അത്യന്തം വർദ്ധിച്ചു" എന്ന് പൗലൊസ് എഴുതി (5:20). പരദേശി മോക്ഷയാത്രയുടെ കർത്താവായ ജോൺ ബനിയൻ (1628–1688), തന്റെ ആത്മകഥയ്ക്ക് നൽകിയ ശീർഷകം അടിസ്ഥാനമാക്കിയത് റോമർ 5:20 ആയിരുന്നു: *കൃപ പെരുകിയപ്പോൾ.*[90]

*ക്രൂശ് അനിവാര്യമാണ്.* ആദാമിന്റെ പാപം ഉളവാക്കിയ ന്യായവിധി മായിച്ചു കളയുന്നതിനായി ക്രിസ്തു വന്നില്ലായിരുന്നുവെങ്കിൽ, അത് എത്രയധികം ശോക പര്യവസായി ആയിരിക്കുമായിരുന്നു എന്ന് നമുക്ക് വാക്കുകളിൽ പ്രകടിപ്പിക്കു ന്നതിന് കഴിയില്ല. എന്നാൽ യേശു വന്നു, ഒരു ക്രൂശിൽ നമ്മുടെ പാപ പരിഹാര മായിത്തീർന്നു! രണ്ടാം ലോക മഹായുദ്ധത്തിന്റെ സമാപന കാലയളവിൽ, വിൻസ്റ്റൺ ചർച്ചിൽ റോയൽ എയർഫോഴ്സിന് അവിസ്മരണീയമായ ഈ വാക്കുകളിലൂടെ കൃതജ്ഞതയർപ്പിച്ചു: "ഒരു പിടിയാളുകളോട് ഇത്രയേറെ ആളുകൾ, ഇത്രയേറെ കടപ്പെട്ടിരിക്കുന്ന ഒരു അവസരം ഇതേവരെയുണ്ടാ യിട്ടില്ല." ക്രൂശിലെ ക്രിസ്തുവിനെ നോക്കുമ്പോൾ, നാം ഇങ്ങനെ പ്രഖ്യാ പിക്കേണ്ടതാണ്, "ഒരു വ്യക്തിയോടായി ഇത്രയേറെ ആളുകൾ, ഇത്രയേറെ കടപ്പെട്ടിരിക്കുന്ന ഒരു അവസരം ഇതേ വരെയുണ്ടായിട്ടില്ല!"[91]

*മരണം അനിവാര്യമാണ്.* ആദ്യ പാപത്തിന്റെ ഒരു ഫലം, "മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" വെന്നതാണ് (5:12). "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു" (എബ്രാ. 9:27). നമ്മിൽ പലരും മരണത്തെക്കുറിച്ച് ചിന്തിക്കുന്നതിനുപോലും ഇഷ്ടപ്പെടു ന്നില്ല; എന്നാൽ മരണം അനിവാര്യമാണെന്നതാണല്ലോ യാഥാർത്ഥ്യം – ഒപ്പം അതേത്തുടർന്ന് ന്യായവിധിയും ഉറപ്പാണ്. വിവേകപൂർണ്ണനായ ഒരു വ്യക്തി, ജീവിതത്തിനായി മാത്രമല്ല, മരണത്തിനായും തയ്യാറെടുക്കുന്നു.

*ഉയിർത്തെഴുന്നേൽപ്പ് സുനിശ്ചിതമാണ്.* ആദാമ്യ പാപത്തിന്റെ ഫലങ്ങൾ മായ്ച്ചു കളഞ്ഞ്, സ്ഥിതിഗതികളെ പൂർവ്വസ്ഥിതിയിലാക്കിത്തീർക്കുന്നതിന് വേണ്ടിയാണ് ക്രിസ്തു ഭൂമിയിലേക്ക് എത്തിയത്. ആദാമ്യ പാപം മൂലം, ഓരോ മനുഷ്യനും ശാരീരികമായ മരണം സംഭവിക്കുന്നു. എന്നാൽ, ക്രിസ്തുവ ിലൂടെ, എല്ലാവരും ഒരിക്കൽ ഉയിർത്തെഴുന്നേൽക്കും. യേശുക്രിസ്തു മടങ്ങി വരുമ്പോൾ, "കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു" (യോഹ. 5: 28, 29).

*ഉത്തരവാദിത്വം വ്യക്തിപരമാണ്.* നാം ഓരോരുത്തരും നമ്മുടെ ഭാവിയ്ക്ക് നാം ഉത്തരവാദികളാണ്. ആദാമ്യ പാപം മൂലം, നാം ശാരീരികമ ായി മരിക്കു മെങ്കിലും ദൈവത്തിന്റെ കൃപ മൂലം നാം ഒരിക്കൽ ശാരീരികമ ായി ജീവിക്കും. എങ്കിലും, നമ്മുടെ പാപങ്ങൾ മൂലമാണ് നാം ആത്മീകമായി മരിക്കുന്നത്; യേശു കർത്താവിന്റെ ക്രൂശിലെ ബലിദാനത്തിലുള്ള നമ്മുടെ വിശ്വാസത്തിലൂടെയാണ് നമുക്ക് നിത്യമായി ജീവിക്കുവാൻ കഴിയുക.[92] നമ്മുടെ ശരീരം സംബന്ധിച്ച് നമുക്ക് തിരഞ്ഞെടുക്കുന്നതിന് അവസരമില്ലെങ്കിലും, നമ്മുടെ വിശ്വാസം സംബന്ധിച്ച് നമുക്ക് തിരഞ്ഞെടുക്കുന്നതിന് അവസ രമുണ്ട്. രക്ഷ എല്ലാവർക്കു മുള്ളതാണെങ്കിൽ എന്തുകൊണ്ട് എല്ലാവരും രക്ഷിക്കപ്പെടുന്നില്ല എന്ന് ഒരിക്കൽ പ്രായം ചെന്ന ഒരു സുവിശേഷ പ്ര സംഗകനോട് ആരോ ചോദിച്ചു. ആ വയോധികന്റെ മറുപടി ഇങ്ങനെയായിരുന്നു: "ആയിരക്കണക്കിന് വർഷങ്ങളായി, മഞ്ഞു പുതച്ച പർവ്വത നിരകളിൽ നിന്ന് കണ്ണാടി പോലെ നിർമ്മലമായ വെള്ളം പ്രവഹിച്ചു കൊണ്ടിരുന്നിട്ടും, വൃത്തിഹീന രായ മനുഷ്യർ നമുക്ക് ചുറ്റുമുള്ളത്?"[93] ചിലർ ശരീരം വൃത്തിയാക്കുന്നതിന് വിസമ്മതിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. അതേ പോലെ, ദൈവത്തിന്റെ സമ്മാനമായ യേശുവിനെ ചില വ്യക്തികൾ രണ്ടും കൈയ്യും നീട്ടി, ഹൃദയം തുറന്ന് സ്വീകരിക്കുന്നു.

*ഒരു തീരുമാനമെടുക്കുന്നതിൽ നിന്ന് രക്ഷപെടുന്നതിന് അസാദ്ധ്യമാണ്.* എഡ്വേർഡ്സ് എഴുതി, ‘‘തിരഞ്ഞെടുപ്പിന്റെ നാൽക്കവലയിൽ നിൽക്കുകയെന്ന താണ് മനുഷ്യനായിത്തീരുകയെന്നത്.’’[94] നമുക്ക് നമ്മുടെ പാപത്തിൽ തന്നെ തുടരുകയും നമ്മെത്തന്നെ നശിപ്പിച്ചു കളയുന്ന അതിന്റെ പരിണിത ഫലങ്ങൾക്ക് ഇരയായിത്തീരുകയും ചെയ്യാം, അല്ലെങ്കിൽ നമുക്ക് യേശുവിൽ വിശ്വസിക്കു കയും അവിടുത്തെ നമ്മുടെ ജീവിതത്തിന്റെ രാജാവായി വാഴിക്കുകയും ചെയ്യാം. ക്രിസ്തുവിനെ അനുസരിക്കുകയെന്നാൽ, പാപക്ഷമ പ്രാപിക്കുകയും ദൈവം നമു ക്കായി ഒരുക്കിയിരിക്കുന്ന അനുഗ്രഹങ്ങൾ സ്വീകരിക്കുകയും ചെയ്യുകയെന്ന താണ്. ചിലർ കരുതുന്നത് അവർക്ക് ഒരു തീരുമാനമെടുക്കുന്നതിന് വിസമ്മതിക്കു കയോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ പക്ഷം അത് നീട്ടി വെക്കുകയോ ചെയ്യാമെന്നാണ്. എന്നാൽ, ക്രിസ്തുവിന് വേണ്ടി ഒരു തീരുമാനമെടുക്കുന്നതിന് ഓരോ പ്രാവശ്യവും അവർ പരാജയപ്പെടുമ്പോൾ, അവർ ക്രിസ്തുവിന് എതിരായി ഒരു നിർണ്ണയമെടുക്കുകയാണ് (കാണുക ലൂക്കൊസ് 11:23). ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപ്, യോശുവ ഈ വെല്ലുവിളി മുൻപിൽ വെച്ചു: ‘‘യഹോവയെ സേവിക്കുന്നതു നന്നല്ലെന്നു നിങ്ങൾക്കു തോന്നുന്നെങ്കിൽ ... ആരെ സേവിക്കും എന്നു ഇന്നു തിരഞ്ഞെടുത്തുകൊൾവിൻ. ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും.’’ (യോശുവ 24:15).

*സമാപനം.* റോമർ 5:12–21 നമ്മെ പഠിപ്പിക്കുന്നത്, ആദാമിലൂടെ മനുഷ്യ രാശിയിലേക്ക് എത്തിയ പ്രശ്നങ്ങളുടെ - അതിലുമേറെയുള്ളവയുടെയും - നിവാരണം ക്രിസ്തു നൽകി. ഇത് ദൈവശാസ്ത്രപരമായ വെറുമൊരു പ്രസ്താവന മാത്രമാണോ? അല്ല, ഇത് പ്രായോഗികവും വ്യക്തിപരവുമായ ഒരു സത്യമാണ്. ഈ വചനഭാഗം ആദാമിന്റെയും ക്രിസ്തുവിന്റെയും കഥ മാത്രമാണ് എന്ന് നാം ധരിക്കരുത്; ഇത് നമ്മുടെ കഥ കൂടിയാണ്.

പരിശുദ്ധാത്മാവ് ഈ വചന ഭാഗം ഉൾപ്പെടുത്തിയത്, ഉത്തരം കണ്ടെത്തുന്നതിനുള്ള ഒരു പ്രഹേളിക പോലെയല്ല, മറിച്ച് നാം ഉൾക്കൊള്ളേണ്ട സത്യങ്ങളുടെ ഒരു ചിത്രണം പോലെയാണ്. ഒരു സത്യം, ആദാമിന്റെ പാപം മൂലം നാം പ്രതിദിനം ദുരിതമനുഭവിക്കേണ്ടി വരുന്നുവെന്നും ആ പാപം മൂലം ഒരിക്കൽ നമുക്ക് ശാരീരിക മരണത്തെ അഭിമുഖീകരിക്കേണ്ടി വരുമെന്നുമുള്ളതുമാണ്. മറ്റൊരു സത്യം, നമ്മുടെ വ്യക്തിപരമായ പാപം മൂലം, നമുക്ക് ഇവിടെ ഈ ഭൂമുഖത്തു വെച്ചു തന്നെയും പിന്നീട് നിത്യതയിലുടനീളവും ദൈവത്തിൽ നിന്ന് അകന്നു പോകാം. കൂടുതൽ ആവേശം പകരുന്ന മറ്റൊരു സത്യം, യേശു ക്രിസ്തു എത്തിയത് ആദാമി ന്റെയും നമ്മുടെയും പാപങ്ങളുടെ ശിക്ഷ മാറ്റിയെഴു തുവാനാണ്. യേശു നമുക്ക് വേണ്ടി മരിക്കുകയും അവിടുത്തെ നാമത്തിൽ വിശ്വസിക്കുകയും അവിടുത്തെ ഇച്ഛ (6:3–6) അനുസരിക്കുകയും ചെയ്യുന്നതിന് യേശു ആഗ്രഹിക്കുകയും ചെയ്യുന്നു. റോമാ ലേഖനത്തിലെ ഈ ഭാഗം നമ്മുടെ മനസ്സുകളെ ആകർഷിച്ചിട്ടുണ്ടാകാം എന്നാൽ ഇപ്പോൾ അത് നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളെ സ്പർശിക്കുകയും നമ്മുടെ ഇച്ഛകളെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യട്ടെ!

---

കുറിപ്പുകൾ

[1]William Barclay, *The Letter to the Romans*, rev. ed., The Daily Study Bible (Philadelphia:

Westminster Press, 1975), 72. [2]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 43. [3]Larry Deason, *"The Righteousness of God": An In-depth Study of Romans*, rev. ed. (Clifton Park, N.Y.: Life Communications, 1989), 134. [4]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 875. [5]Ibid., 876. [6]Leon Morris, *The Epistle of the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 219. [7]John Newton, "Amazing Grace," *Songs of Faith and Praise*, comp. and ed. Alton H. Howard (West Monroe, La.: Howard Publishing Co., 1994). [8]William Barclay, *New Testament Words* (Philadelphia: Westminster Press, 1974), 76. [9]Bauer, 457. [10]Ibid.

[11]Barclay, *Romans*, 73. [12]Ibid. [13]Morris, 220, n. 11. [14]Adapted from Jim Townsend, *Romans: Let Justice Roll Down* (Elgin, Ill.: David C. Cook Publishing Co., 1988), 37. [15]James D. G. Dunn, *Romans 1—8*, Word Biblical Commentary, vol. 38A (Dallas: Word Books, 1986), 253. [16]As this text talks about the blessings of justification, it mentions the work of the entire Godhead: the Father, the Son, and the Holy Spirit. [17]J. W. McGarvey and Philip Y. Pendleton, *Thessalonians, Corinthians, Galatians and Romans*, The Standard Bible Commentary (Cincinnati: Standard Publishing, n.d.), 331. [18]James Burton Coffman, *Commentary on Romans* (Austin, Tex.: Firm Foundation Publishing House, 1973), 197. [19]James R. Edwards, *Romans*, New International Biblical Commentary (Peabody, Mass.: Hendrickson Publishers, 1992), 139. [20]Richard Batey, *The Letter of Paul to the Romans*, The Living Word Commentary (Austin, Tex.: R. B. Sweet Co., 1969), 67–68.

[21]The original saying "God helps them that help themselves" traces back to *Poor Richard's Almanac* (June 1736). (John Bartlett, *Familiar Quotations*, 15th ed., rev. and enl., ed. Emily Morison Beck [Boston: Little, Brown and Co., 1980], 347.) [22]G. Delling, "*kairós*," in *Theological Dictionary of the New Testament*, ed. Gerhard Kittel and Gerhard Friedrich, trans. and abr. Geoffrey W. Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 389. Another word for "time" (χρόνος, *chronos,* used in words like "chronology"), has to do with a period of time. [23]See the discussion of these points in Jimmy Allen, *Survey of Romans*, 7th ed. (Searcy, Ark.: By the author, 1994), 63. [24]Morris, 222. [25]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 144. [26]Morris, 225. [27]C. S. Lewis, *The Problem of Pain* (Oxford: N.p., 1940; reprint, New York: Macmillan Publishing Co., 1962), 91. Lewis was an Oxford University agnostic who became a believer in God. [28]Morris, 224. [29]Stott, 144. [30]Bauer, 521.

[31]J. D. Thomas, *Romans*, The Living Word (Austin, Tex.: R. B. Sweet Co., 1965), 38. [32]For background on these verses, see pages 356–67. [33]Ibid., 40. [34]Moses E. Lard, *Commentary on Paul's Letter to Romans* (Lexington, Ky.: N.p., 1875; reprint, Delight, Ark.: Gospel Light Publishing Co., n.d.), 162. [35]Richard Rogers, *Paid in Full: A Commentary on Romans* (Lubbock, Tex.: Sunset Institute Press, 2002), 83. [36]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 181. [37]This can be seen in the NASB, where words in italics have been added by the translators. In verse 16, the following words have been added for the verse to make sense: "that which came," "arose," "transgression," and "arose." [38]Stott, 149. [39]Jim McGuiggan, *The Book of Romans*, Looking Into The Bible Series (Lubbock, Tex.: Montex Publishing Co., 1982), 178. [40]Deason, 142.

[41]Chrysostom *Homilies on Romans* 10. [42]Unlike some skeptics of today, Paul believed the story of Adam and the fall in Genesis to be historically accurate. [43]Those who believe that "death" in our text refers *only* to physical death point out that Paul's emphasis was on the effect that *one* sin (the sin of Adam) had on the world. They suggest that, when Adam sinned, it was *as though* all his descendants had sinned. Inspired writers sometimes used this kind of reasoning. (See Hebrews 7:9, 10, where the writer said that Levi paid tithes to Melchizedek long before he was born—because Levi's great-grandfather Abraham had paid tithes to Melchizedek.) [44]As in Romans 3:23, it is understood that Paul had in mind *responsible* individuals. [45]If "death" is taken to be physical death throughout our text, Paul's point in verse 13 may have been as follows: If physical death were a penalty for *personal* sin, no one would have died before the law of Moses was given. [46]"Offense" is from the word παράβασις (*parabasis*). See comments on 4:15. [47]God had decreed that murderers should be executed (Gen. 9:6), "but there was no general law involving all in the death penalty"

(McGarvey and Pendleton, 335). [48]F. F. Bruce, *The Letter of Paul to the Romans*, 2d ed., The Tyndale New Testament Commentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 124. [49]Bauer, 1019. [50]Ibid., 770.

[51]McGarvey and Pendleton, 336. [52]The word for "gift," δώρημα (*dōrēma*), is related to *dōrea* in verse 15. The term adds to the number of words Paul used to convey God's "gift." [53]In the "physical-death-only" view, "condemnation" refers solely to being condemned to die physically. [54]As noted earlier, one exception was Enoch (Gen. 5:24). Another was Elijah (2 Kings 2:11). Also, those alive when Christ returns will not die physically. [55]Lard, 167. [56] Some "physical-death-only" advocates insist that "justification" here refers only to the reversal of the sentence of physical death. [57]McGarvey and Pendleton, 338. [58]Those who take the "physical-death-only" approach would interpret "condemnation" passed on "to all men" through Adam's sin as the sentence of physical death. The "justification of life" would primarily refer to Jesus' reversing that sentence by raising everyone from the dead (Jn. 5:28, 29). [59]Bruce Barton, David Veerman, and Neil Wilson, *Romans*, Life Application Bible Commentary (Wheaton, Ill.: Tyndale House Publishers, 1992), 110. [60]J. D. Thomas, Class Notes, *Romans*, Abilene Christian College (1955).

[61]No definite article ("the" in English) appears before the word for "law" (νόμος, *nomos*) in the Greek text. Nevertheless, the context indicates that Paul was speaking about the law of Moses. [62]Morris, 241. [63]Bruce, 121. [64]Stott, 139. [65]Adapted from Paul Lee Tan, *Encyclopedia of 7,700 Illustrations* (Rockville, Md.: Assurance Publishers, 1979), 1508. [66]Mary Ann Bird, "A Genius for Loving," *Guideposts* (January 1985): 29. [67]David Mowday, devotional talk presented at Eastside church of Christ, Midwest City, Oklahoma, 7 December 2003. [68]Charles H. Spurgeon, quoted in Joseph S. Excell, *The Biblical Illustrator* (Grand Rapids, Mich.: Baker Book House, 1973), 364. [69]Adapted from David F. Burgess, comp., *Encyclopedia of Sermon Illustrations* (St. Louis: Concordia Publishing House, 1988), 95. [70]Deason, 156.

[71]Quoted in Morris, 231. [72]According to Catholic doctrine, "Limbo" is also the place for the righteous who died before Jesus' sacrifice on the cross. (Charles G. Herbermann, et. al., eds., "Limbo," in *The Catholic Encyclopedia* [New York: Encyclopedia Press, 1913], 9:256–59.) [73]Psalm 58:3 implies that the wicked are liars from the womb, which is an impossibility if taken literally. Further, Psalm 22:9, 10 uses hyperbole to make the opposite point of Psalm 51:5. Both psalms are attributed to David. [74]Edwards, 147. [75]Moo, 189. [76]Edwards, 148. [77]Morris, 231. [78]Deason, 151. [79]Some believe that there was no physical death at all before Adam sinned. Both humans and animals were given plants to eat (Gen. 1:29, 30). It has been suggested that the first physical death occurred after Adam sinned, when animals were slain to make clothing for Adam and Eve (Gen. 3:21). [80]Dunn, 273.

[81]Morris, 230. [82]Rogers, 84. [83]Edwards, 146. [84]Charles R. Swindoll, *Coming to Terms with Sin: A Study of Romans 1—5* (Anaheim, Calif.: Insight for Living, 1999), 87–88. Swindoll called the two men "Man of Guilt" and "Man of Grace." [85]Barclay, *Romans*, 77, 82. [86]D. Stuart Briscoe, *Romans*, The Communicator's Commentary (Waco, Tex.: Word Books, 1982), 119. [87]See Coffman, 208. [88]Edward Everett Hale, "Lend a Hand," quoted in *742 Heart-Warming Poems*, comp. and ed. John R. Rice (Murfreesboro, Tenn.: Sword of the Lord Publishers, 1964), no. 314. [89]Jim Hylton, *Just Dying to Live* (Kalamazoo, Mich.: Master's Press, 1976), 46. [90]Edwards, 154.

[91]Adapted from Burgess, 176. [92]McGuiggan, 170. [93]Adapted from Coffman, 210. [94]Edwards, 151.